തോട്ടപ്പുഴശ്ശേരി
ഗ്രാമ പഞ്ചായത്ത്

വികസന രേഖ '96

തോട്ടപ്പുഴശ്ശേരി ഗ്രാമ പഞ്ചായത്ത്

ജനകീയ ആസൂത്രണം



തോട്ടപ്പുഴശ്ശേരി ഗ്രാമ പഞ്ചായത്ത്

എന്റെ ജീവിതമാണ്
എന്റെ സന്ദേശം.

ഉള്ളടക്കം

1. ആമുഖം
2. പൊതു വിവരണം
3. സാമൂഹിക സാംസ്കാരിക ചരിത്രം
4. ഭൂപ്രകൃതിയും വിഭവങ്ങളും
5. വികസന മേഖലകൾ
   - 5.1 കൃഷിയും ജലസേചനവും
   - 5.2 മൃഗസംരക്ഷണവും മത്സ്യബന്ധനവും
   - 5.3 വിദ്യാഭ്യാസം
   - 5.4 കുടിവെള്ളവും പൊതുജനാരോഗ്യവും
   - 5.5 വ്യവസായം
   - 5.6 ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
   - 5.7 ഭവന നിർമ്മാണവും സാമൂഹ്യക്ഷേമവും
   - 5.8 സംസ്ക്കാരം
   - 5.9 വനിതാക്ഷേമം
   - 5.10 സഹകരണ മേഖല
   - 5.11 പട്ടികജാതി / പട്ടിക വർഗ്ഗ ക്ഷേമം
   - 5.12 വിഭവ സമാഹരണം
6. ഭരണ ലക്ഷ്യം നാടിന്റെ നന്മമാത്രം

* * * * * *

Printing, Typesetting & Cover Design

Graphic Systems
Mallappally
✆ : 0473-682260

ഭ ര ണ സ മി തി



ജോയി പൊറോൺ
വൈസ് പ്രസിഡന്റ്



ജോസഫ് തോമസ്
പ്രസിഡന്റ്

ഡെയിസി ജോർജ്ജ്
സ്റ്റാൻഡിംഗ് കമ്മറ്റി ചെയർ പേഴ്സൺ



പി. കെ. ശശി



ഡി. അനിൽ കുമാർ



എം. വി. വർഗീസ്

കെ. ആർ. രത്നകുമാരി



പി. സി. തോമസ്

റോസമ്മ തോമസ്



ബിജു പരുവേലി
ബ്ലോക്ക് പഞ്ചായത്തു മെമ്പർ



പി. എം. മാത്യു
സെക്രട്ടറി

വികസന രേഖകൾ തയ്യാറാക്കിയ കോർ ഗ്രൂപ്പുകൾ

1. Biju Valiyakalayil
2. T.T. Easow
3. Dr. C.S. Abraham
4. Joy Tharamannil
5. Prof. N.P. Philip
6. V.C. Abraham
7. K. M. Zachariah
8. M.S. Thomas
9. C.S Thomas
10. P.V. Gopalakrishna Pillai
11. Rajan Varghese
12. T.T. Mathew
13. A.P. Abraham
14. K.K. Sankaranarayana Pillai
15. Adv. Thomas Mathew
16. C.J. George
17. Kasthuri Amma
18. Ponnamma Viswanathan
19. Abraham Mathew
20. Narayanaru
21. V.E Georgekutty
22. Sukumaran
23. Unnikrishnan
24. George Thomas
25. Raja Gopalan
26. Toji Mapurathu
27. V.A. Abraham
28. R.P. Nair

* * *

1

ആമുഖം

ആസൂത്രണ പ്രക്രിയയിൽ പുതിയ പന്ഥാവ് വെട്ടിത്തുറക്കുന്ന സംരംഭമാണ് സംസ്ഥാന സർക്കാരും ആസൂത്രണ ബോർഡും ചേർന്ന് നടപ്പാക്കിയ ജനകീയ ആസൂത്രണ പ്രസ്ഥാനം. ഓരോ പ്രദേശത്തിന്റെ ഭൂപ്രകൃതിയ്ക്കും സ്ഥല ജല വിഭവങ്ങൾക്കും ജനകീയാവശ്യങ്ങൾക്കും അനുസൃതം ജനപങ്കാളിത്തത്തോടെ താഴെത്തട്ടിൽ നിന്ന് പദ്ധതികൾ ആസൂത്രണം ചെയ്യാനായി ആവിഷ്ക്കരിച്ചിട്ടുള്ള ഈ കർമ്മപരിപാടി മുഴുവൻ ജനങ്ങളെ പങ്കെടുപ്പിച്ച് നടത്തുന്ന പ്രക്രിയയാണ്. അഞ്ചു ദശാബ്ദങ്ങളിലായി 8 പഞ്ചവത്സരപദ്ധതികൾ നടപ്പിലായെങ്കിലും കേരളത്തിന്റെ അഭിലാഷങ്ങൾ പൂർത്തീകരിക്കാനായില്ല. എട്ടു പദ്ധതികളിലും കേന്ദ്രത്തിൽ നിന്നു സംസ്ഥാനത്തിനു കൈമാറിയ തുകയിൽ 20 ശതമാനത്തിൽ താഴെ മാത്രമേ നമുക്കു പ്രയോജനപ്പെട്ടിട്ടുള്ളു.

ആ പദ്ധതികളിൽ ചിലവഴിച്ച കോടിക്കണക്കിനു രൂപയുടെ പ്രയോജനം യഥാർത്ഥ ഗുണഭോക്താവിന് ലഭിച്ചിട്ടില്ല. ഇതിനു കാരണം സമ്പത്തിന്റെയും അധികാരത്തിന്റെയും കേന്ദ്രീകൃത സ്വഭാവവും ഉദ്യോഗസ്ഥ മേധാവിത്വവും അഴിമതിയുമാണ്. ഇതിനൊരു പരിഹാരം എന്ന നിലയിലാണ് ഒൻപതാം പദ്ധതി ജനകീയപദ്ധതിയാക്കി മാറ്റാൻ കേരള സർക്കാർ തീരുമാനിച്ചത്.

നാടിന്റെ വികസനത്തിൽ ജനപങ്കാളിത്തം ഉറപ്പാക്കുന്ന സംസ്ഥാന സർക്കാരിന്റെ ലക്ഷ്യത്തിനു തുരങ്കം വെച്ച് പഞ്ചായത്തിലെ ജനങ്ങളെ ദ്രോഹിക്കുന്ന ഉദ്യോഗസ്ഥമേധാവിത്വത്തിന്റെ ഒരു ഉദാഹരണം ഇവിടെ സൂചിപ്പിക്കുവാൻ ഞങ്ങൾ ഈ അവസരം വിനിയോഗിക്കട്ടെ:-

ഏകദേശം 6 കിലോമീറ്ററോളം പഞ്ചായത്തതിർത്തിയിൽ കൂടി ഒഴുകുന്ന പമ്പാനദിയിലെ മണൽ വാരൽ ഇടനിലക്കാരെ ഒഴിവാക്കി പഞ്ചായത്തു നേരിട്ടു നിയന്ത്രിച്ചതു മൂലം പരിസ്ഥിതി പ്രശ്നങ്ങൾ കുറയ്ക്കുന്നതിനും വരുമാനം പതിന്മടങ്ങു വർദ്ധിപ്പിക്കുന്നതിനും ജലവിഭവങ്ങൾ നിലനിർത്തുന്നതിനും പഞ്ചായത്തിന്റെ വികസനത്തിനു ഉപയോഗിക്കുന്നതിനും സാധിച്ചു. 8 കടവുകളിൽ നിന്നു 12 മാസത്തേക്കു മണൽ ലേലം ചെയ്ത വകയിൽ ലഭിച്ച നാലുലക്ഷം രൂപയുടെ സ്ഥാനത്തു 95-96-ൽ പഞ്ചായത്തുനേരിട്ടു നടത്തിയപ്പോൾ അനുവദിച്ച നാലു മാസം കൊണ്ട് 2 കടവുകളിൽ നിന്ന് 30 ലക്ഷം രൂപാ പിരിച്ചതിൽ 26 ലക്ഷം രൂപാ പഞ്ചായത്തു ഫണ്ടിലും 4 ലക്ഷം രൂപാ റോയൽറ്റി ഇനത്തിൽ സർക്കാരിലും അടച്ചു. അതേ സമയം കടവുകളുടെ എണ്ണം കുറച്ചതുവഴി നദിയിലെ മണൽ നഷ്ടം ഗണ്യമായി കുറഞ്ഞു. ഇപ്പോൾ അനുവദിച്ചിട്ടുള്ള ഏക കടവ് ഒഴികെയുള്ള എല്ലാ കടവുകളും ചങ്ങലയിട്ടു ബന്ധിച്ചിട്ടുള്ളതിനാൽ അശാസ്ത്രീയവും അനധികൃതവുമായ മണൽ വാരൽ നിർത്തലാക്കുന്നതിനും സാധിച്ചിട്ടുണ്ട്.

എന്നാൽ മണൽ മേഖലയുടെ നിയന്ത്രണം വഹിക്കുന്ന ജില്ലാ ഉദ്യോഗസ്ഥരുടെ തുടർന്നുള്ള നടപടികൾ ഇന്നു തോട്ടപ്പുഴശ്ശേരി പഞ്ചായത്തിന്റെ നേരിട്ടുള്ള മണൽ വാരൽ അസാദ്ധ്യമാക്കുന്നു. അപ്രായോഗികവും വിവേകശൂന്യവുമായ ഉത്തരവുകളിലൂടെ പഞ്ചായത്തിന്റെ വരുമാനം ഇല്ലാതാക്കുകയും തൊഴിലാളികളുടെ ഉപജീവന മാർഗ്ഗം അടയ്ക്കുകയും ചെയ്യുന്നു. വീണ്ടും കോൺട്രാക്റ്റർമാരെ ഈ മേഖലയിൽ കൊണ്ടുവന്ന് അഴിമതിയ്ക്കു

സാഹചര്യം ഒരുക്കുക എന്നതാണ് ഇതിന്റെ പിന്നിലുള്ള ഉദ്ദേശം എന്നു ചിന്തിക്കുവാനേ പഞ്ചായത്തു കമ്മറ്റിക്കു കഴിയുന്നുള്ളു.

ഉദ്യോഗസ്ഥമേധാവിത്വം അവസാനിപ്പിക്കുന്നതിനും ജനപങ്കാളിത്തം ലക്ഷ്യമാക്കിയും കേരളസർക്കാർ നടപ്പിലാക്കുന്ന ജനകീയ ആസൂത്രണത്തെ അട്ടിമറിക്കുന്ന ഈ ദൃശ്യ പ്രവൃത്തികൾ തുടർന്നാൽ ഉദ്ദേശ ലക്ഷ്യങ്ങൾ ഫലപ്രാപ്തിയിൽ എത്തുകയില്ല എന്നു നിസംശയം പറയാം. ഏറ്റം സത്യസന്ധമായും കുറ്റമറ്റരീതിയിലും അഴിമതിക്കറ പുരളാതെയും മണൽ വാരൽ നിയന്ത്രിച്ചിരുന്ന ഒരു പഞ്ചായത്തിനെ ആണ് ഈ വിധം വിഷമഘട്ടത്തിൽ എത്തിച്ചിരിക്കുന്നത്. അധികാരം ഉദ്യോഗസ്ഥവൃന്ദത്തിൽ നിന്നും മാറ്റി ജനങ്ങളെ ഏല്പിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു എന്നു ഞങ്ങൾ ചിന്തിക്കുന്നു.

പാരമ്പര്യ കേന്ദ്രീകൃത ആസൂത്രണ പ്രക്രിയയിൽ നിന്നു വ്യത്യസ്തമായി താഴെത്തട്ടിൽ നിന്നുള്ള ആസൂത്രണമാണ് ആവശ്യം. ആസൂത്രണത്തിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുക എന്നതാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. ജനപങ്കാളിത്തം ഫലപ്രദമാകുമ്പോൾ നിലവിലുള്ള പദ്ധതികളുടെയും ഏറ്റെടുക്കാൻ പോകുന്ന പ്രവൃത്തികളുടെയും നടത്തിപ്പ് കാര്യക്ഷമവും ശീഘ്രവും തൃപ്തികരവുമായി നിർവ്വഹിക്കാൻ കഴിയുമെന്നു മാത്രമല്ല അഴിമതിയുടെ കൈവഴികൾക്ക് അറുതിവരുത്തുവാനും കഴിയും.

തോട്ടപ്പുഴശ്ശേരിയിൽ ജനകീയാസൂത്രണത്തിന്റെ തുടക്കം ഗ്രാമപഞ്ചായത്തിലെ അഞ്ച് അംഗങ്ങൾക്ക് ജില്ലാതല പരിശീലനം ലഭിച്ചതോടെയാണ്. പഞ്ചായത്തുതലത്തിൽ ഓരോ വാർഡിൽ നിന്നു അഞ്ചുപേരെ വീതം തെരഞ്ഞെടുത്ത് ശില്പശാല നടത്തി. തോട്ടപ്പുഴശ്ശേരി പഞ്ചായത്തിന്റെ ചുമതലയുള്ള കെ.ആർ.പി. ശ്രീമതി. മാലേത്തു സരളാദേവി ഓരോഘട്ടങ്ങളിലും പഞ്ചായത്തടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾക്കു നിർദ്ദേശങ്ങൾ നൽകി കൂടാതെ ശ്രീ. എം. എൻ. ലക്ഷ്മണൻ, ശ്രീ. കെ. എൻ. ഏബ്രഹാം എന്നീ കെ. ആർ. പി. മാർ ആത്മാർത്ഥമായി സഹകരിക്കുകയും ക്ലാസ്സുകൾ എടുക്കുകയും ചെയ്തിട്ടുണ്ട്.

ഒക്ടോബർ 19, 20, 21 തീയതികളിലായി 9 വാർഡിലും നടന്ന ഗ്രാമസഭകളിലെ ജനപങ്കാളിത്തം ജനകീയാസൂത്രണത്തോടുള്ള ജനങ്ങളുടെ അഭിനിവേശത്തിനു തെളിവാണ്. പ്രസ്തുത ഗ്രാമസഭകളിൽ 12 ഗ്രൂപ്പുകളായിത്തിരിഞ്ഞ് ആവേശകരമായ രീതിയിൽ വാർഡുകളിലെ പ്രശ്നങ്ങളെപ്പറ്റി നടന്ന ചർച്ചകൾ സജീവമായിരുന്നു.

വിഭവശേഖരത്തിന് ഉദ്യോഗസ്ഥയോഗവും പഞ്ചായത്തുതല പരിശീലനം ലഭിച്ചവരുടെ യോഗവും വിളിച്ചുകൂട്ടി 8 ഗ്രൂപ്പുകളെ ചുമതലപ്പെടുത്തി. ഗ്രാമപഞ്ചായത്തുതലത്തിൽ ഗ്രാമസഭാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലഭിച്ച വിവരങ്ങൾ സമാഹരിച്ചു നവംബറിൽ പഠന പര്യടനവും വിഭവശേഖരണവും നടന്നു. വിഷയ ഗ്രൂപ്പുകൾ തയ്യാറാക്കിയ വികസനറിപ്പോർട്ട് പഞ്ചായത്തു കമ്മറ്റി അംഗീകരിച്ച് പ്രസിദ്ധീകരണത്തിനു തയ്യാറാക്കി.

പഞ്ചായത്തിന്റെ സമ്പദ്ഘടനയെ സമ്പന്നമാക്കുന്നതിൽ വിദേശമലയാളികൾക്കു മുഖ്യപങ്കുണ്ട്. അവരുടെ പണം ക്രിയാത്മകമായി ചെലവഴിക്കുന്നതിന് പഞ്ചായത്ത് ബ്യൂഹത് പരിപാടികൾ ആസൂത്രണം ചെയ്യണ്ടിയിരിക്കുന്നു. ബഹുജനരാഷ്ട്രീയ ബോധത്തിന്റെയും സേവനസന്നദ്ധതയുടെയും അടിത്തറയിൽ മുൻകാലസേവകരുടെ പാരമ്പര്യത്തിൽ നിന്ന് ഊർജ്ജവും പ്രചോദനവും ഉൾക്കൊണ്ട് ജനശക്തിയെ ഏകോപിപ്പിച്ച് ഭാവിയുടെ വെല്ലുവിളികളെ തരണം ചെയ്യുവാനുമുള്ള മഹത് യജ്ഞത്തിൽ നമുക്കു പങ്കു ചേരാം.

2

പൊതുവിവരണം

പഞ്ചായത്തിന്റെ പേര്	:	തോട്ടപ്പുഴശ്ശേരി ഗ്രാമ പഞ്ചായത്ത്
പഞ്ചായത്താഫീസിന്റെ ആസ്ഥാനം	:	മാരാമൺ
ഉൾപ്പെടുന്ന വില്ലേജുകൾ	:	തോട്ടപ്പുഴശ്ശേരി
ബ്ലോക്ക് പഞ്ചായത്ത്	:	കോയിപ്രം
അസംബ്ലിമണ്ഡലം	:	ആറന്മുള
ലോക്സഭാമണ്ഡലം	:	മാവേലിക്കര
വിസ്തീർണ്ണം	:	1516.85 ഹെക്ടർ
വാർഡ്	:	9
അതിരുകൾ	:	വടക്ക് - എഴുമറ്റൂർ പഞ്ചായത്ത് കിഴക്ക് - അയിരൂർ പഞ്ചായത്ത് തെക്ക് - പമ്പാനദി പടിഞ്ഞാറ് - കോയിപ്രം പഞ്ചായത്ത്
ജനസംഖ്യ	:	15618
പുരുഷന്മാർ	:	5188
സ്ത്രീകൾ	:	5701
കുട്ടികൾ	:	4729
ജനസാന്ദ്രത	:	412
അക്ഷരജ്ഞാനമുള്ളവർ	:	14524
പ്രസിഡന്റ്	:	ജോസഫ് തോമസ്
വൈസ് പ്രസിഡന്റ്	:	ജോയി പൊറോൺ
സ്റ്റാന്റിംഗ് കമ്മറ്റി ചെയർ പേഴ്സൺ	:	ഡെയ്സി ജോർജ്

നിലവിലുള്ള പ്രധാന സ്ഥാപനങ്ങൾ

ക്രമ നമ്പർ	സ്ഥാപനം	വാർഡ്	സ്ഥലം
1.	പഞ്ചായത്ത് ഓഫീസ്	4	മാരാമൺ
2.	കൃഷിഭവൻ	7	കാഞ്ഞീറ്റുകര
3.	മൃഗാശുപത്രി	7	പുളിമുക്ക്
4.	സർവ്വീസ് സഹകരണബാങ്ക്	1	വെള്ളങ്ങൂർ
		4	നെടുംപ്രയാർ
		8	പരുത്തിമുക്ക്
5.	ക്ഷീരസംഘങ്ങൾ	1	തോട്ടപ്പുഴശ്ശേരി
		5	പുളിമുക്ക്
		8	ചരൽക്കുന്ന്
		4	നെടുംപ്രയാർ
6.	പട്ടികജാതി, പട്ടികവർഗ്ഗ സഹകരണ സംഘം	9	തോണിപ്പുഴ
7.	വില്ലേജ് ഓഫീസ്	4	മാരാമൺ
8.	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ്	5	കുറിയന്നൂർ
9.	പോസ്റ്റ് ഓഫീസ്	3	മാരാമൺ
		4	ചിറയിറമ്പ്
		5	കുറിയന്നൂർ
10.	ടെലിഫോൺ എക്സ്ചേഞ്ച്	6	കുറിയന്നൂർ
11.	മാവേലി സ്റ്റോർ	9	തോണിപ്പുഴ
12.	വിദ്യാലയങ്ങൾ	1	തോട്ടപ്പുഴശ്ശേരി എൽ. പി.
		2	T.T.I. & U.P. മാരാമൺ
		2	A. M. M. S. മാരാമൺ
		3	L.P. കുന്നന്താനം
		4	L. P. S. നെടുംപ്രയാർ
		5	L. P. S. ചിറയിറമ്പ്
		5	L. P. S. കുറിയന്നൂർ

		6	H.S. കുറിയന്നൂർ
		6	Govt. L.P.S. കുറിയന്നൂർ
		7	L. P. S. കുറിയന്നൂർ കിഴക്ക്
		8	L. P. S. പെരുമ്പാറ
		9	L. P. S. മൂളയ്ക്കലോലിൽ
		9	HS (ICSC) തോണിപ്പുഴ
13.	അംഗനവാടികൾ	8	ചരൽക്കുന്ന്
		4	ചിറയിറമ്പ്
14.	സാംസ്കാരിക കേന്ദ്രം	1	വെള്ളങ്ങൂർ
15.	ആശുപത്രികൾ	3	PHC കുറിയന്നൂർ
		4	[illegible] ചിറയിറമ്പ്
		2	[illegible]
		3	മിഷ്യൻ [illegible] ചാലായിക്കര
		3	ഹോമിയോ ആശുപത്രി, ചാലായിക്കര
16.	ബാങ്കുകൾ	3	SBT മാരാമൺ
		4	PDCB മാരാമൺ
		4	IOB മാരാമൺ
		5	കുറിയന്നൂർ CSB
		8	TECB തോണിപ്പുഴ
		9	FB തോണിപ്പുഴ
17.	ക്രഷർ യൂണിറ്റുകൾ	8	പെരുമ്പാറ
		9	കള്ളിപ്പാറ
		7	പൊൻമല
18.	സിനിമ തീയറ്റേർ	4	നെടുംമ്പ്രയാർ
19.	ഊർജ്ജിത കന്നുകാലി വികസന ഓഫീസ്	1	ഇടത്തുണ്ടിഭാഗം
20.	ഗ്രന്ഥശാലകൾ	5	Y M C A റീഡിംഗ് റൂം & ലൈബ്രറി, തോണിപ്പുഴ
		4	മാലുമുക്ക് ഉദയാ റീഡിംഗം റൂം
		7	അരുവിക്കുഴി (ഗ്രാമോദ്ധാരണ വായനശാല)
		2	മാരാമൺ പബ്ലിക്ക് ലൈബ്രറി & റീഡിംഗ് റൂം
		3	ADBM വായനശാല
21	വൈദ്യുതി ഓഫീസ്	4	ചെട്ടിമുക്ക്

3

സാമൂഹിക സാംസ്കാരിക ചരിത്രം

ചരിത്രത്തിന്റെ വീഥികളിൽ കാലം നമുക്ക് തന്നിട്ടുപോയ ഓർമ്മകളുടെ ചെപ്പു തുറക്കുമ്പോൾ കിട്ടുന്നത് ആരേയും ആവേശം കൊള്ളിക്കുന്ന സംഭവങ്ങളാണ്. വായിച്ചറിഞ്ഞതും. പറഞ്ഞ് കേട്ടതും ആയ ചരിത്ര സംഭവങ്ങളെ കാല്പനി കതയുടെ മേമ്പൊടി ഇല്ലാതെ അവതരിപ്പിക്കട്ടെ :-

തോട്ടപ്പുഴശ്ശേരി ഗ്രാമ പഞ്ചായത്ത് പമ്പാനദിയുടെ വരദാനമാണ്. ഭക്തി സാന്ദ്രമായ വഞ്ചിപ്പാട്ടുകളും മാരാമൺ കൺവൻഷൻ ഗാനങ്ങളും മുഖരിത മാക്കുന്ന ഈ പഞ്ചായത്തിലെ കുറിയന്നൂർ, മാരാമൺ, ചിറയിറമ്പ്, നെടുംപ്രയാർ, തോട്ടപ്പുഴശ്ശേരി എന്നീ എല്ലാ പ്രദേശങ്ങളേയും പമ്പാനദിയുടെ കുഞ്ഞോളങ്ങൾ തഴുകി അനു ഗ്രഹിച്ചു കടന്നുപോകുന്നു. ഇത്രമാത്രം ദീർഘമായ പമ്പാ നദീതീരവും നാല് ചുണ്ടൻ വള്ളങ്ങളും ഉള്ള വേറേ ഒരു പഞ്ചായത്തും ഇല്ല.

ചരിത്ര പശ്ചാത്തലം കൊണ്ടും പ്രകൃതി സൗന്ദര്യം കൊണ്ടും അനുഗ്രഹീതമാണ് തോട്ട പ്പുഴശ്ശേരി ഗ്രാമം. തോടുകൾ പുഴയോടു സംഗമി ക്കുന്ന സ്ഥലവും അതിന്റെ ചേരി പ്രദേശങ്ങളും ചേർന്ന സ്ഥലവുമായതിനാലാണ് തോട്ടപ്പുഴശ്ശേരി എന്ന് പേരു വന്നത് എന്നാണ് ഐതീഹ്യം. കിഴക്ക് അയിരൂർ ഗ്രാമ പഞ്ചായത്തും, പടിഞ്ഞാറ് കോയിപ്രം ഗ്രാമപഞ്ചായത്തും, വടക്ക് എഴുമറ്റൂർ ഗ്രാമപഞ്ചായ ത്തും, തെക്ക് ഐശ്വര്യദായികിയായ ദക്ഷിണ ഗംഗാ എന്നറിയപ്പെടുന്ന പമ്പാ നദിയും ഈ ഗ്രാമ പഞ്ചായത്തിൽ അതിരിടുന്നു.

തെക്കുംകൂർ രാജ്യത്തിന്റെ തെക്കേ അതിർത്തി സ്ഥലങ്ങളിൽ അയിരൂർ, തോട്ടപ്പുഴശ്ശേരി, കോയിപ്രം തുടങ്ങിയ പകുതികൾ അഥവാ പകുതി കച്ചേരികൾ ചരിത്രഗ്രന്ഥങ്ങളിൽ സ്ഥാനം പിടിച്ചിട്ടുള്ളവയാണ്. മാരാമൺ പള്ളിക്കും സ്കൂളിനും പടിഞ്ഞാറു ഭാഗത്ത് കോട്ടകൊത്തളങ്ങളും എടുപ്പുകളും ഉള്ള ഉന്നത സൗധങ്ങളിൽ പ്രതാപ ഐശ്വര്യങ്ങളോടെ ഇട പ്രഭുക്കന്മാർ വാണിരുന്നു. ഇന്ന് മാരാമൺ പള്ളിക്കു പടിഞ്ഞാറുള്ള പ്രദേശം കോട്ടപ്പുരയിടം എന്ന പേരിൽ അറിയപ്പെടുന്നു. ചെറുകര കോയിക്കലി ന്റെ ആസ്ഥാനം ഇവിടെ ആയിരുന്നു. വെട്ടുകല്ലു കൊണ്ടു നിർമ്മിച്ച കോട്ട നശിച്ചു. അവിടുത്തെ മണ്ണ് അടുത്തകാലത്ത് നീക്കം ചെയ്യപ്പെട്ടു. ആയുധങ്ങളും ഭടന്മാരും ഇവർക്കുണ്ടായിരുന്നു. മാർത്താണ്ഡ വർമ്മ മഹാരാജാവും , രാമയ്യൻ ദളവായും നടത്തിയ ആറമ്പുള്ള യുദ്ധം തലമുറകൾ കൈമാറുന്ന സംഭവമാണ്. യുദ്ധം നടന്ന 'പൂവത്തൂർ പടനിലം' എന്ന പേരിൽ അറിയപ്പെടുന്ന സ്ഥലം ഈ ഗ്രാമത്തിലാണ്. തെക്കുംകൂറിനേറതായിരുന്നു. ഈ ദേശങ്ങൾ 1749-ൽ തിരുവിതാംകൂറിനോട് ചേർക്ക പ്പെട്ടു. 700 വർഷങ്ങൾക്കു മുൻപ് ഗോവി ന്ദൻ എന്നയാൾ രചിച്ച തിരുവാറന്മുള ക്ഷേത്രം എന്ന ഗ്രന്ഥത്തിൽ തോട്ടപ്പുഴശ്ശേരി, മാരാമൺ, നെടുമ്പ യാർ, കുറിയന്നൂർ എന്നീ പ്രദേശങ്ങളെ ക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്.

വൈഷ്ണവർ ദിവ്യമായി കരുതുന്ന 108 പുണ്യാഹങ്ങളിൽ ആറന്മുളയും ഉൾപ്പെടുന്നു. തെക്കൻകൂർ രാജാക്കന്മാരുടെ പ്രധാന ക്ഷേത്രവും ഇതു തന്നെയായിരുന്നു. പഴയ കേന്ദ്രം വെള്ളപ്പൊക്കക്കെടുതികൾ അനുഭവിച്ചിരുന്നു. ക്ഷേത്ര പരിസരം മണ്ണിട്ട് ഉയർത്തുന്നതിനും ഗോപുരവും പ്രാകാരവും പണിയുന്നതിനും മേൽനോട്ടം വഹിച്ചിരുന്നത് ഇന്ന് മാരാമൺ പള്ളി പാഴ്സനേജിലെ സ്ഥലത്ത് താമസിച്ചിരുന്ന മാളിയേക്കൽ കുടുംബമായിരുന്നു . മണ്ണ് എടുത്ത സ്ഥലങ്ങൾ മുണ്ടൻകുഴി, ഒറ്റാകുഴി, വെട്ടുകുഴി എന്നീ പേരുകളിൽ ഇന്നും അറിയപ്പെടുന്നു.. മണ്ണ് ഇടുന്ന പണിക്കാർ കുട്ടയിലെ മണ്ണു തട്ടിയിട്ടതിൽ ഉണ്ടായതാണ് 'കുട്ടതട്ടിമാലി'അഥവാ ''നിക്ഷേ

പമാലി'' എന്നുവിശ്വസിക്കുന്നു. പ്രസ്തുത മാലി ഈ അടുത്ത കാലം വരെ മാരാമൺ കടവിനു വടക്കു ഭാഗത്തായി ഉണ്ടായിരുന്നു. നിർഭാഗ്യവശാൽ അത് സംരക്ഷിക്കാൻ കഴിഞ്ഞില്ല.

മേൽ വിവരിച്ച നിസ്തുല സേവനത്തിൽ തെക്കൻ കൂർ രാജാവ് വിസ്തൃതമായ ഭൂഭാഗം കരമൊഴിവായി മാളിയേക്കൽ കുടുംബത്തിന് ആ ചന്ദ്രതാരം ചെമ്പോലയിൽ ചാർത്തി മാറാത്ത വണ്ണം കൊടുത്ത ''മാറാമണ്ണ് '' മാരാമണ്ണായി. നെടുംമ്പ്രയാർ കര ദീർഘമായി അഥവാ നെടുനീളത്തിൽ പമ്പയാറിനു സമീപം കിടക്കുന്നതു കൊണ്ട് അപ്രകാരം അറിയപ്പെടുന്നു . ചിറയിറമ്പ് മേൽചിറയുടെ സമീപത്തിൽ നിന്നും ഉണ്ടായ പേരാണ്.

പമ്പാ നദി ഒരു കാലത്ത് കുറിയന്നൂർ, പുല്ലാട് , പൂവത്തൂർ വഴി ഒഴുകിയെന്നും പിന്നീട് പ്രകൃതി ക്ഷോഭത്താൽ ഗതിമാറിയെന്നും ഐതീഹ്യമുണ്ട്. തോണിപ്പുഴക്കവലയ്ക്ക് ആ പേര് അങ്ങനെ വന്നു എന്നു വിശ്വസിക്കപ്പെടുന്നു. പ്രസിദ്ധമായ ചരൽകുന്ന് സൂര്യോദയവും അസ്തമനവും മനോഹരമായി ദർശിക്കാവുന്ന ഉയർന്ന സ്ഥലമാണ്. അനേകം ആളുകൾക്ക് താമസിച്ച് രാഷ്ട്രീയ സാമുദായിക, ആത്മീയ സമ്മേളനങ്ങളും, ചർച്ചകളും പഠനങ്ങളും നടത്തുന്നതിനുള്ള സൗകര്യങ്ങൾ ഇവിടെയുണ്ട് . മാർത്തോമ്മ സൺഡേ സ്കൂൾ സമാജം വക ഈ കേന്ദ്രം നമ്മുടെ പഞ്ചായത്തിന്റെ അഭിമാനമാണ്. ചരൽകുന്നിന് കിഴക്ക് പ്രകൃതിയാൽ അനുഗ്രഹിതമായ പൊൻമല ഉയർന്നു നില്ക്കുന്നു. പമ്പയുടെ തീരത്ത് പ്രമാടത്തു പാറയിലെ ഗുഹാ ക്ഷേത്രവും തൂക്കായ പാറയിൽ കയറുന്നതിനു നിർമ്മിച്ചിരിക്കുന്ന ചവിട്ട് പടികളും അത്ഭുതകരമാണ്. ലങ്കായുദ്ധകാലത്ത് ശ്രീരാമ ലക്ഷ്മണന്മാരും മറ്റും ഇവിടെ പാർത്തിരുന്നു. എന്നതാണ് ഐതീഹ്യം.

ഈ ഗ്രാമത്തിലെ മറ്റൊരു മനോഹര സ്ഥലമാണ് ''അരുവിക്കുഴി'' വളരെ ആഴത്തിലേക്ക് ചിന്നിച്ചിതറിചാടുന്ന വെള്ളച്ചാട്ടം കണ്ണിനും , കാതിനും കുളിർമ്മ ഏകുന്നു. ടൂറിസ്റ്റ് കേന്ദ്രമായി വികസിപ്പിക്കുവാനുള്ള സാധ്യത ഈ അരുവിക്കുണ്ട്. 22 ഓളം ക്രൈസ്തവ ദേവാലയങ്ങളും, 8-ഓളം ഹൈന്ദവ ക്ഷേത്രങ്ങളും, ഒരു ഗുരു മന്ദിരവും ഈ ഗ്രാമത്തിൽ തോളുരുമ്മി നിൽക്കുന്നു.

130 - വർഷങ്ങൾക്കു മുൻപ് പിന്നോക്ക ജാതിക്കാരനായ മൈക്കുഴി തപസ്വി ഓമൽ നിർമ്മിച്ചു പ്രതിഷ്ഠ നടത്തിയ മൈലാടും പാറ മഹാദേവ ക്ഷേത്രം ഈ ഗ്രാമത്തിന്റെ പുരോഗമന ചിന്തയുടെ പ്രതീകമാണ്.

ലോക പ്രശസ്തമായ മാരാമൺ ''കൺവൻഷൻ'' തോട്ടപ്പുഴശ്ശേരി പഞ്ചായത്തതിർത്തിയിൽ നടക്കുന്നു. പുരാണ സംഭവവുമായി ബന്ധപ്പെട്ട് പമ്പയുടെ വിരിമാറിൽ നടന്നു വരുന്ന ചരിത്രപ്രസിദ്ധമായ ''ആറന്മുള ഉത്രട്ടാതി വള്ളംകളി'' യിലും നമുക്ക് വളരെയധികം സന്തോഷിക്കാം. നമ്മുടെ ഗ്രാമത്തിന് അതിരിടുന്ന പമ്പയുടെ മറുകരയിൽ സ്ഥിതി ചെയ്യുന്ന ഗ്രാമമായ ആറന്മുളയുടെ പേരു ചേർത്താണ് ഈ വള്ളംകളി അറിയപ്പെടുന്നതെങ്കിലും പമ്പയാറിന്റെ പകുതിക്കപ്പുറം നമ്മുടെ ഗ്രാമത്തിന് അവകാശപ്പെട്ടതാകയാൽ ഈ ജലമേളയിൽ നമുക്കും അഭിമാനിക്കാവുന്നതാണ്. തോട്ടപ്പുഴശ്ശേരി, മാരാമൺ, കുറിയന്നൂർ, നെടുംമ്പ്രയാർ എന്നീ 4 പള്ളിയോടങ്ങൾ ഈ ജലമേളയിൽ പങ്കെടുത്ത് നമ്മുടെ ഗ്രാമത്തിന്റെ യശ്ശസ് ഉയർത്തിക്കാട്ടുന്നു.

സമൂഹത്തിന്റെ താഴേതട്ടിലുള്ള ഒരു ജനതയുടെ ഉയർത്തെഴുന്നേൽപ്പിന്റെ ചരിത്രമാണ് ഇനി പറയാനുള്ളത്. ഉത്തരേന്ത്യയിൽ നിന്നും ആര്യന്മാർ കേരളത്തിൽ എത്തിയതോടെ ജന്മി നാടു വാഴി ഭരണത്തിനും ദുഷിച്ച ജാതിവ്യവസ്ഥയ്ക്കും തുടക്കമായി ജാതി വ്യവസ്ഥ ഈ നൂറ്റാണ്ടിന്റെ പകുതിയോളം ശക്തമായി നിലനിന്നിരുന്നു. മേൽജാതിക്കാർ ശേഷിച്ച എല്ലാവരേയും കീഴ്ജാതിക്കാരായി കണ്ടിരുന്നു. കീഴ്ജാതിക്കാരിൽ അവരുടേതായ വിവേചനം അരങ്ങേറി . നമ്മുടെ ഗ്രാമത്തിലും ഇതൊക്കെ സജീവമായി നിലനിന്നിരുന്നു. സ്വാതന്ത്ര്യസമരവും , ഇടതുപക്ഷ പ്രസ്ഥാനങ്ങളുടെ വളർച്ചയും സാധാരണ ജനങ്ങളിൽ ആത്മാഭിമാനം വളർത്തുന്നതിനും, അവകാശങ്ങളെക്കുറിച്ച് ബോധമുണ്ടാകുന്നതിനും സഹായിച്ചു. ത്യാഗ പൂർണ്ണമായ സമരങ്ങളിലൂടെ തങ്ങളുടെ അവകാശങ്ങൾ സ്ഥാപിക്കുന്നതിന് പാവപ്പെട്ടവർക്ക് സാധിച്ചു. ജന്മി-കുടിയാൻ ബന്ധം ഇല്ലാതായി. അയിത്തം ഒരളവുവരെ ഇല്ലാതായി. ഗ്രാമത്തിലെ ഒരു കറുത്ത സംഭവമായി ഇന്നും ശേഷിക്കുന്ന സംഭവമാണ് 1957-ലെ വിമോചന സമരകാലത്ത് പഞ്ചായത്തിലെ ഒരു വിഭാഗം ജനങ്ങൾ നിഷ്ഠൂരമായി മർദ്ദിക്കപ്പെട്ടു. അവരുടെ കൂരകൾ തീ വെച്ച് നശിപ്പിക്കപ്പെട്ടു. നിരവധിപേർ നിത്യ രോഗികളായിമാറി. സമരം ചരിത്രത്തിന്റെ പുറമ്പോക്കിലേക്ക് എറിയപ്പെട്ടുവെങ്കിലും അക്രമസംഭവങ്ങൾക്ക് നേതൃത്വം നൽകിയവർതന്നെ പിൽക്കാലത്ത് മർദ്ദിതജന വിഭാഗത്തിന്റെ മുന്നണിപോരാളികളായി മാറുകയും ചെയ്തു. ഇന്ന് ഗ്രാമത്തിന്റെ ഭംഗി നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. കോൺക്രീറ്റ് സംസ്കാരത്തിലേക്ക് നാമും വഴുതി വീണുകൊണ്ടിരിക്കുന്നു. നമ്മുടെ മുൻഗാമികൾ കൈമാറി തന്നിട്ടുള്ള സംസ്കാര പൈതൃകങ്ങൾ , കൈമോശം വരാതെ ആ കൈത്തിരി

കെടാതെ കാത്തുസൂക്ഷിക്കുവാൻ നമ്മൾ ബാദ്ധ്യസ്ഥരാണ്. ചരിത്രത്തിന്റെ ഭാഗമായവർ അതിന് വേണ്ടി ജീവിതം ഹോമിച്ചവർ ഇവരെയൊക്കെ നമ്മുക്ക് ഒരിക്കൽകൂടി സ്മരിക്കാം. നിലനില്ക്കുന്ന കാലത്തിന്റെ നെറുകയിൽ നാം അണിയിക്കുന്ന സിന്ദൂര തിലകം അവരുടെയൊക്കെ ഹൃദയത്തിലെ ഞരമ്പുകളിലെ തിളയ്ക്കുന്ന ചോരയിൽ നിന്നാണ് നമ്മുക്ക് കിട്ടിയത്.

തോട്ടപ്പുഴശ്ശേരി പഞ്ചായത്തിൽ നാളിതുവരെ ഭരണം നടത്തിയ സമിതികളുടെ പ്രസിഡൻറുമ്മാരും വൈസ് പ്രസിഡൻറുമാരും

	വർഷം	പ്രസിഡൻറ്	വൈസ് പ്രസിഡൻറ്
1.	1953	P. T. തോമസ്	T.V. തോമസ്
2.	1964	P. T. കോശി	V.A. ചാക്കോ
3.	1980	C. P. മാത്യു	Mrs. P.T. തോമസ് പുത്തൂർ
4.	1988	T.K. രാമചന്ദ്രൻനായർ	ജോർജ്ജ് തോമസ്

4 ഭൂപ്രകൃതിയും വിഭവങ്ങളും

ഭൂപ്രകൃതി

പമ്പാ നദിയുടെ തീരത്ത് സ്ഥിതി ചെയ്യുന്ന ഒരു കൊച്ചു ഗ്രാമമാണ് തോട്ടപ്പുഴശ്ശേരി. തോടും പുഴയും അതിന്റെ ചേരി പ്രദേശങ്ങളും ചേർന്ന സ്ഥലമായതി നാലാവാം ഈ പ്രദേശത്തെ തോട്ടപ്പുഴശ്ശേരി എന്ന പേരിൽ അറിയപ്പെടുന്നത്. ആകെ വിസ്തൃതി 1516.85 ഹെക്ടർ. ഭൂപ്രകൃതി അനുസരിച്ച് തോട്ടപ്പുഴശ്ശേരിയെ അഞ്ചു മേഖലകളായി തിരിക്കാം.

1 ഉയർന്ന കുന്നിൻ പ്രദേശം.

2. ചരിവു പ്രദേശം.

3. താഴ്വര.

4 സമതലം.

5. നദീതീരം.

		വിസ്തീർണ്ണം. ഹെക്ടർ	ശതമാനം.
1.	ഉയർന്ന കുന്നിൻ പ്രദേശം.	530.89	35 %
2.	ചരിവു പ്രദേശം.	303.37	20 %
3.	താഴ്വര.	182.02	12 %
4.	സമതലം.	379.22	25 %
5.	നദീതീരം.	121.35	8 %

1. ഉയർന്ന കുന്നിൻ പ്രദേശം.

ആകെ വിസ്തൃതിയിൽ 35 % വരുന്നു. പൊൻമല, ചരൽ കുന്ന്, കളളിപ്പാറ, ചേറ്റുതടം, മൈലാടുംപാറ, കുന്നോക്കാലി, പ്രമാടത്തുപാറ എന്നിവയാണ് കുന്നിൻ പ്രദേശങ്ങൾ. പാറ കൂടുതലുളള പ്രദേശമാണ്. ചിലയിടങ്ങൾ ജനനിബിഡമാണ്. ഈ കുന്നുകളുടെ മുകൾപരപ്പിൽ ചരൽ മണ്ണ് കാണപ്പെടുന്നു.

2. ചരിവു പ്രദേശങ്ങൾ.

മൊത്തം വിസ്തൃതിയിൽ 20 % വരുന്ന ചരിവു പ്രദേശം താഴ്വരയെ കുന്നിൻ പ്രദേശവുമായി ബന്ധിപ്പിക്കുന്നു. പൊൻമലയുടെ പടിഞ്ഞാറു ഭാഗം കുത്തനെയുളള ചരിവാണ്. കുന്നോക്കാലിയുടെ കിഴക്കെചരിവ്, ചരൽക്കുന്നിന്റെ വടക്കെചരിവ് ഇവിടങ്ങളിൽ നീരുറവ ഉണ്ട്. ഈ ചരിവുകളിൽ കശുമാവ്, തെങ്ങ്, റബ്ബർ തുടങ്ങിയവ കൃഷി ചെയ്യുന്നു. ചരൽക്കുന്നിന്റെ വടക്കുതെക്കായും വിസ്തൃതമായ പാറയുണ്ട്.

3. താഴ്വര.

ചരിവു ഭൂമിയെയും സമതലത്തെയും ബന്ധിപ്പിക്കുന്നത് താഴ്വരയാണ്. കുമ്പൻകുഴി, തൊളളായിരക്കുഴി എന്നീ താഴ്വരകൾ ഇതിൽപ്പെടുന്നു. തെങ്ങ്, വാഴ, പച്ചക്കറി, കുരുമുളക്, കൊക്കോ തുടങ്ങിയവ കൃഷി ചെയ്യുന്നു. വിസ്തൃതിയിൽ ഏറ്റവും കൂടുതലുള്ള ഈ പ്രദേശം ജനനിബിഡമാണ്.

4. സമതലം.

നദീതീരത്തിന്റെയും താഴ്വരയുടെയും ഇടയിൽ കിടക്കുന്ന ഈ പ്രദേശങ്ങളിൽ തെങ്ങ്, കൊക്കോ, കുരുമുളക് എന്നിവ കരയിലും, പാടങ്ങളിൽ നെല്ല്, കരിമ്പ് എന്നിവയും കൃഷി ചെയ്യുന്നു. പച്ചക്കറി കൃഷിയും വാഴകൃഷിയും ഉണ്ട്. കനാൽ ജലം പാടങ്ങളിൽ നിന്നും ഒഴുകിപ്പോകാൻ സൗകര്യമില്ലാത്ത ചിലയിടങ്ങളിൽ നെൽകൃഷി അസാദ്ധ്യമാണ്. ചില സ്ഥലങ്ങളിൽ കനാൽ ജലം സമയത്ത് ലഭ്യമാകാതെയും വരുന്നുണ്ട്. തന്മൂലം നിലം നികത്തുന്ന ഒരു പ്രവണത അടുത്ത കാലത്ത് വർദ്ധിച്ചു വരുന്നു.

5. നദീതീരം.

പമ്പാ നദിയോടു ചേർന്നുകിടക്കുന്ന ജനനിബിഡമായ ഈ പ്രദേശം എല്ലാവിധ കൃഷിക്കും അനുയോജ്യ

മാണ്. നദിയുടെ തിട്ടകളിൽ പച്ചക്കറി കൃഷി ചെയ്യുന്നു. തിട്ടകൾ ഇടിഞ്ഞ് കര നശിക്കുന്നതിനാൽ തീരസംരക്ഷണം ആവശ്യമാണ്. തീരപ്രദേശമാണെങ്കിലും നദിയുടെ ആഴം വർദ്ധിച്ചതിനാൽ വേനൽക്കാലത്ത് കിണർ വറ്റി ജലക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്നു. ഇവിടെടയുള്ള പൈപ്പുലൈൻ പ്രവർത്തനക്ഷമമാക്കിയാൽ വേനൽക്കാലത്തെ ജലക്ഷാമം പരിഹരിക്കാം.

ജനപ്രകൃതി

1991 ലെ കാനേഷുമാരി പ്രകാരം തോട്ടപ്പുഴശ്ശേരിയിലെ ഈ സംഖ്യ 15618 ആണ്. ഇതിൽ 5188 പുരുഷൻമാരും, 5701 സ്ത്രീകളും, ബാക്കി കുട്ടികളുമാണ്.

വാർഡ്	പുരുഷൻമാർ	സ്ത്രീകൾ	ആകെ
1	475	520	995
2	504	523	1027
3	590	627	1217
4	739	811	1550
5	698	788	1486
6	494	567	1061
7	568	620	1188
8	661	704	1365
9	458	541	999
ആകെ	5187	5701	10888

നിരക്ഷരരുടെ എണ്ണം കുറവാണ്. സാക്ഷരതാനിരക്ക് 95 % വരും. 15 വയസ്സിനു മേൽ പ്രായമുളളവരിൽ 50 % നു മേൽ S.S.L.C. വരെ പഠിച്ചവരാണ്. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ പ്രധാന പ്രശ്നമാണ്. തൊഴിലിധിഷ്ഠിത വിദ്യാഭ്യാസത്തിന് ഊന്നൽ നൽകിയാലെ ഇതിനൊരുമാറ്റം ഉണ്ടാകുകയുള്ളു.

ജനങ്ങളുടെ പ്രധാന വരുമാന മാർഗ്ഗമായിരുന്ന കാർഷിക രംഗം ആദായകരമല്ലാതായതോടെ മറ്റു തൊഴിൽ മേഖലകളിലേക്കുള്ള കടന്നുകയറ്റം വർദ്ധിച്ചു. പ്രധാനമായും പാറപ്പൊട്ടിക്കൽ, കെട്ടിട നിർമ്മാണം, കയറ്റിയിറക്ക് മുതലായ രംഗത്തേക്കാണ് ഈ കടന്നുകയറ്റം. കെട്ടിടനിർമ്മാണരംഗം മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ളവർ കൈയടക്കിയിരിക്കുകയാണ്. ഗ്രാമത്തിലെ യുവാക്കൾ ഗൾഫ് രാജ്യങ്ങളിലോ വടക്കെ ഇന്ത്യൻ സംസ്ഥാനങ്ങളിലോ ജോലി ചെയ്യുന്നവരാണ്. സ്വയം തൊഴിൽ തേടുന്ന ഗ്രാമീണ യുവാക്കൾ വായ്പകൾക്കു സമീപിക്കുന്ന ബാങ്കുകളുടെ നിബന്ധനകൾക്കുമുന്നിൽ മുട്ടുമടക്കുകയാണ്.

ജാതീയമായ ഉച്ചനീചത്വങ്ങൾ ഇല്ലാതെ ഹിന്ദു – ക്രിസ്ത്യൻ മതവിഭാഗങ്ങൾ ഇടകലർന്നുതാമസിക്കുന്ന ഈ ഗ്രാമത്തിൽ മുസ്ലീം കുടുംബങ്ങൾ ഇല്ല എന്നുള്ളത് ഒരു പ്രത്യേകതയാണ്.

ജലപ്രകൃതി

വർഷത്തിൽ ശരാശരി 3210 മി. മീറ്റർ മഴ ലഭിക്കുന്നു. ജൂൺ, ജൂലൈ മാസങ്ങളിലാണ് മഴ കൂടുതൽ. ഏറ്റവും കുറവ് മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിലും. കിഴക്കു തെക്കു ഭാഗത്തുകൂടി ഒഴുകുന്ന പമ്പാനദിയിലേക്ക് ഒഴികിയെത്തുന്ന തോടുകൾ ഈ ഗ്രാമത്തിലുണ്ട്. പമ്പാ ഇറിഗേഷന്റെ വലതു കനാൽ ഈ പഞ്ചായത്തിലൂടെ കടന്നുപോകുന്നു. പഞ്ചായത്തിന്റെ ചിലഭാഗങ്ങളിൽ കനാൽ കൊണ്ട് പ്രയോജനം ഉണ്ടെങ്കിലും കനാലിന്റെ ഭിത്തിയുടെചോർച്ച കാരണം വെള്ളക്കെട്ടുണ്ടാകുന്ന ചിലപാടശേഖരങ്ങളിൽ കൃഷിയിറക്കാൻ പറ്റാതെയും വരുന്നുണ്ട്.

കള്ളിപ്പാറ, ചുവട്ടുപ്പാറ, മയിലാടുംപാറ, പെരുമ്പാറ, പനയ്ക്കത്തടം, മരംകൊള്ളിൽ, പൊന്മല എന്നിവിടങ്ങളിൽ വേനൽക്കാലത്ത് ജലക്ഷാമം രൂക്ഷമാണ്. കുന്നോക്കാലിയുടെ വടക്കുകിഴക്കുഭാഗത്തുള്ള നീരൊഴുക്കു പ്രയോജനപ്പെടുത്തിയാൽ വേനൽക്കാലത്തുപോലും ആ ഭാഗത്തുള്ള ജലക്ഷാമം ഏറെക്കുറെ പരിഹരിക്കാൻ സാധിക്കും. അതുപോലെ ചരൽക്കുന്നിന്റെ പടിഞ്ഞാറു ഭാഗത്തും ഒരുനീരുറവ ഉണ്ട്. അരുവിക്കുഴിയിലുള്ള വെള്ളച്ചാട്ടത്തിൽ തടയണകെട്ടി ജലം സംഭരിച്ചാൽ വളരെയധികം സ്ഥലത്ത് ജലം എത്തിക്കാൻ കഴിയും. 6, 7, 8 വാർഡുകളിൽ കുഴൽ കിണറുകൾ ഉണ്ടെങ്കിലും ഉപയോഗപ്രദമല്ല. 9–ാം വാർഡിൽ പരുത്തി മുക്കിനു സമീപമുള്ള പഞ്ചായത്തുകുളത്തിന് ആഴംകൂട്ടി ഉപയോഗപ്രദമാക്കിയാൽ ലക്ഷം വീടുകോളനിയുൾപ്പെടെയുള്ള പ്രദേശങ്ങളിലെ ജലക്ഷാമം പരിഹരിക്കാം. പഞ്ചായത്തിൽ ആകെ 27 പൊതുക്കിണർ ഉണ്ട്. വാട്ടർ അതോറിറ്റിയുടെ ജലവിതരണസംവിധാനം താറുമാറായനിലയിലാണ്. ടാങ്കിന്റെ ഉയരം വർദ്ധിപ്പിക്കുന്നതിനോടൊപ്പം ശക്തികൂടിയ മോട്ടോർ ഇളംപുരയിടത്തിൽ പടിയിൽ സ്ഥാപിക്കുകയും 23 മണിക്കൂറും പ്രവർത്തിപ്പിക്കുന്നതിനായി ഒരു മോട്ടോർ കൂടി സ്ഥാപിക്കുകയും ചെയ്താൽ ജലക്ഷാമം കുറെയൊക്കെ പരിഹരിക്കാം.

തോട്ടപ്പുഴശ്ശേരി വെള്ളങ്ങൂരിൽ ഉള്ളചാൽ നാലുവശവും കരിങ്കൽ ഭിത്തികെട്ടി മത്സ്യം വളർത്തൽ കേന്ദ്രമാക്കിയാൽ പഞ്ചായത്തിന് ഒരു വരുമാനമാർഗ്ഗവുമാണ്.

5.1

കൃഷിയും ജലസേചനവും

ധാരാളം കൃഷിയും ആവശ്യം പോലെ കർഷകത്തൊഴിലാളികളും ഉണ്ടായിരുന്ന ഈ പ്രദേശത്ത് കൃഷി വളരെ കുറഞ്ഞു വരുന്നു. റബർ കൃഷിമാത്രം അഭിവൃദ്ധിപ്പെട്ടുവരുന്നു. ധാരാളം നെൽപാടങ്ങൾ ഇന്നുകൃഷിയില്ലാതായി. ഇതിനുപല കാരണങ്ങൾ ഉണ്ട്.

1. ഉപേക്ഷിക്കപ്പെട്ട നെൽപാടങ്ങൾ പലരും തുണ്ടു ഭൂമികളാക്കി പാർപ്പിടങ്ങൾക്കായി മാറ്റി.

2. ജലദൗർലഭ്യം കൊണ്ട് നെടുപ്രയാർ മുണ്ടകനും മറ്റും ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു.

3. വെള്ളങ്ങൂർ മേഖല- തിരുവല്ല കോഴഞ്ചേരി റോഡിനു തെക്ക് പടിഞ്ഞാറു വശം ജല നിർഗ്ഗമന മാർഗ്ഗങ്ങളുടെ അഭാവം മൂലം മിക്കവാറും നെൽകൃഷി ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു.

നിലവിലുള്ള നെൽപാടങ്ങൾ നശിക്കാതിരിക്കുന്നതിന് തോടുകൾ നന്നാക്കുകയും ജലസേചന സൗകര്യവും നിർഗ്ഗമന സൗകര്യവും വർദ്ധിപ്പിക്കുകയും ചെയ്യണം.

തൊഴിലാളികളുടെ ദൗർലഭ്യം വലിയ ഒരു പ്രതിസന്ധിയിലേക്കു കർഷകരെ നയിക്കുകയാണ്.

മലമ്പ്രദേശങ്ങളിൽ മണ്ണു സംരക്ഷണ മാർഗ്ഗങ്ങൾ ഒന്നും നടത്താത്തതുകൊണ്ട് ഫലഭൂയിഷ്ടമായ മണ്ണും ജലാംശവും നഷ്ടപ്പെട്ട് ഊഷരഭൂമിയായി തീരുന്നു. അതിനെപ്പറ്റി വിശദമായ പഠനം ആവശ്യമാണ്.

ചുരുക്കം ചിലരുടെ ഭൂമി ഒഴിവാക്കിയാൽ മുഴുവനും ഒന്നോ രണ്ടോ ഏക്കറിൽ താഴെയുള്ള തുണ്ടു പുരയിടങ്ങളാണ്. വീടുൾപ്പെടെ 1/2 ഏക്കറിൽ താഴെയുള്ള ഉടമകളാണ് വളരെയധികം. തെങ്ങുരോഗം ഒരു വലിയ ഭീഷണിയായി നിലനിൽക്കുന്നു. വലിയ തോതിൽ തൊഴിലാളികളെ ആവശ്യമില്ലാത്തതുകൊണ്ട് കൂടുതൽ ആളുകൾ റബർ കൃഷിയിലേക്കു തിരിയുന്നു. റബർ കൃഷിയ്ക്കു പോലും പരമാവധി ലഭിയ്ക്കേണ്ട ആദായം കിട്ടുന്നില്ല എന്ന വസ്തുത നിലനിൽക്കുന്നു.

ഭൂവിനിയോഗം

ഏകദേശം നാലു വിധത്തിൽ തരംതിരിക്കാം.

1. മലകളും കുന്നിൻചരിവുകളും- 6,7,8,9 വാർഡുകളിലെ ഈ പ്രദേശങ്ങളിൽ റബ്ബർ, തെങ്ങ്, കവുങ്ങ്, കുരുമുളക്, കൊക്കോ, വാഴ, കപ്പ, ഇഞ്ചി എന്നീ വിളകൾ കൃഷിചെയ്യുന്നു.

2. നെൽപാടങ്ങളും അതിനോടുചേർന്ന ജല ലഭ്യതയുള്ള ഭാഗങ്ങളും നെൽകൃഷി, പച്ചക്കറി ആദിയായ കൃഷിക്ക് ഉപയോഗപ്പെടുത്തുന്നു.

3. ആറ്റുതീരം ഉൾപ്പെടുന്ന ഫലഭൂയിഷ്ടമായ പ്രദേശങ്ങളിൽ റബർ ഒഴിച്ച് മറ്റെല്ലാം കൃഷി ചെയ്യുന്നു.

4. ചിറ- മൂന്നാം വാർഡിലെ മേൽചിറ എന്ന സ്ഥലം മുമ്പ് വെറും വെള്ളം കെട്ടിക്കിടന്നത് ഇപ്പോൾ പാർപ്പിടങ്ങളായിക്കഴിഞ്ഞിരിക്കുന്നു.

തെങ്ങിന്റെ ഉൽപാദനം ശരാശരി തെങ്ങൊന്നിന് 20 തേങ്ങായിലും കുറവാണ്. നെല്ലിന്റെ ഉല്പാദനം വളരെ കുറവാകുന്നു. ഏകദേശം 15 മേനി വിളവ് കിട്ടുന്നുണ്ട്.

കന്നുകാലി വളർത്തൽ

കൃഷിക്ക് അനുകൂലമായ ഒരു ഘടകം കാലി വളർത്തലാണ്. ഇനങ്ങളിൽ നല്ലൊരു വിഭാഗം ആടോ മാടോ വളർത്തുന്നവരായിട്ടുണ്ട്. വേണ്ടത്ര ശ്രദ്ധയും വിദഗ്ദോപദേശവും കൊടുക്കുവാൻ ആളുകളുണ്ടായാൽ കൂടുതൽ ആളുകളെ ഈ വഴിയെ ആകർഷിക്കാവുന്നതാണ്.

പൊതു മേച്ചിൽ സ്ഥലങ്ങൾ ഒട്ടും തന്നെ ലഭ്യമല്ലാത്തതിനാൽ ശാസ്ത്രീയമായ പുൽകൃഷി വളരെ ആവശ്യമുണ്ട്. അതിനുവേണ്ട വിദഗ്ദോപദേശവും മറ്റു സഹായങ്ങളും നൽകണം.

ശാസ്ത്രീയമായി പുൽകൃഷി എങ്ങും കാണാനേ ഇല്ല.

വളം, കൃഷി ,സംസ്കരണം എന്നിവ യെപ്പറ്റിയുള്ള ബോധവൽക്കരണം അടിയ ന്തിരാവശ്യങ്ങളാണ്.

നിർദ്ദേശങ്ങൾ

കൃഷി ഭവൻ ഏകദേശം മദ്ധ്യഭാഗത്തേയ്ക്ക് മാറ്റി സ്ഥാപിക്കാതെ ഒരു വികസനവും സാദ്ധ്യമല്ല. ഇപ്പോഴുള്ളത് പഞ്ചായത്തിന്റെ ഒരറ്റത്താണ്. ബന്ധപ്പെടാൻ യാത്രാ സൗകര്യങ്ങൾ തീരെയില്ല. ഉദ്യോഗസ്ഥർക്ക് കർഷകരുമായി ബന്ധപ്പെടാനോ കർഷകർക്ക് അത്യാവശ്യത്തിന് ഉപദേശം തേടാനോ തീർത്തും അസാദ്ധ്യ മായിരിക്കുന്നു.

നടീൽ വസ്തുക്കൾ കൃഷി ഉപകരണങ്ങൾ, സസ്യ സംരക്ഷണത്തിനാവശ്യമായ യന്ത്രസംവിധാനങ്ങൾ ഇവയൊന്നും സൗകര്യപ്രദമായി ലഭ്യമാകുന്നില്ല. കീടനാശിനികൾക്കു പലപ്പോഴും ഫലപ്രദമെന്നു തോന്നുന്ന എന്തെങ്കിലും ഉപയോഗിക്കേണ്ടി വരുന്നു.

ജലലഭ്യത കുറവുള്ള ഉയർന്ന പ്രദേശങ്ങളിൽ കൊണ്ടൂർ തോടുകൾ എടുത്ത് മഴവെള്ളം ഒലിച്ചു നഷ്ടപ്പെടാതെ പ്രയോജനപ്പെടുത്താം. സബ്സിഡി ലഭ്യമാക്കി 6,7,8,9 വാർഡുകളെ കേന്ദ്രീകരിച്ചും കർഷകരെ ഏകോപിപ്പിച്ചും ഈ മേഖലയാകെ കൃഷിമെച്ചപ്പെടുത്തണം.

കയ്യാലകെട്ടാൻ ഈ മേഖലയ്ക്ക് പ്രത്യേക പരിഗണന ലഭ്യമാക്കണം.

ഏകദേശം 7 ച.കി മീറ്റർ സ്ഥലം വരെ ഘട്ടം ഘട്ടമായി 5 വർഷം കൊണ്ട് ഈ രീതിയിൽ പുനരുദ്ധരിക്കാം.

നെടുമ്പ്രയാർ പുഞ്ചയിലെ ചാലു വീതിയും ആഴവും കൂട്ടണം. വരമ്പുകൾ ശക്തിപ്പെടുത്തണം.

പ്രധാനമായി രണ്ടു വിധത്തിലുള്ള വാട്ടർ മാനേജ് മെൻറ് നടപ്പാക്കണം.

1. മിച്ചജലമുള്ള ഭാഗങ്ങളിൽ എൻജിൻ പ്രവർത്തിപ്പിച്ച് മിച്ചജലം ഒഴുക്കിക്കളയണം. നെടുമ്പ്രയാർ പുഞ്ചയുടെ മധ്യത്തിലുള്ള തോടും മറുകരതോടും ആഴം കൂട്ടി ജലനിർഗ്ഗമനം മെച്ചപ്പെ ടുത്തണം. ഇവ രണ്ടും ഒന്നിച്ചു പരിഗണിക്കണം. മിച്ചജലം പമ്പുചെയ്യുന്നത് സമീപ പ്രദേശങ്ങളിൽ സ്പ്രിഗിളർ ഇറിഗേഷൻ നടപ്പിലാക്കാനായി ഉപയോഗിക്കണം.

9-ാം വാർഡിൽ പരുത്തി മുക്കിനു സമീപം പഞ്ചായത്തു വക കുളമുണ്ട്. ഇത് പുനരുദ്ധരിച്ചാൽ 100 ഏക്കർ സ്ഥലത്ത് ഇറിഗേഷൻ സൗകര്യം ഉണ്ടാക്കാവുന്നതാണ്.

പമ്പാ നദിയിൽ നിന്നു വെള്ളങ്ങൂർ ചാ ലിലേക്കുള്ള വലിയതോടിന്റെ ഇരുവശങ്ങളും ഇടിഞ്ഞ് നികന്നുതുടങ്ങിയിട്ടുണ്ട്. തോടിന്റെ ഇരുവശങ്ങളും കെട്ടി കൃഷിക്ക് ഉപയോഗ പ്രദമാ ക്കണം.

നടീൽ വസ്തുക്കളുടെ ഉൽപാദനവും വിതരണ വും

അനന്ത സാധ്യതകളുള്ള മേഖലയാണ് .താല്പര്യ മുള്ള വ്യക്തികൾക്കു സാമ്പത്തിക സഹായവും വിദഗ്ദോപദേശവും കൊടുത്ത് ഉത്പാദനം വർദ്ധിപ്പിക്കണം.

അഭ്യസ്ഥ വിദ്യരായ ചെറുപ്പക്കാരെയും അനുഭവ സമ്പന്നരേയും ചേർത്തിണക്കി ചെറിയ സഹകരണ സംഘങ്ങൾ സംഘടിപ്പിച്ച് പ്രോത്സാഹി പ്പിക്കാം.

നാണ്യവിളകളുടെയും പുഷ്പ ഫലതൈകളു ടെയും ഉൽപാദനം ചെറിയതോതിൽ ആരംഭിച്ചു വരുന്നുണ്ട്. ഇതു കൂടുതൽ വ്യാപകമാക്കിയാൽ മാത്രമേ സംഭരണവും വിപണനവും ലാഭകര മാക്കാൻ സാധിക്കൂ.

പഞ്ചായത്തിൽ ഒരു പൊതു ഏകോപന സെൽ/ കൗണ്ടർ ഉണ്ടാകണം.

യന്ത്ര വൽക്കരണം

നടീലിനും വിളവെടുപ്പിനും സഹായകമായ പുതിയ യന്ത്ര സംവിധാനങ്ങൾ ഇറങ്ങിയിട്ടുള്ളത് ഉപയോഗിക്കാൻ പഞ്ചായത്തിൽ നിന്നും ആളുകളെ പരിശീലിപ്പിക്കുകയും യന്ത്ര സംവിധാനങ്ങൾ പഞ്ചായത്തിൽ നിന്നും പൊതു ആവശ്യത്തിനു ഉതകും വിധം വാങ്ങി കർഷകർക്കു സൗജന്യമായോ ലാഭനഷ്ടമില്ലാത്ത വിധത്തിൽ പ്രവർത്തന ചെലവ് ഈടാക്കിയോ ലഭ്യമാക്കണം.

Tractor/Tiller ഇറക്കാൻ എല്ലാ പാടശേഖര ങ്ങളിലേക്കും ശരിയായ വഴി നിർമ്മിച്ചു നൽകണം.

പഞ്ചായത്തിലെ ഏറ്റവും വലിയ പാടശേഖരമായ കുടുന്തമൂഴി പാടത്തിന്റെ മദ്ധ്യത്തിലൂടെ കടന്നു

പോകുന്ന കുടുന്ത തോടിനു കുറുകെ ഒരു പാലം നിർമ്മിക്കേണ്ടത് അത്യാവശ്യമാണ്. നെൽകൃഷി ചെയ്തിരുന്ന കുറുയന്നൂരെ നാലു പാടശേഖരങ്ങളിൽ കുളങ്ങാട്ടു പാടത്തും കണ്ടമ്പടകത്തും കനാലിലെ ചോർച്ച മൂലം ഉള്ള വെള്ളക്കെട്ടുകാരണം വർഷങ്ങളായി കൃഷി നിലച്ചിരിക്കുകയാണ്. ചേന്ന മ്പടകം മുഴുവനായി തെങ്ങ് , വാഴ, കമുക്, കപ്പ തുടങ്ങിയ കൃഷികൾ നെൽകൃഷിക്കു വഴി മാറി. ശേഷിക്കുന്ന ഒരേ ഒരു പാടശേഖരമാണ് കുടുന്ത. അവിടെ ഒരുപ്പു നെൽകൃഷിയും ഇടസമയങ്ങളിൽ എള്ള്, പയർ, വെള്ളരിക്ക തുടങ്ങിയ കൃഷികളും ചെയ്തുവരുന്നു. ഇവിടെ വിത്ത്, വളം മുതലായവ എത്തിക്കുന്നതിനും വിളകൾ കൊണ്ടുപോകുന്നതിനും ഇപ്പോൾ ഉള്ള വഴികൾ വാഹനയോഗ്യമല്ല. പാടത്തെ രണ്ടായി ഭാഗിക്കുന്ന തോടിനു മുകളിൽ പാലംപണിയുകയും ഇരുവശത്തേക്കുമുള്ള വഴികൾ സൈഡുകെട്ടി വീതികൂട്ടേണ്ടതും അത്യന്താപേക്ഷിതമാണ്. കൂടാതെ ട്രാക്ടർ , ട്രില്ലർ തുടങ്ങിയവ പാടത്ത് ഇറക്കാൻ തക്കതായ റോഡുകൾ നിർമ്മിക്കുകയും വേണം.

തെങ്ങുരോഗം വലിയ ഭീഷണി ആണ്. വർഷംതോറും സമയത്തിനു മരുന്നടിക്കാൻ സംവിധാനം ഉണ്ടാകണം. രോഗപ്രതിരോധത്തിനും രോഗ നിവാരണത്തിനും വിദഗ്ദോപദേശം ലഭ്യമാകണം. പലവിധ രോഗങ്ങൾക്കു ചിലപ്പോൾ നിശ്ചിത ചികിത്സ ചെയ്യാൻ സാധിക്കുന്നില്ല.

ഒന്നാം വാർഡിലുള്ള കാട്ടു പുഞ്ച കൃഷിയോഗ്യമാക്കുന്നതിന് പുഞ്ചയുടെ മദ്ധ്യത്തുകൂടി അഞ്ചടി താഴ്ചയിൽ ഒരു തോട് വെള്ളങ്ങൂർ ചാലുവരെ നിർമ്മിക്കുക.

▲▲▲

തേട്ടപ്പുഴശ്ശേരിയെ തഴുകി ഒഴുകുന്ന പമ്പാനന്ദി

ജലസേജന സൗകര്യമില്ലതെ തരിശു കിടക്കുന്ന മാരാമൺ പുഞ്ച

കനാൽ ചോർച്ച മൂലം കൃഷിയേഗ്യമല്ലാതായി മാറിയ പുഞ്ച പാടം

വെള്ളം ലഭിക്കാതെ തരിശു കിടക്കുന്ന നെടുപ്രയാർ മുണ്ടകൻ പാടം





കുടുന്ന പാടം

തോട്ടപ്പുഴശ്ശേരി ഗ്രാമ പഞ്ചായത്ത് ഭൂമി സംമ്പന്ധമായ വിവരങ്ങൾ

ഇനം	വിസ്തീർണ്ണം	
നിലം	285	ഹെക്ടർ
പുരയിടം	1000	"
പുറമ്പോക്ക്	200	"
കൃഷിയോഗ്യ തരിശ്	30	"
കൃഷിയോഗ്യമല്ലാത്ത തരിശ്	10	"
ആകെ	1885	"

തോട്ടപ്പുഴശ്ശേരി ഗ്രാമ പഞ്ചായത്ത്

3.2 വിളവിസ്തീർണ്ണവും ഉല്പാദനവും

വിള	വിസ്തീർണ്ണം	മൊത്ത ഉല്പാദനം	ഉല്പാദന ക്ഷമത ഹെക്ടറിൽ
നെല്ല് (ഒന്നാം വിള)	35 ഹെക്ടർ	450 ടൺ	5ടൺ
നെല്ല് (രണ്ടാം വിള)	50 " പുഞ്ച	400 ടൺ	5 ടൺ
നെല്ല് (മൂന്നാം വിള)	60 "	240 "	6 "
പയർ	150 "	15000 കി.ഗ്രാം	100 കി.ഗ്രാം
പച്ചക്കറികൾ	50 "	500 ടൺ	10 ടൺ
തെങ്ങ്	450 "	10125 ടൺ	225 ടൺ
വാഴ	50 "	81 "	16 2"
മരച്ചീനി	10 "	20 "	2 "
കുരുമുളക്	140 "	210 "	15 "
പ്ലാവ്	6 "	0.25 "	0.25 "
കശുമാവ്	2 "	4 "	2 "
മാവ്	1"	1 "	1 "
റബ്ബർ	500 "	1750 "	35 "
കവുങ്ങ്	40 "	150 "	15 "
കൊക്കോ	50 "	150 "	3 "
ചേന	10 "	5 "	0.5 "
കാച്ചിൽ	10 "	10 "	1 "
ഇഞ്ചി	13 "	32.5 "	2.5 "

തോട്ടപ്പുഴശ്ശേരി ഗ്രാമ പഞ്ചായത്ത് കീടനാശിനി വിപണനം

ക്രമനമ്പർ	സ്ഥാപനത്തിന്റെ പേര്	1993-94	1994-95	1995-96
1.	T. R. C. B. 595 നെടുമ്പ്രയാർ സഹകരണം	25 ടൺ	22 ടൺ	30 ടൺ
2.	സർവ്വീസ് കോ -ഓപ്പറേറ്റീവ് സൊസൈറ്റി	28 ടൺ	30 ടൺ	35 ടൺ
1.	സ്വകാര്യം R.V. മാത്യു എണ്ണിക്കാട്ട്	15 ടൺ	17 ടൺ	20 ടൺ
2.	ഏബ്രഹാം വറുഗീസ് ചെറുകാട്	10 ടൺ	12 ടൺ	15 ടൺ

തോട്ടപ്പുഴശ്ശേരി ഗ്രാമ പഞ്ചായത്ത് ജലസേജന വിതാനങ്ങൾ

വാർഡ് നമ്പർ	പൊതുജലസേചന കിണർ	കുഴൽ കിണർ	കുളം	ക്രോസ്ബാർ	ആണക്കെട്ട് ഹെക്ടർ
1	....	2 എണ്ണം	3 എണ്ണം	....	....
3	1	....	....	....	....
8	2	....	....	....	....
9	....	....	....	....	....
	2	....	2	....	....

തോട്ടപ്പുഴശ്ശേരി ഗ്രാമ പഞ്ചായത്ത് നടീൽ വസ്തു വിതരണം

ഇനം	എണ്ണം		
	1993 - 94	1994 - 95	1995 - 96
തെങ്ങ് - W.C.T. T.X.D.	300 എണ്ണം 80 "	450 എണ്ണം 420 "	1500 എണ്ണം 200 "
കശുമാവ്	ഇല്ല	ഇല്ല	ഇല്ല
കുരുമുളക്	9700 എണ്ണം	4400 എണ്ണം	7750 എണ്ണം
കാച്ചിൽ	100 കി.	110 കി.	225 കി.
കവുങ്ങ്	90 എണ്ണം	80 എണ്ണം	120 എണ്ണം
പച്ചക്കറി ഇനങ്ങൾ	400 പായ്ക്കറ്റ്	500 പായ്ക്കറ്റ്	300 പായ്ക്കറ്റ്
ജാതി	650 എണ്ണം	200 എണ്ണം	100 എണ്ണം
ചേന	100 കി.	200 കി.	110 കി.
ഗ്രാമ്പു	30 കി.	25 കി.	20 കി.
മാവ്	100 എണ്ണം	75 എണ്ണം	50 എണ്ണം
പ്ലാവ്	100 "	75 "	50 "
സപ്പോർട്ട	100 "	75 "	50 "
പേര	100 "	75 "	50 "
വാഴവിത്ത്	....	8000 "	7000 "

തോട്ടപ്പുഴശ്ശേരി ഗ്രാമ പഞ്ചായത്ത് ദുരിതാശ്വാസ വിതരണം

പ്രശ്ന ബാധിത പ്രദേശത്തിന്റെ വിസ്തീർണ്ണം

വർഷം	വെള്ളപ്പൊക്കം	വരൾച്ച	കൊടുങ്കാറ്റ്	ഉരുൾപ്പൊട്ടൽ	ധനസഹായം ലഭിച്ചവരുടെ എണ്ണം	വിതരണം ചെയ്ത തുക
1	2	3	4	5	6	7
1993 - 94	20 ഹെക്ടർ	—	—	—	45	29980
1994 - 95	—	—	20 ഹെക്ടർ	—	34	21494
1995 - 96	40 ഹെക്ടർ	—	40 ഹെക്ടർ	—	90	72647

തോട്ടപ്പുഴശ്ശേരി ഗ്രാമ പഞ്ചായത്ത് തെങ്ങുകൃഷി സംബന്ധിച്ച വിവരങ്ങൾ

വാർഡ് നമ്പർ	തെങ്ങ് എണ്ണം				രോഗം ബാധിച്ച തെങ്ങ്					
	തെങ്ങ് കൃഷി വിസ്തീർണ്ണം	കായിക്കാത്തത്	കായ്ക്കുന്നത്	ആകെ	റൂട്ട് വിൽറ്റ്	ലീവ് റോട്ട്	ബഡ് റൂട്ട്	സ്റ്റം ബ്ലീഡിംഗ്	മറ്റുള്ളവ	ആകെ
1	2	3	4	5	6	7	8	9	10	11
	ഹെക്ടർ	എണ്ണം	എണ്ണം	എണ്ണം	എണ്ണം	എണ്ണം	എണ്ണം	എണ്ണം	എണ്ണം	എണ്ണം
1	147.05	20000	5000	25000	1500	500	500	50	250	3000
2	88.235	10000	5000	15000	2000	500	750	50	500	4000
3	88.235	10000	5000	15000	2500	500	500	500	1000	5000
4	29.41	3000	2000	5000	1500	100	100	200	100	1000
5	88.235	10000	5000	15000	1500	750	750	500	1000	8000
6	5.882	750	250	1000	1100	50	100	75	75	400
7	11.764	1500	500	2000	1500	50	150	75	75	750
8	23.529	3250	750	4000	1750	200	150	200	200	1500
9	17.647	2500	500	3000	1750	250	150	100	100	1250

തോട്ടപ്പുഴശ്ശേരി ഗ്രാമ പഞ്ചായത്ത് കാർഷികോപകരണങ്ങൾ

വാർഡ് നമ്പർ	ഉഴവുപകരണങ്ങൾ				മരുന്നുതളി ഉപകരണങ്ങൾ			തെങ്ങുകയറ്റ യന്ത്രം	ഷോർട്ടബിൾ പമ്പു സെറ്റ്
	ട്രാക്ടർ	ട്രാക്ടർ	നാടൻ കലപ്പ	റോക്ക് സ്പ്രെയർ	നാസ്റ്റാക് സ്പ്രെയർ	മറ്റുള്ളവ	മെതിയന്ത്രം		
1	2	3	4	5	6	7	8	9	10
1	--	1	--	10	15	--	--	--	--
2	--	--	--	1	12	--	--	--	--
3	1	1	--	1	4	--	--	--	--
4	--	--	--	1	7	--	--	--	--
5	1	--	--	1	10	--	--	1	--
6	--	--	--	1	4	--	--	--	--
7	--	--	--	2	2	--	--	--	--
8	--	--	--	--	4	--	--	--	--
9	--	--	--	1	6	--	--	--	--

5.2

മൃഗസരംക്ഷണവും മത്സ്യബന്ധനവും

മൃഗസംരക്ഷണം

തോട്ടപ്പുഴശ്ശേരി പഞ്ചായത്തിലെ പ്രധാന വളർത്തു മൃഗങ്ങൾ പശുവും ആടുമാണ്. പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും ഇവയെ വളർത്തുന്നു. പശുക്കളിൽ മിക്കവാറും എല്ലാം തന്നെ സങ്കര ഇനത്തിൽപെട്ടതാണ്. കർഷകർ പാൽ വില്ക്കുന്നത് സമീപത്തുള്ള വീടുകളിലും ഹോട്ടലുകളിലും മിൽക്കുസൊസൈറ്റികളിലുമാണ്. കർഷകർക്ക് ഉത്പാദന ചിലവിനനുസരണമായി പാൽ വില ലഭിക്കുന്നില്ല. കർഷകരെല്ലാം തന്നെ കാലിത്തീറ്റ വിലകൊടുത്തുവാങ്ങിക്കുകയാണ്.

സ്ഥലപരിമിതിമൂലം ആരും വിപുലമായരീതിയിൽ പുൽകൃഷി ചെയ്യുന്നില്ല. മറ്റ് കൃഷികളുടെ ഇടയിലും മറ്റുമായി പുൽകൃഷി ചെയ്യുന്നവരുണ്ട്. ഈ പഞ്ചായത്തിൽ 35 ഗോബർ ഗ്യാസ് പ്ലാന്റുകളുണ്ട്. വളർത്തു പക്ഷികളിൽ പ്രധാനം കോഴിയാണ്. ഇപ്പോൾ ഈ പഞ്ചായത്തിൽ ഒരു മൃഗാശുപത്രിയും ഒരു ഗോസംവർദ്ധന കേന്ദ്രവുമുണ്ട്. മൂന്ന് പാൽ സൊസൈറ്റികളും പ്രവർത്തിക്കുന്നു. പഞ്ചായത്തിലെ വളർത്തു മൃഗങ്ങളുടെ എണ്ണം പട്ടിക 1, 2 എന്നിവയിൽ കൊടുത്തിരിക്കുന്നു. ഇപ്പോഴുള്ള പശുക്കൾ 1620 ആണ്. കഴിഞ്ഞ കാൽ നൂറ്റാണ്ട് കാലത്തിനിടയിൽ വളർത്തു മൃഗങ്ങളുടെ എണ്ണം ഗണ്യമായി കുറഞ്ഞതായി കാണാം.

പട്ടിക – 1

കാള

വംശവർദ്ധന – 5
മറ്റുള്ളവ – 89

പശു നാടൻ

കറവ ഉള്ളത് – 5
കറവ ഇല്ലാത്തത് – 0

പശു സങ്കരം

കറവ ഉള്ളത് – 570
കറവ ഇല്ലാത്തത് –1045

എരുമ

കറവ ഉള്ളത് – 5
കറവ ഇല്ലാത്തത് – 4

പോത്ത്	–	9
ആട്	–	802
പട്ടി	–	1025

പട്ടിക – 2

വളർത്തു പക്ഷിസംഖ്യ

പൂവൻകോഴി 3266

പിടക്കോഴി

മുട്ട ഇടുന്നത് 8954
മുട്ട ഇടാത്തത് 6811

താറാവ്

ആൺ 15
പെൺ 46

മറ്റുള്ളവ 28

നെൽകൃഷി കുറഞ്ഞത് കാരണം കാർഷിക വൃത്തിയിൽ മൃഗങ്ങളുടെ ഉപയോഗം കുറഞ്ഞു.

കാലിത്തീറ്റയുടെ വിലവർദ്ധന, വൈക്കോലിന്റെയും പുല്ലിന്റെയും ലഭ്യതകുറവ്, ഉത്പാദന ചിലവിനനുസരണമായി പാലിന് വില ലഭിക്കായ്ക, തുടങ്ങിയ കാര

ണങ്ങളാൽ കാലിവളർത്തൽ രംഗത്ത് നിന്ന് ഒട്ടനവധി കർഷകർ പിന്മാറിയിട്ടുണ്ട്. കന്നുകാലികളിൽ ഉണ്ടാകുന്ന പ്രധാന രോഗങ്ങൾ കുളമ്പ് ദീനം, അകിട് വീക്കം, ഉദര രോഗങ്ങൾ, വിര ശല്യം മുതലായവയാണ്. ഇപ്പോൾ പഞ്ചായത്തിലുള്ള കോഴികളുടെ എണ്ണം 19031 ആണ്. എന്നാൽ 1970- കളുടെ ആരംഭത്തിൽ വീട്ടുവളപ്പിൽ വളർത്തുന്ന കോഴികൾക്ക് പുറമെ 100 മുതൽ 1000വരെ മുട്ട കോഴികളെ വളർത്തിയിരുന്ന ഇരുപത്തിയഞ്ചോളം യൂണിറ്റുകൾ ഈ പഞ്ചായത്തിലുണ്ടായിരുന്നു. അവ യെല്ലാം കോഴിത്തീറ്റയുടെ അമിതമായ വിളവർദ്ധന, രോഗങ്ങൾ , ഉത്പാദന ചിലവിനനുസരണമായി മുട്ടയ്ക്ക് വില ലഭിയ്ക്കായ്ക, തുടങ്ങിയകാരണങ്ങളാൽ നിർത്തു കയാണുണ്ടായത്. ഇറച്ചിക്കോഴിവളർത്തൽ സാമാന്യം ലാഭകരമായി ഇപ്പോൾ ഇവിടെ നടക്കുന്നുണ്ട്. സാഹച ര്യങ്ങൾ അനുകൂലമായാൽ കന്നുകാലിവളർത്തൽ മുട്ട ക്കോഴിവളർത്തൽ എന്നീമേഖലകളിൽ കർഷകരുടെ നല്ല ഒരു തിരിച്ചുവരവ് ഉണ്ടാകുകയും അതുമൂലം ഈ മുന്നേറ്റങ്ങൾ ഉണ്ടാകുവാനും സാദ്ധ്യതകൾ വളരെ യാണ്.

പ്രധാന പ്രശ്നങ്ങൾ

1. മൃഗസംരക്ഷണ കേന്ദ്രങ്ങളുടെ കുറവ്
2. ഉത്പാദനചിലവിനനുസരണമായി പാലിന് വില ലഭിക്കുന്നില്ല.
3. കാലിത്തീറ്റയുടെ വിലകൂടുതൽ.
4. ആവശ്യമായ പുൽ വിത്തുകൾ ലഭിക്കുന്നില്ല.
5. വൈയ്ക്കോലിന്റെ ക്ഷാമം.
6. ക്ഷീരവിപണനത്തിനുള്ള സൗകര്യങ്ങളുടെ കുറവ്.
7. ശുചിയായ തൊഴുത്ത് നിർമ്മാണത്തിനുള്ള സാമ്പ ത്തിക ബുദ്ധിമുട്ട്.
8. കാലിവളർത്തലിലുള്ള സാമ്പത്തിക പരാധീനത.
9. വിദഗ്ദോപദേശങ്ങൾ ശരിയായി ലഭിക്കുന്നില്ല.
10. പേപ്പട്ടി ശല്യം.
11. നിയന്ത്രണങ്ങളില്ലാത്ത മാംസാവശ്യത്തിന് മൃഗ ങ്ങളെ കശാപ്പ് ചെയ്യുന്നതുമൂലം രോഗബാധയും മറ്റുമുള്ള മൃഗങ്ങളുടെ മാംസം ഉപയോഗിയ്ക്കാ നിടയാകുന്നു.

നിർദ്ദേശങ്ങൾ

1. ഇപ്പോൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മൃഗാശുപത്രിമൂലം എല്ലാ കർഷകർക്കും പ്രയോജനം ലഭി ക്കാത്തത് മൂലം രണ്ടാം വാർഡിലോ മൂന്നാ വാർഡിലോ ഒരു മൃഗാശുപത്രി കൂടി സ്ഥാപിക്കുകയും അവയ്ക്ക് സ്ഥിരമായ കെട്ടിടങ്ങൾ നിർമ്മിക്കുകയും വേണം.

2. പാൽ സൊസൈറ്റികൾ ഇല്ലാത്ത വാർഡുകളിൽ അവ രൂപീകരിക്കുകയും അവയുടെമേൽനോട്ടത്തിനും മറ്റുമായി ക്ഷീര വികസന ഓഫീസ് തുടങ്ങുകയും വേണം. ക്ഷീരോത്പന്ന വിപണന യൂണിറ്റുകൾ എല്ലാ വാർഡുക ളിലും തുടങ്ങണം.

3. കർഷകർക്ക് ഉത്പാദന ചിലവിനനുസരണമായി പാലിന് വില ലഭിക്കണം.

4. ബുദ്ധിമുട്ടുള്ളവർക്ക് ശുചിയായ തൊഴുത്തുകൾ നിർമ്മിക്കുവാൻ സാമ്പത്തിക സഹായം അനുവദിക്കണം .5. പശുക്കുട്ടികൾക്ക് സൗജന്യ നിരക്കിൽ കാലിത്തീറ്റ എല്ലാ കർഷകർക്കും ലഭ്യമാക്കണം.

6. മൃഗാശുപത്രികൾവഴി കന്നുകാലികൾക്ക് ആവ ശ്യമുള്ള എല്ലാ മരുന്നുകളും വാക്സിനുകളും സൗജന്യ മായി ലഭ്യമാക്കണം.

7. കന്നുകാലി ഇൻഷ്വറൻസ് സൗജന്യമായി ലഭ്യ മാക്കണം.

8. ആട്, പന്നി, മുയൽ മുതലായവ വളർത്തുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി അവയുടെ നല്ലയിനം കുഞ്ഞുങ്ങളെ ലഭ്യമാക്കണം.

9. പാൽ സൊസൈറ്റികൾ മുഖേന ഗുണനിലവാര മുള്ള കാലിത്തീറ്റയും വൈക്കോലും ലഭ്യമാക്കണം

10. കന്നുകാലി വളർത്തലിന് കുറഞ്ഞ പലിശ നിര ക്കിൽ വായ്പ ലഭ്യമാക്കണം.

11. കർഷകർക്ക് ഈ മേഖലകളിൽ വിദഗ്ദോപ ദേശം ലഭ്യമാക്കുന്നതിനുള്ള നടപടികളുണ്ടാവണം. പ്രത്യേകിച്ച് സ്ത്രീകൾക്ക് കൂടുതൽ ബോധവത്ക്കര ണവും പ്രോത്സാഹനവും നൽകണം.

12. കൂടുതൽ ഇറച്ചിക്കോഴിവളർത്തൽ കേന്ദ്രങ്ങൾ തുടങ്ങുവാൻ ധനസഹായവും വിപണവ സൗകര്യവും ലഭ്യമാക്കണം.

13. വീട്ടുവളപ്പിൽ വളർത്തുവാനാവശ്യമായ മുട്ട ക്കോഴിക്കുഞ്ഞുങ്ങളെ സൗജന്യ നിരക്കിൽ ലഭ്യമാക്കണം

14. മുയൽ വളർത്തൽ, പന്നിവളർത്തൽ എന്നിവ യുടെ പ്രോത്സാഹനത്തിനായി ഏല്ലാ വാർഡുകളിലും മാതൃകാ യൂണിറ്റുകൾ തുടങ്ങുന്നതിന് ധനസഹായം നൽകണം.

15. തീറ്റ പുൽ കൃഷി നടത്തുന്നതിന് ധനസഹായം നൽകണം.

16. നായ്ക്കൾക്ക് പേവിഷബാധകൾക്കെതിരെയുള്ള കുത്തിവയ്പ് വാക്സിൻ സൗജന്യമായി നൽകണം.

17. മാംസാവശ്യത്തിന് കശാപ്പു ചെയ്യുന്ന മൃഗങ്ങളെ വൈദ്യ പരിശോധന നടത്തുകയും മാംസം അംഗീകൃത സ്റ്റാളുകൾ മുഖേനമാത്രം വിതരണം അനുവദിക്കുയും ചെയ്യണം.

മത്സ്യബന്ധനം

പഞ്ചായത്തിൽ ഏഴു കിലോമീറ്ററോളം പുഴയോരമുണ്ട്. മത്സ്യ ബന്ധനം തൊഴിലാക്കിയ കുടുംബങ്ങൾ അഞ്ച്. ശുദ്ധജല മത്സ്യമാണ് ഇവിടെ ലഭിക്കുന്നത്. മറ്റു സ്ഥലങ്ങളിൽ നിന്ന് കൊണ്ടുവരുന്ന മത്സ്യമാണ് പ്രധാനമായും ഈ ഗ്രാമത്തിൽ വിറ്റഴിയുന്നത്. ശരിയായ മത്സ്യ വിപണന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നില്ല.

നിർദ്ദേശങ്ങൾ

1. ശുദ്ധജല മത്സ്യവളർത്തലിനെപ്പറ്റി പഞ്ചായത്തുതലത്തിൽ വിദഗ്ദ്ധന്മാരെക്കൊണ്ട് പരിശീലനം നടത്തിക്കുക.

2. പമ്പയാറ്റിൽ തോട്ടായിടുന്നത് കർശനമായി നിരോധിക്കുക.

3. തൊഴിൽ രഹിതരായ ചെറുപ്പക്കാരെ അലങ്കാര മത്സ്യകൃഷിയുടെ സാദ്ധ്യതകളെപ്പറ്റി ക്ലാസ്സുകളെടുത്ത് ബോധവാന്മാരാക്കുകയും വേണ്ടുന്ന ധനസഹായം നൽകി പ്രോത്സാഹിപ്പക്കുകയും ചെയ്യുക.

4. മീൻ കുഞ്ഞുങ്ങളെ ആവശ്യമുള്ളവർക്ക് സൗജന്യമായി നൽകുക.

5. മീൻ കുളങ്ങൾ നിർമ്മിക്കുന്നതിന് ധനസഹായം നൽകുക.

6. പുഞ്ചയിൽ വെള്ളം നിറഞ്ഞുനിൽക്കുമ്പോൾ മീൻ കുഞ്ഞുങ്ങളെ ഇറക്കിവിടുക.

7. പഞ്ചായത്തിന്റെ പ്രധാന ഭാഗങ്ങളിൽ മത്സ്യവിപണന സ്റ്റാളുകൾ നടത്തുവാൻ നടപടികൾ എടുക്കുക.



5.3 വിദ്യാഭ്യാസം

വിണ്യഭൂമിയിലൂടെയെത്തുന്ന പമ്പാനദിയുടെ പാവന സ്പർശമേറ്റുകിടക്കുന്ന തോട്ടപ്പുഴശ്ശേരിപഞ്ചായത്തിൽ പുതിയൊരു സംസ്കാരം ഉയർന്നുവരുന്നതിന് ഇടയായിട്ടുണ്ട്. ജാതിമതചിന്തകൾക്കതീതമായി ഹൈന്ദവരും, ക്രൈസ്തവരും ഏകോദരസഹോദരങ്ങളെപ്പോലെ കഴിഞ്ഞുകൂടുന്ന ഈ പഞ്ചായത്തിൽ 90% ആളുകളും വിദ്യാസമ്പന്നരാണ്. വിദ്യാഭ്യാസപരവും ശ്രേഷ്ഠവുമായ പാരമ്പര്യം ഈ പ്രദേശത്തിനുണ്ട്. തോട്ടാവള്ളിൽ ആശാൻ, കോളഭാഗത്ത് ആശാൻ മുതലായ ആശാന്മാർ അങ്കംകുറിച്ച അക്ഷരകളരികൾ വിശ്വോത്തര പ്രതിഭാശാലികളെ വാർത്തെടുക്കുന്നതിന് സഹായമായിട്ടുണ്ട്. കേരളത്തിൽ അപൂർവ്വമായി മാത്രമുള്ള സംസ്കൃത പണ്ഡിതന്മാരിൽ ഒരാളായ മഹോപാദ്ധ്യായ കെ വാസുദേവൻ നായർ ഈ പഞ്ചായത്തിന്റെ അഭിമാന സ്തംഭമാണ്.

പാശ്ചാത്യ മിഷനറിമാരുടെ വരവോടുകൂടി സ്വാതന്ത്ര്യലബ്ധിക്കു വളരെ നാളുകൾക്ക് മുൻപുതന്നെ 1920-കളിലും സ്ഥാപിതമായ സ്കൂളുകളാണ് ഇവിടെയുള്ളത്. സാമൂഹികപരിഷ്കർത്താവും ദീർഘദർശിയുമായിരുന്ന യശഃശ്ശരീരനായ മാളിയേക്കൽ എം. സി. ജോർജ് കശ്ശീശായാൽ (ഡോ. അലക്സാണ്ടർ മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ പിതാവ്) സ്ഥാപിതമായതാണ് കുറിയന്നൂരിലെ മിക്കസ്കൂളുകളും. സി. എം. എസ്. മിഷനറിമാരുടെ നേതൃത്വത്തിൽ സ്ഥാപിതമായതാണ് കുന്നന്താനം സി. എം. എസ്. എൽ. പി. സ്കൂൾ. പാലക്കുന്നത്ത് തീത്തൂസ് ദ്വിതീയൻ തിരുമേനിയും, പാലക്കുന്നത്ത് മത്തായി കശ്ശീശയും നേതൃത്വംകൊടുത്തിട്ടുള്ള എ. എം. എം. ട്രെയിനിംഗ് സ്കൂൾ ആയിരക്കണക്കിന് അധ്യാപകരെ സംഭാവനചെയ്യുന്നവിദ്യാലയമാണ്. മഹത്തായ ഈ സ്ഥാപനം മാതൃകാപരമായി ഉന്നതനിലവാരം പുലർത്തിയിരുന്നു. കുറിയന്നൂർ എം. ടി. ഹൈസ്ക്കൂൾ ബാസ്ക്കറ്റ്ബോൾ താരങ്ങളെ വളർത്തുന്നതുപോലെ എം. എം. എ. ഹൈസ്ക്കൂൾ വോളിബോൾ താരങ്ങളെ സൃഷ്ടിക്കുന്നതിന് നിർണ്ണായകപങ്കുവഹിച്ചുണ്ട്. കുറിയന്നൂർ ഹൈസ്ക്കൂൾ 1921-ൽ ആരംഭിച്ചു. വളരെ പ്രശസ്തമായ നിലയിൽ തേർഡ് ഫോംവരെ നടത്തിയ ഈ സ്ക്കൂൾ 1948-ലാണ് ഹൈസ്ക്കൂളാക്കി ഉയർത്തിയത്. യശഃശ്ശരീരനായ പുന്നത്തുണ്ടിയിൽ ടി. എം. മത്തായി കശ്ശീശയുടെ ശിക്ഷണത്തിലുള്ള് പഠനം വിശ്വോത്തര പൗരന്മാരെ വാർത്തെടുക്കുന്നതിനുസാധിച്ചിട്ടുണ്ട്.

സ്വാതന്ത്ര്യലബ്ധിക്കുശേഷം ആരംഭിച്ച മാരാമൺ എം. എം. എ. ഹൈസ്ക്കൂളുകളും ഉന്നതനിലവാരംപുലർത്തുന്നു. യശഃശ്ശരീരനായ കളത്തൂർ എ. ഐ. എബ്രഹാം അവറുകളും കോഴഞ്ചേരി ചെറുത്തോടത്ത് യശഃശ്ശരീരനായ ജോർജ് തോമസ് അവറുകളും ഇതിന്റെ മുഖ്യശില്പികളായിരുന്നു.

പഞ്ചായത്തിലെ മിക്കവാറും സ്ക്കൂളുകളുടെ പ്രവർത്തനം ശോചനീയമാണ്. പ്രൈമറി സ്ക്കൂളുകളുടെ പ്രവർത്തനം തൃപ്തികരമല്ലെന്ന് ഗ്രാമ സഭകളുടെ റിപ്പോർട്ടുകൾ തെളിയിക്കുന്നു. ഭൂരിഭാഗം എൽ. പി. സ്ക്കൂളുകളും ലാഭകരമല്ലെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. പഞ്ചായത്തിൽ സർക്കാർ നേരിട്ടു നടത്തുന്ന സ്ക്കൂൾ ഒന്നുമാത്രമെയുള്ളൂ. അവിടെയും വിദ്യാർത്ഥികളുടെയെണ്ണം വളരെകുറവാണ്.

വിദ്യാലയ വിവരങ്ങളുടെ പട്ടിക 30-ാം പേജിൽ കൊടുത്തിരിക്കുന്നത് കാണുക.

വിദ്യാലയങ്ങളിൽ വിദ്യാർത്ഥികൾ കുറയുന്നതിന്റെ കാരണങ്ങളിലേക്ക് ഒരു എത്തിനോട്ടം ഗ്രാമസഭയുടെ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. പഠനനിവാരത്തിലുള്ള തകർച്ചമൂലം സമീപപഞ്ചായത്തിലുള്ള സ്ക്കൂളിലേക്ക് കുട്ടികൾ ധാരാളമായിപ്പോകുന്നു. വീടുകളിൽ കുട്ടികൾ കുറയുന്നതും വിദ്യാലയത്തിൽകുട്ടികൾക്കുറയുന്നതിനു കാരണമാണ്. മാതപിതാക്കൾക്ക് ഇംഗ്ലീഷ് ഭാഷയോടുള്ള അമിതമായ ഭ്രമം, ഗൾഫ് പണത്തിന്റെ സ്വാധീനം എന്നിവയും സ്ക്കൂളുകളിലെവിദ്യാർത്ഥികൾകുറയുന്നതിനു കാരണങ്ങളാണ്. അതുപോലെ സ്ക്കൂളുകളിൽ പുരുഷ അധ്യാപകരുടെ എണ്ണം കുറയുന്നത് സ്ക്കൂളിലെ ശിക്ഷണത്തിനും പാഠ്യേതരവിഷയത്തിന്റെ നിലവാരത്തകർച്ചയ്ക്കു കാരണമാണ്.

സ്ക്കൂളുകളെ സംബന്ധിച്ച വിവരങ്ങളുടെ പട്ടിക 31 -ാം പേജിൽ കൊടുത്തിരിക്കുന്നത് കാണുക.

പഞ്ചായത്തിലെ ഏക ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ കുറിയന്നൂർ ഗുഡ് ഷെപ്പേർഡ് ആണ്. പഞ്ചായത്തിലെ ധനിക കുടുംബങ്ങളിലെ കുട്ടികൾ അധികവും ഇവി

ടെയാണ് പഠിക്കുന്നത്. പഠനസൗകര്യങ്ങൾ വിദ്യാലയത്തെ സംബന്ധിച്ച് പരമപ്രധാനമാണ്. ക്ലാസ്സ് മുറിയിൽ കഴിയുന്ന വിദ്യാർത്ഥികൾക്ക് ഉന്മേഷം പകരാൻ കഴിയുന്ന സൗകര്യങ്ങൾ ലഭ്യമാക്കണം. ലൈബ്രറി, ലാബ് , പഠനോപകരണങ്ങൾ, ദൃശ്യ ശ്രവണ ഉപകരണങ്ങൾ തുടങ്ങിയവ വിദ്യാലയത്തിന്റെ യോഗ്യതയായി കണക്കാക്കുന്നു. പല സ്ക്കൂളുകളിലും കളിസ്ഥലങ്ങൾ, മൂത്രപ്പുരകൾ, കക്കൂസുകൾ, കുടിവെള്ളം ലഭിക്കുന്നതിനുള്ള സൗകര്യം ഇവയൊന്നും ലഭ്യമല്ല.

പഞ്ചായത്തിൽ ഒരു സാങ്കേതിക വിദ്യാലയം പോലുമില്ല. ഉന്നതപഠനത്തിന് ഈ പഞ്ചായത്തിലെ കുട്ടികൾ മറ്റു പഞ്ചായത്തുകളെ ആശ്രയിക്കുന്നു. പഠനനിലവാരത്തെക്കുറിച്ച് വിശദമായ പഠനം നടത്തയില്ലെങ്കിലും 40% വിദ്യാർത്ഥികളെങ്കിലും നിലവാരത്തിൽ താഴെയാണ്. പഞ്ചായത്തിലെ രണ്ടു ഹൈസ്ക്കൂളുകളിലും വോക്കേഷണൽ ഹയർ സെക്കന്ററിയോ പ്ലസ്ടുവോ ഏർപ്പെടുത്തേണ്ടതാണ്.

പഞ്ചായത്തിൽ 4 അംഗൻവാടികളും രണ്ട് ജനവിദ്യാകേന്ദ്രങ്ങളും ഉണ്ട്. ഓരോ വാർഡിലും ഓരോ അംഗൻവാടിയെങ്കിലും ആവശ്യമാണ്. പഞ്ചായത്തിലാകെ അഞ്ചു നേഴ്സറി വിദ്യാലയങ്ങളും ഉണ്ട്. പ്രീ പ്രൈമറിതലത്തിൽ കളിക്കുന്നതിനും ഭക്ഷണ പാനീയങ്ങൾ കഴിക്കുന്നതിനും വിശ്രമിക്കുന്നതിനും സൗകര്യങ്ങൾ ആവശ്യമാണ്. നേഴ്സറി കുട്ടിക്കൾക്ക് പ്രത്യേക പരിശീലനമുള്ള അധ്യാപകരാണ് വേണ്ടത്. ഇപ്പോൾ പ്രവർത്തിക്കുന്ന ഓരോ എൽ. പി. സ്ക്കൂളിനോടും ചേർത്തും ഇവ പ്രവർത്തിക്കാവുന്നതാണ്. പഞ്ചായത്തിലുള്ള 7 ഗ്രന്ഥശാലകളിൽ ചിലതൊഴികെ ബാക്കി നാമമാത്രമായി പ്രവർത്തിക്കുന്നവയാണ്. ഗ്രന്ഥശാലകളുടെ പ്രവർത്തനം പരമാവധി പ്രയോജനപ്പെടുത്തണം.

വിദ്യാലയ വിവരങ്ങളുടെ പട്ടിക 32-ാം പേജിൽ കൊടുത്തിരിക്കുന്നത് കാണുക.

അടുത്ത പഞ്ചവത്സരപദ്ധതിയിൽ വേണ്ട വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ വിശദവിവരം താഴെ ചേർക്കുന്നു.

1. പഞ്ചായത്തിലെ എല്ലാവാർഡിലും അംഗൻവാടികളോ പ്രീ പ്രൈമറി ക്ലാസ്സുകളോ ആരംഭിക്കുക.

2. കുട്ടികൾക്ക് ഒരു കിലോമീറ്ററിനകത്ത് പ്രാഥമിക പഠന സൗകര്യങ്ങൾ ഉണ്ടായിരിക്കണം.

3. എല്ലാ വാർഡിലും സാക്ഷരതാ പ്രവർത്തനം കൂടുതൽ ഫലവത്താക്കുക.

4. ക്ലാസ്സിൽ അർഹതയുള്ളവരെ മാത്രം വിജയിപ്പിക്കുക.

5. നിലവിലുള്ള രണ്ടു ഹൈസ്ക്കൂളുകളിലും പ്ലസ്ടു അഥവാ ഹയർ സെക്കന്ററി നടപ്പിലാക്കുക.

6. ഒരു സാങ്കേതിക വിദ്യാലയമെങ്കിലും (ഐ. ടി. ഐ.) തുടർന്നു പ്രവർത്തിക്കുക.

7. പഞ്ചായത്തിന്റെ ചിലവിൽ എല്ലാസ്ക്കൂളുകളിലും ഉച്ചകഞ്ഞിയേർപ്പെടുത്തുക.

8. കുടിവെള്ളത്തിനുള്ള സൗകര്യം, മൂത്രപ്പുര, കക്കൂസ് ഇവ പഞ്ചായത്തിൽ നിന്നും സ്ക്കൂളുകൾക്കു നൽകുക.

9. സ്ക്കൂളുകളിൽ പുസ്തകം യഥാസമയം എത്തിക്കുക

10. സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്ക് പ്രത്യേകിച്ച് പിന്നോക്കവിഭാഗത്തിലുള്ളവർക്ക് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ പഠനോപാധികളും യൂണിഫോമും നൽകുക.

11. സ്ക്കൂളുകളിൽ പി. ടി. എ. യും മാതൃസംഗമവും ക്രമമായി നടക്കുന്നതിന് ഏർപ്പാടുചെയ്യുക.

12. പാഠ്യപദ്ധതിക്കനുസൃതമായി ലാബോറട്ടറി, ദൃശ്യ ശ്രാവ്യ സംവിധാനം ഇവയുണ്ടായിരിക്കണം. ഹൈസ്ക്കൂളുകൾക്കെങ്കിലും ഒരു കമ്പ്യൂട്ടറും ടി.വി.യും നൽകുക.

13. അധ്യാപകർക്കാവശ്യമായ പരിപോഷണ ക്ലാസ്സുകൾ നൽകണം.

14. വിദ്യാർത്ഥികൾക്കായി കലാകായിക മത്സരങ്ങൾ സംഘടിപ്പിക്കുകയും കായികാധ്വാനശീലം വർദ്ധിപ്പിക്കുന്നതിന് പച്ചക്കറിത്തോട്ടങ്ങളും പൂന്തോട്ടങ്ങളും ഉണ്ടാകുകയും വേണം.

15. ശിക്ഷണബോധം വളർത്താൻ എൻ. സി. സി., സ്കൗട്ട്, ഗേൾസ് ഗൈഡിംഗ് ഇവ നടപ്പാക്കണം.

16. വിദ്യാർത്ഥികളുടെ വായനാശീലം വളർത്തുന്നതിന് ലൈബ്രറി സൗകര്യങ്ങൾ ഉണ്ടാക്കണം.

17. കലാകായിക പ്രതിഭകളെ കണ്ടെത്തി അവർക്ക് പഞ്ചായത്തിൽ നിന്ന് അവാർഡുകൾ നൽകണം

വിദ്യാലയ സൗകര്യങ്ങൾ പട്ടിക - 1

ക്രമനമ്പർ	സ്കൂളിന്റെ പേര്	വിസ്തീർണ്ണം	ഓഫീസ് മുറി	സ്റ്റാഫ് മുറി	ലൈബ്രറി	സ്വന്തം ഗ്രന്ഥശേഖരം	ഓഫീസ്	ലാബ്	കമ്പ്യൂട്ടർ	ഇന്റർനെറ്റ്	കളിസ്ഥലം	കുടിവെള്ളം/ കിണർ/കുഴൽക്കിണർ
1	എം. ടി ഹൈസ്കൂൾ കുറിയന്നൂർ	3 ഏക്കർ	ഉണ്ട്	ഉണ്ട്	ഉണ്ട്	10,200	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്
2.	എം. ടി എൽ പി. മുളവേലി കുറിയന്നൂർ	50 സെന്റ്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല
3.	കുറി: ഈസ്റ്റ് എൽ. പി.	15 സെന്റ്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല
4	ഗവ. എൽ പി കുറിയന്നൂർ	1 ഏക്കർ 45 സെന്റ്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല
5	പെരുമ്പാറ എൽ. പി. കുറിയന്നൂർ	55സെന്റ്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല
6	Good Shepered Eng. Me. School Kuriannoor	3 acre	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
7	സിഎംസ് എൽ പി കുന്നന്താനം	50cent	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്
8	ചിറയിറന്ന് എം ടി എൽ പി	10 1/2 cent	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല
9	എ എം എം TTI & UP Maraman	2acre	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
10	MMA High School Maraman	1 ഏക്കർ 15 സെന്റ്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്
11	നെടുമ്പ്രയാർ MTLP School.	14 cents	ഉണ്ട്	ഉണ്ട്	-	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല
	CSI Nursing School Kunanamthanam	25 cents	•	ഇല്ല	ഇല്ല	ഇല്ല						

വിദ്യാലയ വിവരങ്ങൾ പട്ടിക - 2

ക്രമ നമ്പർ	സ്കൂളിന്റെ പേര്	മാനേജ്മെന്റ്	കുട്ടികളുടെ എണ്ണം 1996–1997			അദ്ധ്യാപകരുടെ എണ്ണം		
			ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
1	എം ടി ഹൈസ്കൂൾ കുറിയന്നൂർ	എയ്ഡഡ്	187	161	348			17
2	എം ടി മുളയ്ക്കശേലി കുറി:	”	38	42	80			3
3	കുറി: ഈസ്റ്റ് എൽ പി	”	36	27	63			3
4	ഗവ: എൽ പി കുറിയന്നൂർ	ഗവ:	19	19	38			4
5	പെരുമ്പാറ എൽ പി	aided	33	30	63			3
6	Good Shepered Eng. Med. Kuriannur	Private	163	120	283			30
7	CMS LPS Kunnamthanam	aided	34	25	59			3
8	ചിറയിറമ്പ് MTPLPS	‘	42	30	72			4
9	AMM TTI UP MARAMAN	‘	136	107	243			15
10	MMA High School Maraman	‘	96	86	182			11
11	നെടുമ്പ്രയാർ MTLP School.	‘	34	26	60			3
12								
13								
14	CSI Nursing School		8	6	14			1

പട്ടിക 3

ക്രമനമ്പർ	സ്കൂളിന്റെ പേര്	SC/ST കുട്ടികളുടെ എണ്ണം	PTA പ്രവർത്തനം	മാതൃസംഘം	വിജയ ശതമാനം 95-96
1	എം ടി ഹൈസ്കൂൾ കുറിയന്നൂർ	39	ഉണ്ട്	ഉണ്ട്	29%
2	എം ടി എൽ പി മുളയ്ക്കശേലി കുറിയന്നൂർ	2	ഉണ്ട്	ഉണ്ട്	
3	കുറിയന്നൂർ ഈസ്റ്റ് എൽ പി	2	ഉണ്ട്	ഉണ്ട്	
4	ഗവ: എൽ പി സ്കൂൾ കുറിയന്നൂർ	3	ഉണ്ട്	ഉണ്ട്	
5	പെരുമ്പാറ എൽ. പി. കുറിയന്നൂർ	8	ഉണ്ട്	ഉണ്ട്	
6	Good Shephered Eng. Med.	2	ഉണ്ട്	ഉണ്ട്	97%
7	CMS LP കുന്നന്താനം	15	ഉണ്ട്	ഉണ്ട്	
8	ചിറയിറമ്പ് എം ടി എൽ പി	16	ഉണ്ട്	ഉണ്ട്	
9	AMM TTI & UP Maraman	10	ഉണ്ട്	ഉണ്ട്	
10	MMA High School Maraman	8	ഉണ്ട്	ഉണ്ട്	42%
11	നെടുമ്പ്രയാർ MTLP School	1	ഉണ്ട്	ഉണ്ട്	
12					
13					
14	CSI Nursing School Kunanthanam				

വജ്രജൂബിലി ആഘോഷിക്കുന്ന കുറിയന്നൂർ മാർത്തോമ്മാ ഹൈസ്കൂൾ

പഞ്ചായത്തിലെ ടിച്ചേഴ്സ് ട്രെയിനിംഗ് സ്കൂൾ

5.4

കുടിവെള്ളവും പൊതുജനാരോഗ്യവും



ജനങ്ങളുടെ ആരോഗ്യകാര്യത്തിൽ വളരെ അധികം പ്രാധാന്യം അർഹിക്കുന്ന ഘടകങ്ങളാണ് ശുദ്ധജലം, ശുദ്ധ വായു, ശുചിത്വമുള്ള പാർപ്പിടം, കൊതുകു നിവാരണം, പോഷകാഹാരം, പ്രതിരോധ കുത്തിവെയ്പ് എന്നിവ. ഇവയിൽ ശുദ്ധവെള്ളം വളരെയേറെ പ്രാധാന്യം അർഹി ക്കുന്നു. തോട്ടപ്പുഴശ്ശേരി പഞ്ചായത്തിൽ കുടിവെള്ള ക്ഷാമം ഒരു വലിയ പ്രശ്നമാണ്.

പഞ്ചായത്തിലുള്ള ജലവിതരണ പദ്ധതികൾ ശരിയായ രീതിയിൽ മുന്നോട്ട് പോകുന്നില്ല. മിക്ക ഇടങ്ങളിലും പൈപ്പുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും അതിൽകൂടി ജലം ലഭിക്കുന്നില്ല. തോട്ടപ്പുഴശ്ശേരി പഞ്ചായത്തിലെ ഏറ്റവുമധികം ജലക്ഷാമമ നുഭവിക്കുന്നത് ഭൂരിഭാഗവും മലമ്പ്രദേശങ്ങൾ ഉൾപ്പെടുന്ന 7-ാം വാർഡാണ്. ഇവിടെ ജലലഭ്യത കണ്ടുപിടിക്കാതെയാണ് പൈപ്പുകൾ ചില ഭാഗത്ത് ഇട്ടിരിക്കുന്നത്. താഴ്ന്ന പ്രദേശങ്ങളിൽ ചരൽ കുന്നിൽ നിന്നുള്ള ജലവിതരണം ലഭിക്കുന്നുഎങ്കിൽ ചില ഭാഗത്ത് ലഭിക്കുന്നില്ല.

എട്ടാം വാർഡിൽ ഉയർന്ന ഭാഗത്തു നിന്നും കുടിവെള്ളത്തിന് ക്ഷാമം ഉണ്ടാകുന്ന ഭാഗത്തേക്ക് പമ്പിന്റെ ഉപയോഗമില്ലാതെതന്നെ ശുദ്ധജലം എത്തിക്കുവാനുള്ള സൗകര്യം ഉണ്ട് . എന്നാൽ അത് ശരിയായ രീതിയിൽ പ്രയോജനപ്പെടുത്തുന്നില്ല.

ചുമട്ടുപാറ, കള്ളിപാറ നിവാസികൾക്ക് കുടിവെള്ളത്തിനായി വളരെ ദൂരം പോകേണ്ടി വരുന്നു. നിലവിലുള്ള പൈപ്പുകൾ നിലവാരം കുറഞ്ഞവയാണ്.

ആറ്റുതീരത്തുള്ളതായ ചില കിണറുകൾ നിരന്തര മായ മണൽവാരൽ മൂലം വേനൽക്കാലത്ത് വറ്റി വരളുന്നു. മണൽവാരൽ മൂലം ആറിന്റെ അടിത്തട്ട് സമീപത്തുള്ള കിണറുകളുടെ അടിത്തട്ടി നേക്കാൾ ഗണ്യമായി താഴ്ന്നു പോകയും കിണറു കളിൽ വെള്ളം എത്തിച്ചേരാൻ സാധിക്കാതെയും വരുന്നു.

കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് പൈപ്പുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ പൈപ്പുകൾ സ്ഥാപിക്കണം. ഉപയോഗശൂന്യമായ പൈപ്പുകൾ ഒന്നുകിൽ നന്നാക്കുകയോ അല്ലെങ്കിൽ അവ മാറ്റി പുതിയ പൈപ്പുകൾ സ്ഥാപിക്കയോ ചെയ്യണം. പഞ്ചായത്തിലെ കുടിവെള്ള ക്ഷാമത്തിന് സ്ഥായിയായ പരിഹാരത്തിന് വാട്ടർ അതോറിറ്റി നിർദ്ദേശിച്ചിട്ടുള്ള ഓഗ്മന്റേഷൻ പദ്ധതി നടപ്പിലാക്കണം.

പാറക്കൂട്ടം , അഞ്ചുപുരയ്ക്കൽ, കൊച്ചുമോളു പുരം, ലക്ഷംവീടു കോളനികളിൽ അധികമായി പൊതുടാപ്പുകൾ സ്ഥാപിക്കണം. നെല്ലിമല കോളനിയിലേക്ക് അധികമായി water tap സ്ഥാ പിക്കണം. കുറിയന്നൂരിൽ ചില ഭാഗത്ത് പൈപ്പുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും അതിൽകൂടി ജലം ലഭിക്കാത്തതിനാൽ ഈ ജലക്ഷാമം പരിഹരി ക്കുന്നതിന് നടപടികൾ സ്വീകരിക്കണം. ചാർജ്ജ് ചെയ്യാത്ത പൈപ്പുകൾ ചാർജ്ജ് ചെയ്യണം.

പൊൻമലയിലും മരംകൊള്ളിമലയിലും വ്യാപ്തി കൂടുതലുള്ള 2 ടാങ്കുകൾ നിർമ്മിച്ച് ജലം സംഭരിച്ച് ആവശ്യമായ പൈപ്പുകൾ സ്ഥാപിച്ച് ജലവിതരണം നടത്തിയാൽ കുടിവെള്ളക്ഷാമത്തിന് ഒരു പരിഹാരമാകും .ഇങ്ങനെ ചെയ്താൽ തോട്ടപ്പു ഴശ്ശേരി പഞ്ചായത്തിലെ എല്ലാ ഭാഗത്തേക്കും ജലവിതരണം ചെയ്യുവാൻ സാധിക്കും.

പഞ്ചായത്തിൽ ഇടിഞ്ഞുകിടക്കുന്ന കിണർ, കുളം, തോടുകൾ ഇവ ഉപയോഗപ്രദമാക്കുവാൻ ആവശ്യമായ അറ്റകുറ്റപണികൾ തീർത്ത് ജലം ലഭിക്കുവാനും വിതരണം ചെയ്യുവാനും വേണ്ട ക്രമീകരണങ്ങൾ ചെയ്യണം. പഞ്ചായത്തിൽ കിണർ കുഴിക്കുവാൻ സൗകര്യമുള്ള സ്ഥാനങ്ങളിൽ കിണർ കുഴിപ്പിക്കണം. കുഴൽ കിണർ കുഴിപ്പിക്കുവാൻ യോജിച്ച ഇടങ്ങളിൽ അവ കുഴിപ്പിച്ച് hand pump ഉറപ്പിച്ചാൽ കുടിവെള്ള പ്രശ്നത്തിന് ഒരുപരിഹാരമാകും എട്ടാം വാർഡിലുള്ള 2 NES കിണറുകൾ ശുദ്ധീകരിച്ച് ഉപയോഗപ്രദമാക്കണം.

കാലപ്പഴക്കം ചെന്ന് ഉപയോഗത്തിലിരിക്കുന്ന ടാങ്കുകളുടെ വ്യാപ്തി വർദ്ധിപ്പിച്ച് കൂടുതൽ കുതിരശക്തിയുള്ള പമ്പുകളും ഉപയോഗിക്കുക. ചുമട്ടുപാറ, കള്ളിപ്പാറ എന്നീ സ്ഥലങ്ങളിലേക്ക് ചരൽകുന്നിൽ നിന്നുള്ള ജലവിതരണം ശരിയാക്കുകയും ചരൽകുന്നിലെ ടാങ്കിന്റെ വ്യാപ്തി ഉയർത്തുകയും ചെയ്ത് ജലക്ഷാമം പരിഹരിക്കണം.

വേനൽകാലത്ത് ജനങ്ങൾക്ക് പ്രയോജനകരമായി ഭവിയ്ക്കത്തക്കവണ്ണം ആറ്റിലേക്ക് ഇറങ്ങുന്ന ഇടങ്ങളിൽ കുളികടവുകൾ നിർമ്മിക്കണം. ആറ്റുതീരത്തുള്ള കിണറുകൾ വറ്റിപോകാതിരിക്കേണ്ടതിന് മണൽ വാരൽ നിയന്ത്രിക്കണം . വേനൽക്കാലത്തും പൈപ്പുവെള്ളത്തിന്റെ ലഭ്യത ഉറപ്പാക്കണം.

പൊതുജനാരോഗ്യം

ആരോഗ്യത്തിന് തോട്ടപ്പുഴശ്ശേരി പഞ്ചായത്തിലെ പ്രവർത്തനം നാമമാത്രമാണ്. ഒരു ആയുർവേദ ഡിസ്പെൻസറിയും, ഒരു പബ്ലിക് ഹെൽത്ത് സെൻററും, ഒരു ഹോമിയോ ഡിസ്പെൻസറിയും , കുടുംബക്ഷേമ കേന്ദ്രവും പഞ്ചായത്തിലുണ്ട്. ഈ സ്ഥാപനങ്ങളിൽ ഒന്നിലും രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യങ്ങളില്ല.

ഈ പഞ്ചായത്തിൽ റോഡുകളിൽ വെള്ളം ഒഴുകിപോകത്തക്കവണ്ണമുള്ള ഓടകൾ കുറവാണ്. അതുമൂലം വർഷക്കാലത്ത് റോഡുകളിൽ വെള്ളം കെട്ടികിടക്കുന്നു. തൻമൂലം കൊതുകുകൾ പെരുകുകയും പലരോഗങ്ങൾക്ക് കാരണമാകുകയും ചെയ്യുന്നു.

പഞ്ചായത്തിലാവശ്യമായ പൊതു കക്കൂസുകൾ കുറവാണ്. ഇത്തരത്തിലുള്ള ശുചീകരണ പ്രവർത്തനങ്ങളുടെ അഭാവം മൂലം പലവിധമായ പകർച്ച വ്യാധികൾക്ക് ഇടം നല്കുന്നു.

ഈ പഞ്ചായത്തിലെ പെരുമ്പാറ എന്ന സ്ഥലത്ത് പ്രവർത്തിക്കുന്ന ക്രഷറിൽ നിന്നും ഉണ്ടാകുന്ന മലിനീകരണം അന്തരീക്ഷത്തെ മലിനമാക്കുന്നതിനാൽ പല അസുഖങ്ങൾക്കും കാരണമാകുന്നു. ഒൻപതാം വാർഡിൽ കള്ളിപാറ എന്ന സ്ഥലത്ത് ഒരു എല്ലുപൊടി ഫാക്ടറി പ്രവർത്തിച്ചുവരുന്നതിനാൽ പരിസര മലിനീകരണം ഏറിവരുന്നു. അതു പല രോഗങ്ങൾക്കും ഇടയാക്കുന്നു.

നിർദ്ദേശങ്ങൾ

1. വാടകകെട്ടിടങ്ങളിൽ പ്രവർത്തിച്ചുവരുന്ന ഹെൽത്ത് സെന്ററുകൾക്കും ഡിസ്പൻസറികൾക്കുമായി പഞ്ചായത്തിന്റെ വകയായി കെട്ടിടങ്ങൾ നിർമ്മിച്ച് എല്ലാ ആധുനിക സൗകര്യങ്ങടോടും കൂടി പ്രർത്തിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കണം. പഞ്ചായത്തിൽ ഒരു P.HC. ആരംഭിക്കണം.

2. ശരീയായ രീതിയിലുള്ള ഓടകൾ നിർമ്മിക്കുകയും അവ അണുവിമുക്തമാക്കി സൂക്ഷിക്കയും ചെയ്യണം. ശാസ്ത്രീയമായ രീതിയിൽ കൊതുകു നിർമ്മാർജ്ജനം ചെയ്യുവാൻ ശ്രദ്ധിക്കണം.

3. റോഡുകളിൽ കുന്നുകൂടുന്ന ചപ്പു ചവറുകൾ നിക്ഷേപിക്കുവാൻ ആവശ്യമായ വീപ്പകൾ സ്ഥാപിക്കുക. അവ നശിപ്പിക്കുവാനുള്ള മാർഗ്ഗങ്ങളും കണ്ടെത്തണം. റോഡിലും തോട്ടിലും ആറ്റിലും ചപ്പുചവറുകൾ വലിച്ചെറിയാതെ വീപ്പകളിൽ ഇടാൻ തക്കവണ്ണം ഒരു സിവിക്ക് ബോധം ജനങ്ങളിൽ ഉണ്ടാക്കണം.

4. പഞ്ചായത്തിൽ ആവശ്യമായ പൊതു കക്കൂസുകൾ നിർമ്മിക്കുക. കോളനികളിൽ ജനസംഖ്യാനുപാതികമായി കക്കൂസുകൾ നിർമ്മിച്ചു കൊടുക്കുക.

5. ഏഴാം വാർഡിലുള്ള പൊതു ശ്മശാനത്തിന് ചുറ്റും മുള്ളുവേലി ഇട്ട് സൂക്ഷിക്കണം.

6. പരിസരമലിനീകരണത്തിന് ഇടയാക്കുന്ന എല്ലുപൊടിഫാക്ടറി അതിനു യോജിച്ചതും ജനങ്ങളുടെ ആരോഗ്യത്തിന് കോട്ടം തട്ടാൻ ഇടയാകാത്തതുമായ സൗകര്യപ്രദമായ ഒരു സ്ഥാനത്തേക്ക് മാറ്റി സ്ഥാപിക്കണം. വർദ്ധിച്ചുകൊണ്ടിരിക്കുന്ന പരിസരമലിനീകരണം തടയുന്നതിന് ആരോഗ്യ വിദ്യാഭ്യാസംകൊണ്ടുള്ള അവബോധം സൃഷ്ടിക്കുന്നത് തന്നെയാണ് ആവശ്യം.

7. പോഷകാഹാരകുറവ്, എയിഡ്സ്, മയക്കുമരുന്നും മദ്യപാനവും എന്നിവയുടെ ഭവിഷ്യത്തുകൾ സാധാരണ ജനങ്ങൾക്ക് മനസ്സിലാകുവാൻ തക്കവണ്ണമുള്ള ബോധവൽക്കരണ പരിപാടികൾ ഓരോ വാർഡിലും തക്കതായ പ്രാധാന്യം കൊടുത്ത് നടത്തുക.

8. പഞ്ചായത്തിലെ ക്രഷർ യൂണിറ്റുകൾ പ്രവർത്തിക്കുന്നതുമൂലമുണ്ടാകുന്ന അന്തരീക്ഷ ശബ്ദ മലിനീകരണം തടയുന്നതരത്തിലുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തണം. കൂടാതെ, പാറ പൊട്ടിക്കുന്നതിൽ നിയന്ത്രണങ്ങൾ വരുത്തണം.

■■

പഞ്ചായത്തിലെ പ്രധാന വാട്ടർടാങ്ക് പ്രമാടത്തുപാറ

പഞ്ചായത്ത് പമ്പ് ഹൗസ്

ശുദ്ധജല സ്രോതസ്സുകൾ

പൊതുകിണർ	പൊതു കുഴൽ കിണർ	കുളിക്കടവ്	ജലസംഭരണി
27 എണ്ണം	5 എണ്ണം	3 എണ്ണം	2 എണ്ണം (പ്രമാടം, ചരൽകുന്ന്)

സർക്കാർ വക ആരോഗ്യ സ്ഥാപനങ്ങൾ

	കേന്ദ്രം	വാർഡ്	ജീവനക്കാരുടെ എണ്ണം	പ്രവർത്തിക്കുന്ന സ്ഥാനം	റിമാർക്ക്
1	PHC	8	8	വാടക കെട്ടിടം	സ്വന്തം കെട്ടിടം ലഭ്യമാക്കണം
2	കുടുംബക്ഷേമ കേന്ദ്രം പെരുമ്പാറ	8	1	Do	Do
3	Do തോട്ടപ്പുഴശ്ശേരി, മാരാമൺ	2	1	Do	Do
4.	Do കുറിയന്നൂർ	7	1	Do	Do
5.	ആയുർവേദ ഡിസ്പെൻസറി ചിറയിറമ്പ്	3	4	Do	Do
6.	ഹോമിയോ ഡിസ്പെൻസറി, ചെട്ടിമുക്ക്	2	3	Do	Do

5.5 വ്യവസായം

ഭൂപ്രകൃതി, കിടപ്പ് , പ്രകൃതി വിഭവങ്ങൾ, വിദ്യാസമ്പന്നരും അദ്ധ്വാനശീലരും, സാമ്പത്തികശേഷിയുള്ള ആളുകൾ രാജ്യത്തിന്റെ അകത്തും പുറത്തുംനിന്ന് ശതാബ്ധങ്ങളുടെ അനുഭവ സമ്പത്തു നേടിയവർ മുതലായ ഘടകങ്ങൾകൊണ്ട് അനുഗ്രഹീതമാണ് തോട്ടപ്പുഴശ്ശേരി. വ്യവസായപദ്ധതികൾ പരിമിതമാണെങ്കിലും ഇവിടെ നിലവിലുള്ള വ്യവസായ സ്ഥാപനങ്ങൾ താഴെപ്പറയുന്നവയാണ്.

ക്രമനമ്പർ	യൂണിറ്റുകൾ	എണ്ണം
1.	പാറപൊടിക്കുന്നസ്ഥലം	3
2.	പാറമട	3
3.	എൻജിനീയറിംഗ് ഫാബ്രിക്കേഷൻ	5
4.	സർവീസ് സ്റ്റേഷൻ	1
5.	കോഴിവളർത്തൽ	1
6.	പായ്ക്കിംഗ് പേപ്പർ	1
7.	സസ്യഫല സംസ്കരണം	1

സ്വയം തൊഴിൽ പദ്ധതി പ്രകാരം നടത്തുന്ന വ്യവസായങ്ങൾ

ക്രമ നമ്പർ	ഇനം	യൂണിറ്റുകളുടെ എണ്ണം	തൊഴിലാളികൾ	
			പു.	സ്ത്രീ
1.	കാപ്പിപ്പൊടി	1	2	–
2	ബേക്കറി സോഡാ	13	13	7
3.	രാസമിശ്രിതം	1	1	4
4.	എണ്ണയാട്ട്	2	4	–
5.	ധാന്യപ്പൊടിക്കൽ	9	9	–
6.	ബീഡി	2	2	–
7.	ടയർ റീട്രെഡിംഗ്	1	2	–
8.	എല്ലുപ്പൊടി	1	2	3
9.	അച്ചടിശ്ശാല	1	2	1
10.	സിമന്റ് കട്ട നിർമ്മാണം	1	2	1

ഈ പഞ്ചായത്തിൽ പൊതുമേഖലയിൽ വ്യവസായങ്ങളൊന്നുമില്ല. സ്വകാര്യമേഖലയിൽ മാത്രമാണ് ആകയുള്ള വ്യവസായം. മൂന്നാം വാർഡിലെ ഹേവിയ ത്രഡ് ഫാക്ടറി മെച്ചപ്പെട്ടനിലയിലല്ല. നാലാം വാർഡിലാരംഭിക്കുന്ന ഫോം റബ്ബർ ഫാക്ടറി പുരോഗമിക്കുമെന്നു പ്രതീക്ഷിക്കുന്നു. വികസനാസൂത്രണ പദ്ധതിയുടെ ഒന്നാം ഘട്ടമായ ഗ്രാമസഭയിൽ നടന്ന ചർച്ചകളിൽ നിന്നും ഗ്രാമത്തിൽ മിക്കവാറും എല്ലാ വാർഡിലും ചെറുകിട വ്യവസായങ്ങൾ തുടങ്ങുവാനുള്ള താത്പര്യ വ്യക്തമാകുകയുണ്ടായി. അതിൽ മുഖ്യമായ ഇനങ്ങൾ ചുവടെ ചേർക്കുന്നു.

1. കറിപൗഡറുകൾ, അച്ചാറുകൾ, പായ്ക്കു ചെയ്ത ധാന്യങ്ങളും പൊടികളും
2. റെഡിമെയ്ഡ് വസ്ത്രങ്ങൾ, തയ്യൽ യൂണിറ്റുകൾ
3. കൂൺ ഉത്പാദനം, സംസ്കരണം, വിപണനം
4. സോപ്പുകൾ, പെർഫ്യൂമുകൾ, സൗന്ദര്യവർദ്ധകസാധനങ്ങൾ, മരുന്നുകൾ – ആയുർവ്വേദവും, ഇംഗ്ലീഷ് മരുന്നുകളും, കുട്ടികളുടെ ആഹാരവും
5. തേനീച്ചവളർത്തൽ
6. മെഴുകുതിരി നിർമ്മാണം, പായ്ക്കിംഗ് ബോക്സുകൾ, തടി ഉപകരണങ്ങൾ
7. റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ (വാണിജ്യ ഉപകരണങ്ങൾ, വാഹന ഭാഗങ്ങൾ തുടങ്ങിയവ
8. പ്ലാസ്റ്റിക് സാധനങ്ങൾ (ബാഗുകൾ, ഷെയ്ഡുകൾ തുടങ്ങിയവ)
9. അലൂമിനിയം സാധനങ്ങൾ
10. ക്ഷീരവ്യവസായം, ഫലസംസ്കരണം തുടങ്ങിയവ

സ്വയംതൊഴിൽ സംരംഭമേഖലയിൽ സ്ത്രീകൾ വളരെയധികം താത്പര്യം കാണിക്കുന്നുണ്ട്. പുരുഷന്മാർ പൊതുവെ തത്പരരെങ്കിലും മുൻകാല അനുഭവങ്ങൾ കണക്കിലെടുത്ത് വ്യവസായ രംഗത്തിറങ്ങാൻ ബുദ്ധിമുട്ടു പ്രകടിപ്പിക്കുന്നു.

പ്രതിസന്ധികൾ

1. സാങ്കേതികജ്ഞാനലഭ്യത ഇല്ലായ്മ

2. ലൈസൻസ് , എൻ. ഒ. സി., ഇലക്ട്രിസിറ്റി മുതലായവ ലഭിക്കാനുള്ള കാലതാമസവും ബന്ധപ്പാടുകളും.

3. ബാങ്കുകളിൽ നിന്നും മറ്റുസ്ഥാപനങ്ങളിൽ നിന്നും സാമ്പത്തിക സഹായം കിട്ടാനുള്ള ബദ്ധപ്പാടുകളും കാലതാമസവും.

4. ഉത്പന്നങ്ങൾക്ക് ഉചിതമായ വിപണി കണ്ടെത്താനുള്ള ബുദ്ധിമുട്ടുകൾ

5. സർക്കാർ ഓഫീസുകളിൽ നിന്ന് ഉണ്ടാകുന്ന നിസ്സഹരണവും നിഷ്ക്രിയത്വവും.

6. തൊഴിലാളി സംഘടനകളുടെ അനാവശ്യമായ ഇടപെടലുകൾ

നിർദ്ദേശങ്ങൾ

1. പഞ്ചായത്ത് വ്യവസായ വികസനപരിപാടിപ്രകാരം നടപ്പാക്കാവുന്ന വ്യവസായങ്ങളെപ്പറ്റി വിശദമായ പ്രസിദ്ധീകരങ്ങൾ ഒരു വോളന്ററി എഡിറ്റോറിയൽ ഫോറംത്തിന്റെ മേൽനോട്ടത്തിൽ പ്രസിദ്ധീകരിക്കുന്നത് അഭികാമ്യമായിരിക്കും.

2. (a) പഞ്ചായത്തിൽ വികസന ആസൂത്രണ സഹായകമായ പ്രസിദ്ധീകരണങ്ങൾ ലഭ്യമാക്കുക.

(b) വ്യവസായ പുരോഗതിക്ക് പൊതുജനങ്ങളെ ബോധവത്കരിക്കുന്നതിന് പഞ്ചായത്തിൽ ഒരു ലൈബ്രറി ഇൻഫർമേഷൻ സെന്റർ തുടങ്ങുക.

(c) ബോധവത്കരണം ലാക്കാക്കി ഓരോ വ്യവസായത്തെപ്പറ്റിയും ക്ലാസ്സുകൾ നടത്തുക.

(d) പൊതു താത്പര്യമുള്ള വിഷയങ്ങൾ നോട്ടീസ് ബോർഡിൽ പരസ്യപ്പെടുത്തുക.

3. ഉത്പാദനം ആരംഭിക്കുന്ന യൂണിറ്റുകളിലെ ഉത്പാദനക്ഷമത, ഉത്പന്നങ്ങളുടെ വിപണന സാദ്ധ്യത മുതലായവ കണക്കിലെടുത്ത് വിപണനം കാര്യക്ഷമമായി നടത്തുന്നതിന് ഒരു സെൻട്രൽ മാർക്കറ്റിംഗ് ഏജൻസി മൂന്നാം വാർഡ് ഗ്രാമ സഭയുടെ നിർദ്ദേശപ്രകാരം ആരംഭിക്കുക.

4. വികസന പ്രവർത്തനങ്ങളിൽ രാഷ്ട്രീയ ഇടപെടൽ ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കുക.

5. സംഘടനകൾ (കോ-ഓപ്പറേറ്റീവ് സൊസൈറ്റി മുതലായവ) രൂപീകരിച്ചു അതുമുഖാന്തിരം വ്യവസായ വത്ക്കരണം സാദ്ധ്യമാക്കുക.

6. ജനപങ്കാളിത്തത്തോടുകൂടി പൊതുസ്ഥാപനങ്ങൾ ക്രമീകരിച്ച് ആസൂത്രണവും വികസനവും പ്രാവർത്തികമാക്കുക.

7. പണവും സമയവും വിനിയോഗിച്ച് ബദ്ധപ്പാടുകൾ സ്വയം ഏറ്റെടുത്തു വ്യവസായങ്ങൾ നടത്തുന്ന സംരംഭകന്റെ നിലനില്പിന് അത്യാവശ്യമായ സുരക്ഷിതത്വം പഞ്ചായത്തുതലത്തിൽ ഉറപ്പുവരുത്തുക.

മറ്റു തൊഴിൽ മേഖലകൾ

1) പമ്പാനദിയിലെ മണൽവാരലാണ് ഈ പഞ്ചായത്തിലെ മുഖ്യ ആദായ മാർഗ്ഗം. നമുക്കാവശ്യമുള്ളതിൽ കൂടുതൽ മണൽ തരുന്നതിനോടൊപ്പം തൊഴിലവസരങ്ങളും ധാരാളം പ്രദാനം ചെയ്യുന്ന ഒരു മേഖലയാണ്.

2) പാറയുടയ്ക്കൽ ഒരു നല്ല വ്യവസായമാണ്. ധാരാളം പേർക്ക് തൊഴിലവസരങ്ങൾ ഇതുമൂലം ലഭിക്കുന്നുണ്ട്. പാറമടയിൽ നിന്ന് പാറ കൊണ്ടുപോകുന്നതിന് പഞ്ചായത്തുറോഡുകളാണ് ഉപയോഗിക്കുന്നതെങ്കിലും ലൈസൻസ് ഫീസല്ലാതെ മറ്റു വരുമാനം ഒന്നും പഞ്ചായത്തിനു ലഭിക്കുന്നില്ല.

1932-ൽ ചരൽമൗണ്ടിൽ ഉരുൾ പൊട്ടിയതാണ്. ഇന്നും പ്രായമുള്ളവർ അതിന്റെ ഭീകരതയെപ്പറ്റി വർണ്ണിക്കുമ്പോൾ അവിടെയുള്ള പാറയുടയ്ക്കുന്നതിനെപ്പറ്റി ആലോചിക്കുമ്പോൾ തന്നെ ഭയം തോന്നുന്നു. ഊട്ടിക്കും ഒന്നര കിലോമീറ്റർ വരെ ദൂരത്തിലുള്ള വാസസ്ഥലങ്ങൾക്ക് അന്ന് ആഘാതമുണ്ടായി. പുല്ലാടു വയലിൽകൂടി ഒരു പ്രളയം തന്നെയുണ്ടാകുകയും ആടുമാടുകളും മറ്റും ഒഴുകിപ്പോകുകയും ചെയ്തു. ഈ വസ്തുതകൾ കണക്കിലെടുത്താൽ ചരൽക്കുന്നിനടുത്തുള്ള പാറയുടയ്ക്കൽ വ്യവസായം അഭികാമ്യമായ ഒന്നല്ല. ആയതിനാൽ ഈ സംരംഭം മുന്നോട്ടുകൊണ്ടുപോകുന്നതിനുമുമ്പായി വിദ്ധഗ്ദരെക്കൊണ്ട് പരിശോധിപ്പിച്ച് വേണ്ട നടപടികൾ സ്വീകരിക്കുന്നതായിരിക്കും ഏറ്റവും നല്ലത്. ഇത് പരിസ്ഥിതിയുടെയും ജനങ്ങളുടെയും ആവശ്യമായതുകൊണ്ട് പഞ്ചായത്തുതന്നെ ഇതിന് സത്വരനടപടിയെടുക്കാൻ അടിയന്തരമായി മുൻകൈയെടുക്കേണ്ടതാണ്.

പുതിയമേഖലകൾ

1. പഞ്ചായത്തിൽ റബ്ബർ കൃഷി നല്ലനിലയിൽ വ്യാപമായി നടത്തുന്നതിനാൽ റബ്ബർ അധിഷ്ടിത ഉത്പന്നങ്ങൾ നിർമ്മിക്കുന്ന ധാരളം വ്യവസായങ്ങൾക്ക് ഇവിടെ സാദ്ധ്യതയുണ്ട്.

2. മണൽ, കരിങ്കല്ല്, തടിമുതലായ അസംസ്കൃത സാധനങ്ങൾ ധാരാളം ഉളളതുകൊണ്ട് പഞ്ചായത്തു കെട്ടിട നിർമ്മാണ സാമഗ്രികളും ഫർണിച്ചറും നിർമ്മിക്കുന്ന ഫാക്ടറികൾക്ക് യോജിച്ചതാണ്.

3. ഓട്, ഇഷ്ടിക മുതലായവ പഞ്ചായത്തിൽ എത്തുന്നത് വളരെ ദൂരെ നിന്നാണ്. ഈ വ്യവസായത്തിന് ഇവിടെ നല്ല സാധ്യതയുണ്ട്.

4. പഞ്ചായത്തിന്റെ മധ്യഭാഗത്തെവിടെയെങ്കിലും സൗകര്യമുള്ള സ്ഥലത്ത് ഒരു മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിച്ചാൽ പുതിയ സംരംഭകർക്ക് (25 മുതൽ 50 വരെ സ്ഥാപനങ്ങൾ) നടത്താൻ കഴിയും.

വ്യവസായങ്ങൾ തുടങ്ങുവാൻ പഞ്ചായത്തിൽ എല്ലാവാർഡുകളിൽ നിന്നും പൊതുവെ പൊതുജന സന്നദ്ധത കാണുന്നു. എന്നാൽ ഏതു വ്യവസായവും അതിന് ആരംഭംകുറിയ്ക്കാനുള്ള ബദ്ധപ്പാടുകൾ പലതാണ്. ഇൻഡസ്ട്രിയൽ ഡിപ്പാർട്ടുമെന്റിലെ ഗ്രീൻചാനൽ കൗണ്ടറുകൾ പോലും ഉദ്ദേശിച്ചവിധത്തിൽ പ്രയോജനകരമായി തോന്നുന്നില്ല. ഇന്നത്തെ വ്യവസ്ഥകൾ നിശ്ശേഷം ശുദ്ധീകരിച്ച് ലളിതവും ത്വരിതപരവുമായ നടപടിക്രമങ്ങളുണ്ടാക്കിയാൽ ഈ രംഗത്തുവരുവാൻ ധാരാളം ആളുകൾ താത്പര്യപ്പെടും.



5.6 ഗതാഗതം ഊർജ്ജം മാർക്കറ്റ്

ഗതാഗതം

പഞ്ചായത്ത് 1953-ൽ രൂപീകൃതമായപ്പോൾ തിരുവല്ല-കോഴഞ്ചേരി,കുമ്പനാട് ചെറുകോൽപ്പുഴ, മാരാമൺ - തടിയൂർ എന്നീ P.W.D. റോഡുകളുടെ ഭാഗങ്ങളും ചുരുക്കം ചില ഇടവഴികളുമെ ഉണ്ടായിരുന്നുള്ളൂ. P.W.D. റോഡുകൾ അന്ന് ടാർ ചെയ്തിരുന്നില്ല. തുടർന്നുണ്ടായ വികസനത്തിന്റെ ഭാഗമായി മേൽപറഞ്ഞ P.W.D. റോഡുകൾ ടാറിട്ടു എങ്കിലും അതിന്റെ സംരക്ഷണ പണികൾ ഒരു സമയത്തും നടക്കാത്തതിനാൽ റോഡുകളുടെ അവസ്ഥ ശോചനീയമാണ്. പൊതുവെയുള്ള വികസനത്തിന്റെ ഫലമായി മേൽപറഞ്ഞ P.W.D. റോഡുകളുമായി ബന്ധപ്പെടുത്തി ധാരാളം ഇടവഴികളും പൊതുജനസഹകരണത്തിൽ നിർമ്മിക്കപ്പെട്ടിട്ടുണ്ട്. റോഡുകളുടെ സമഗ്രമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

പഞ്ചായത്തിൽ വാഹന ഗതാഗത യോഗ്യമായ ആകെ റോഡുകൾ ഏകദേശം 150 കി. മി. ആണ്. ഒരു ച. കി. മി. വിസ്തീർണ്ണത്തിന് 10.65 കി. മി. റോഡുണ്ട്. സംസ്ഥാനത്തെ ശരാശരിയായ 3.2 കി. മി. നെക്കാൾ കൂടുതലായിട്ടുണ്ടെങ്കിലും ജനസംഖ്യാനുപാതത്തിൽ ഇത് തുലോം പരിമിതമാണ്. പഞ്ചായത്തിൽ ആകെ ടാർ ചെയ്ത റോഡ് ഏകദേശം 35 കി. മി. ആണ്. ഇതിൽ നിന്നും ഒരു ച. കി.മി. വിസ്തീർണ്ണത്തിന് 2.48 കി. മി. ആണ് എന്നു കാണാം. പഞ്ചായത്തിലെ മൊത്തം ജനസംഖ്യയും ടാർ റോഡിന്റെ നീളവും കണക്കിലെടുക്കുമ്പോൾ ഒരാൾക്ക് 0.02 മീറ്റർ ടാർ റോഡുമാത്രമെയുള്ളൂ. സഞ്ചാരയോഗ്യമായ അന്യ റോഡുകളുടെ വിവരം താഴെ ചേർക്കുന്നുണ്ട്.

ഈ പഞ്ചായത്തിന്റെ പരിധിയിൽ ബസ്റ്റാന്റുകൾ ഇല്ലയെങ്കിലും ഈ പഞ്ചായത്തിൽകൂടെ അടുത്തുള്ള പ്രധാന സ്ഥലങ്ങളിലേക്ക് ബസ് റൂട്ടുകളും ജനങ്ങളുടെ യാത്രാ സൗകര്യത്തിനായി ടാക്സി കാറുകളും ഓട്ടോറിക്ഷളുകളും ലഭ്യമാണ്. അവയ്ക്കുള്ള താല്ക്കാലിക സ്റ്റാന്റുകളും പ്രധാന ജംഗ്ഷനുകളിൽ നിലവിലുണ്ട്.

പഞ്ചായത്തിൽ നിലവിലുള്ള ടാർ റോഡുകൾ അവയുടെ ഉടമസ്ഥത, ദൂരം, വീതി, യാത്രാസൗകര്യങ്ങൾ എന്നിവ -ാം പേജിൽ കൊടുക്കുന്നു.

റോഡു ശൃംഖലയുണ്ടെങ്കിലും എല്ലാ റോഡുകളുടെയും അവസ്ഥ തികച്ചും ശോചനീയമാണ്. ഇതിന്റെ മുഖ്യ കാരണം യഥാസമയം മരാമത്തു പണികൾ നടത്തികിട്ടാത്തതാണ്. ആവശ്യത്തിന് ഫണ്ടില്ലായ്മ എല്ലാ വികസന പ്രവർത്തനങ്ങൾക്കും പ്രധാന തടസ്സമായി അനുഭവപ്പെടുന്നു.

റോഡു നിർമ്മാണം.

1.1 ടാർ റോഡുകളുടെ പ്രശ്നങ്ങൾ

നിലവിലുള്ള റോഡുകളുടെ ഗുണനിലവാരമാണ് പ്രധാന പ്രശ്നം. യാത്രാ സൗകര്യമായ വിധത്തിൽ റോഡുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുകയാണ് പ്രധാന ആവശ്യം. ഫണ്ടും വകുപ്പു തല നടപടികളുമാണ് ആവശ്യം.

1.2 പുതിയ റോഡുകൾ

ഇപ്പോൾ പഞ്ചായത്തുകളിലെ വിവിധ വാർഡുകളിൽ ടാറിടാതെയും മറ്റു സംരക്ഷണ പണികൾ ചെയ്യാതെയും ഇരിക്കുന്ന വിവധ റോഡുകൾ എത്രയും വേഗം മെറ്റിലും ടാറും ഇട്ട് യാത്രാ സൗകര്യങ്ങൾ വർദ്ധിപ്പിക്കണം.

1.3 റോഡുകളുടെ ശോചനീയാവസ്ഥ

ഗ്രാമസഭകളിൽ നിന്നും ഉയർന്ന നിർദ്ദേശങ്ങളിൽ ഭൂരിഭാഗവും നിലവുലുള്ള മൺറോഡുകളുടെയും മെറ്റൽ റോഡുകളുടെയും ശോചനീയാവസ്ഥയെ ആസ്പദമാക്കിയുള്ളതാണ്. പൊട്ടിപ്പൊളിഞ്ഞതും താറുമാറായികിടക്കു

ന്നതും ആയറോഡുകളിൽ പുനരുദ്ധാരണ പണികൾനടത്തുകയെന്നുള്ളതുമാണ് മുഖ്യ ആവശ്യം. റോഡുകൾ മെറ്റൽ ചെയ്ത് ടാറിടാനുള്ള നിർദ്ദേശങ്ങൾ നിരവധിയുണ്ട്. ഇവ അനുബന്ധം എ. പട്ടികയിൽ പെടുത്തിയിരിക്കുന്നു.

1.4 പുതിയ മൺറോഡുകൾ

പുതിയ മൺറോഡുകൾ നിർമ്മിക്കുന്നതിന് ധാരാളം നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. മിക്കവയും നിലവിലുള്ള നടപ്പാതകൾ മൺറോഡുകളായി മാറ്റുവാനും തുടർന്ന് മെച്ചപ്പെടുത്തുവാനുമാണ് ആവശ്യപ്പെട്ടിട്ടുള്ളത്. ഇവ അനുബന്ധം ബി. പട്ടികയിൽപ്പെടുത്തിയിക്കുന്നു.

11. റോഡുഗതാഗതം

റോഡുഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്നിട്ടുള്ള നിർദ്ദേശങ്ങൾ പരിഗണിക്കുമ്പോൾ താഴെപ്പറയുന്ന സാധ്യതകൾ പ്രാധാന്യമർഹിക്കുന്നു.

1. ഗതാഗത തിരക്കുള്ള റോഡുകളിൽ ഓടകളുടെ കുറവ് റോഡിന്റെ നിലനില്പിനെ തടസ്സമാക്കുന്നു. P.W.D. റോഡുകളുടെ സംരക്ഷണത്തിന് ഓടകൾ നിർമ്മിച്ച് പ്രശ്നം പരിഹരിക്കേണ്ടതാണ്.

2. പഞ്ചായത്തിലെ ഒന്നാം വാർഡിൽപ്പെട്ട സത്രക്കടവിൽ ഒരു കടത്തുവള്ളം കൂടി പുതിയതായി ഇട്ട് യാത്രാക്ലേശം പരിഹരിക്കണം.

3. കിഴവറക്കടവിൽ തൂക്കുപാലം നിർമ്മിച്ച് ഒന്നാം വാർഡിലെ യാത്രാക്ലേശം ഒഴിവാക്കണം.

4. മൂന്നാം വാർഡിൽപ്പെട്ട ചെട്ടിമുക്ക്– കുറിയന്നൂർ റോഡ് സഞ്ചാര യോഗ്യമാക്കി നിർത്തിവച്ചിരിക്കുന്ന ബസ് സർവ്വീസ് പുനസ്ഥാപിക്കണം

5. ഈ പഞ്ചായത്തിൽ കൂടി റാന്നി, തിരുവല്ല, കോഴഞ്ചേരി, ചെങ്ങന്നൂർ ഭാഗങ്ങളിലേക്കുണ്ടായിരുന്ന കെ.എസ്. ആർ. ടി. സി. യും മറ്റു പ്രൈവറ്റു ബസ്സുകളും റോഡുകളുടെ ശോചനീയാവസ്ഥകാരണം നിർത്തലാക്കിയിട്ടുണ്ട്. അവ പുനസ്ഥാപിപ്പിക്കുന്നതിനുവേണ്ടി റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ അടിയന്തരമായി ചെയ്യുകയും റൂട്ടുകൾ പുനസ്ഥാപിക്കുകയും ചെയ്യാൻ വേണ്ട നടപടികൾ ആവശ്യമായിട്ടുണ്ട്.

III മെറ്റൽ റോഡുകളും പ്രധാന മൺ റോഡുകളും.

1. ടാർ ചെയ്യേണ്ട മെറ്റൽ റോഡുകൾ

നിലവിലുള്ള ടാർ റോഡുകളോടൊപ്പം ടാർ ചെയ്യേണ്ട മെറ്റൽ റോഡുകളുടെ പട്ടിക താഴെ കൊടുക്കുന്നു. അതിൽ ഉൾപ്പെടുത്തിയിട്ടുള്ള റോഡുകൾ ടാറു ചെയ്യുന്നതിന് അടിയന്തിര പ്രധാന്യം കൊടുക്കേണ്ടതാണ്.

പട്ടിക

ടാർ ചെയ്യേണ്ട മെറ്റൽ റോഡുകൾ

നമ്പർ	വാർഡ്	റോഡിന്റ പേര്	ടാർ ചെയ്യേണ്ട ദൂരം കി.മി.	വീതി മീ.
1.	5.	കുറിയന്നൂർ ഹൈസ്ക്കൂൾ-കുടന്ത മൂഴി റോഡ്.	0.7	4.5

2. മറ്റു പ്രധാനമൺറോഡുകൾ

അടിയന്തിര പ്രധാന്യത്തോടുതന്നെ മെറ്റൽ ചെയ്തു ടാർ ചെയ്യേണ്ട റോഡുകൾ ധാരാളം ഉണ്ട്. ഓരോ വാർഡിൽ നിന്നും ഉൾപ്പെടുത്താവുന്ന റോഡുകളുടെ പട്ടിക താഴെ ചേർക്കുന്നു.

ഊർജ്ജം

ഗ്രാമ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും വൈദ്യുതി എത്തിയിട്ടുണ്ടെങ്കിലും വൈദ്യുതി എത്താത്ത വീടുകൾ ഇപ്പോഴുമുണ്ട്. ഈ പഞ്ചായത്തിന്റെ പരിധിയിൽ 4000 ഉപഭോക്താക്കളുണ്ട്. വൈദ്യുതി ബോർഡിന്റെ ഒരു ഓവർ സിയർ ഓഫീസ് മാത്രമുണ്ട്. പഞ്ചായത്തിൽ നിലവിലുള്ള, ആയത് അയിരൂർ സെക്ഷന്റെയും കോഴഞ്ചേരി മേജർ സെക്ഷന്റെയും പരിധിയിൽ വരുന്നതാണ്. ഇവിടുത്തെ ഉപഭോക്താക്കൾക്ക് ചാർജ്ജ് അടയ്ക്കുവാനും വൈദ്യുതി സംബന്ധമായുള്ള പരാതികൾക്കുമായി അയിരൂർ സെക്ഷനെയും, ചെട്ടിമുക്കിൽ ഇപ്പോഴുള്ള ഓവർ സിയർ ഓഫീസുമായിട്ടാണ് ബന്ധപ്പെടേണ്ടത്.

പഞ്ചായത്തിന്റെ 3-ാം വാർഡിൽപെട്ട കൊച്ചുമോളുംപുറം റോഡ്, കുന്നന്തനം ചർച്ച് റോഡ് എന്നീ റോഡുകളുടെ ഇരുവശത്തുമുള്ള ഉപഭോക്താക്കളും ഒന്നാം വാർഡിലെ മാടോലിൽപടി കിഴവറക്കടവുറോഡിലെ ഉപഭോക്താക്കളെയും വെണ്ണിക്കുളം മേജർ സെക്ഷൻ ആഫീസാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇവയെ കറന്റു ചാർജ്ജ് അടയ്ക്കുന്നതിനും പഞ്ചായത്താഫീസിൽ നിന്നും ആഫീസു സംബന്ധമായ ആവശ്യങ്ങൾക്ക് ബന്ധപ്പെടുന്നതിനുമുള്ള സൗകര്യം യഥാക്രമം കോഴഞ്ചേരി, ആറന്മുള എന്നീ സെക്ഷൻ ആഫീസിലേക്ക് മാറ്റേണ്ടതാണ്.

ഈ പഞ്ചായത്തിലെ ട്രാൻസ്ഫോമറുകളുടെ എണ്ണം അപര്യാപ്തമാണ് വോൾട്ടേജുകുറവ്, മിക്ക സ്ഥലങ്ങളിലും അനുഭവപ്പെടുന്ന വൈദ്യുതി തടസം നിത്യസംഭവമാണ്. ഈ പഞ്ചായത്തിൽ ഒരു സെക്ഷൻ ഓഫീസ് സ്ഥാപിച്ചു കിട്ടുവാൻ വേണ്ട നടപടി എടുക്കണം.

വൈദ്യുതി ഉപഭോക്താക്കളിൽ ഭൂരിഭാഗവും ഗാർഹിക ഉപഭോക്താക്കളാണ്. വ്യവസായ ഉപഭോക്താക്കൾ കുറവാണ്. പുതിയ ട്രാൻസ്ഫോമറുകൾ സ്ഥാപിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിക്കേണ്ടതാണ്.

റോഡുകൾക്ക് ആനുപാതികമായി സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചിട്ടില്ല. കണക്കുകൾ പ്രകാരം ഇപ്പോൾ മൊത്തം ഇരുപത്തിയാറ് ട്യൂബ് ലൈറ്റുകളും എഴുനൂറ്റി മുപ്പത്തിമൂന്ന് ബൾബുകളുമാണ് ഉള്ളത്. കള്ളിപ്പാറ, കള്ളിപ്പാറ ലക്ഷം വീട് എന്നിവിടങ്ങളിൽ വൈദ്യുതി ഇതുവരെയും എത്തിയിട്ടില്ല. അത് ലഭ്യമാക്കണം.

പഞ്ചായത്തിലെ മിക്ക വീടുകളിലും പാചകത്തിനു പയോഗിക്കുന്നത് വിറകാണ്. പുകയില്ലാത്ത അടുപ്പുകളുടെ എണ്ണം വളരെ കുറവാണ്. ഗ്യാസ് ഉപയോഗിച്ചുള്ള പാചകം എളുപ്പത്തിൽ പ്രചാരത്തിലായിവരുന്ന ഈ കാല ഘട്ടത്തിൽ ഗ്രാമത്തിലെ ഉപഭോക്താക്കൾക്ക് പ്രയോജനപ്രദമാകത്തക്കവണ്ണം ഗ്യാസ് ഏജൻസി അനുവദിച്ചു കിട്ടാൻ ഗ്രാമസഭ മുൻകൈയ്യെടുക്കണം. ഗ്യാസിന്റെ നിലവിലുള്ള ഉപഭോക്താക്കൾക്കു തന്നെ സിലണ്ടർ യഥാസമയം കിട്ടുവാനോ, പുതിയ കണക്ഷൻ നേടിയെടുക്കുവാനോ ബുദ്ധിമുട്ടാണ്. വിറകിന്റെ ലഭ്യത കുറഞ്ഞുവരുന്നതിനാൽ ജൈവഗ്യാസിന്റെയും സൗരോർജ്ജത്തിന്റെയും ഉല്പാദനം വികസിപ്പിച്ചെടുക്കുവാനും പ്രായോഗികമാക്കുവാനും വേണ്ട ബോധവത്ക്കരണവും ആവശ്യമാണ്.

മാർക്കറ്റ്

ഈപഞ്ചായത്തിൽ പൊതുമാർക്കറ്റ് നിലവിലില്ല. സമീപ പ്രദേശങ്ങളിലുള്ള കോഴഞ്ചേരി, പുല്ലാട്, തടിയൂർ ചെങ്ങന്നൂർ എന്നീ മാർക്കറ്റുകളെയാണ് ഇവിടുത്തെ ഗ്രാമ വാസികൾ പ്രയോജനപ്പെടുത്തുന്നത്. ഗ്രാമപഞ്ചായത്തു പ്രദേശത്ത് ആഴ്ച ചന്ത തുടങ്ങുന്നത് പ്രയോജനകരമായിരിക്കും. പഞ്ചായത്തിന്റെ മധ്യ ഭാഗമായ തോണിപ്പുഴയിലോ അതിനു സമീപഭാഗത്തോ മാർക്കറ്റ് സ്ഥാപിച്ചാൽ അത് എല്ലാ പ്രദേശത്തുള്ള ജനങ്ങൾക്കും പ്രയോജനകരവും സൗകര്യപ്രദവും ആയിരിക്കും. ആയതിലേക്ക് സർക്കാർ വക പുറമ്പോക്ക് സ്ഥലം ഉണ്ടെങ്കിൽ അതു തിട്ടപ്പെടുത്തി മാർക്കറ്റ് സ്ഥാപിച്ചാൽ കൂടുതൽ എളുപ്പമായി ഈ പദ്ധതി നടപ്പിൽ കൊണ്ടുവരുവാൻ കഴിയും.

ഈ പഞ്ചായത്തിൽ വില്പന സാദ്ധ്യതയുള്ള കാർഷിക ഉത്പന്നങ്ങളിൽ മുഖ്യമായവ റബ്ബർ, നാളികേരം, കുരുമുളക്, നേന്ത്രക്കായ, കപ്പ, കൊക്കോ മുതലായവയാണ്.

പട്ടിക - 4

നമ്പർ	വാർഡ്	റോഡിന്റ പേര്	ദൂരം കി.മി.	വീതി മീ.
1.	1	പൂഴിക്കുന്ന് കുറ്റിയിൽപടി റോഡിന്റെ പൂച്ചേരിമുക്കുമുക്ക് മുതൽ പൂഴിക്കുന്നമ്പലം വരെ		6
2.		പാണ്ടിയാപറമ്പിൽ പടി - ഇല്ലത്തുംപടി		6
3.		കവുങ്കോട്ടുപടി - അമയിൽപടി		6
4.		കുന്നേത്തുപടി - പുഞ്ചയിലേക്കുള്ള വഴി		
5.	2	മേച്ചേരിപടി - പാലക്കാട് റോഡ്		6
6.		റാഹൂർപടി - മുക്കോൻപടി		6
7.		റാഹൂർപടി മുതൽ ചാക്കമാർ പടി		6
8.		ആലുനിൽക്കുന്നതിൽപടി - ചാക്കമാർപടി		6
9.	3	കൈതമംഗലത്തു പടി - മേച്ചിറ കോളനി റോഡ്		6
10.		കുന്നന്താനം ചർച്ച് റോഡ്		6
11.		കൊടുവേലിൽ തോട്		6
12.	4	നെടുമ്പ്രയാർ - മൂഴിയിൽപടി		6
13.		മാരാമൺ - പളളിപടി റോഡ്		6
14.		കുളത്തൂർപടി - കോയിത്തോടത്തുപടി		6
15.		ചാലായിക്കര - പരുത്തിക്കാട്		6
16		മാലേത്തു കടവ്-ആലുനില്ക്കുന്നതിൽ പടി റോഡ്		6
16.	5	അമ്പാട്ടുപടി - ഭഗവതിക്കാവ്		6
17.		കൊളഞ്ഞാട്ടുപടി - അമ്പാട്ടു കടവ്		6
18.		കൊളഞ്ഞാട്ടു മുക്ക് - മ്യാലിപടി		6

19.		ചിറയിറമ്പ് – വലിയകാലാപടി		6
	5	നെല്ലിമല ലക്ഷം കോളനി റോഡ്		6
20.		അമ്പഴക്കുന്നേൽ പടി – ഹൈസ്ക്കൂൾ	1 km.	6
21.				
22.	6	കുമ്പൻകുഴി – അരുവിക്കുഴി റോഡ്	2.5	6
23.		പെരുമ്പാറ കട്ടേപ്പുറം റോഡ്	2	6
24.		പനയ്ക്കത്തടം – മുക്കട റോഡ്		6
25.	7	മുക്കട – ആശാൻ റോഡ്		6
26.		മരംകൊളളി – പൂവൻവാഴ		6
27.		തടിയൂർ – അരുവിക്കുഴി റോഡ്		6
28.		വൈ. എം. സി. എ. പരുത്തിമുക്ക് റോഡ്	2	6
29.		പൂവൻപാറ – വട്ടമല റോഡ്	1.5	6
30.	8	മൈക്കുഴിപ്പടി – ചാമക്കാലായിൽപ്പടി	0.7	6
31.		പെരുമ്പാറ – ആഴയ്ക്കാട്ടുപടി	1.5	6
		ചളളക്കുഴി – അരുവിക്കുഴി	1.5	6
32.		മാലൂർ – കളളിപ്പാറ റോഡ്	3	6
33.		ചുവട്ടുപാറ – കൊടിയിട്ടകാല റോഡ്	2.50	6
34.		ചളളക്കുഴി – കൊടിയിട്ടകാല റോഡ്	2.00	6
35.	9	പരുത്തിമുക്ക് – കുറവൻകുഴി	2.00	6
36.		ചുവട്ടുപാറ – കുഴിമണ്ണിൽ	2.00	6
37.		വട്ടംകാലാ – പുല്ലാന്നിമൂട്	2	6

IV. റോഡ് വികസനം

പഞ്ചായത്തിലെ റോഡുകളെ സംബന്ധിച്ചുള്ള വിവരങ്ങൾ ഉണ്ടെങ്കിൽത്തന്നെയും അവ പൂർണ്ണമല്ല.

1. വിവിധതരം റോഡുകൾ

ചുരുങ്ങിയത് 3 മീറ്റർ എങ്കിലും വീതിയുള്ള വഴികളെ റോഡുകൾ എന്നു വിളിക്കാം. ഇവ മൂന്നു തരത്തിലുണ്ട്. ടാർ റോഡ്, മെറ്റൽ റോഡ്, മൺ റോഡ്. ഇവയുടെ ശൃംഖലയെ റോഡുശൃംഖല എന്നു വിളിക്കാം. മിക്ക പദ്ധതികളിലും റോഡുകൾക്ക് പണം അനുവദിക്കുന്നതു അവയുടെ വീതി കണക്കിലെടുത്തിട്ടാണെന്നതിനാൽ റോഡുകളെ അവയുടെ വീതിയുടെ അടിസ്ഥാനത്തിൽ തരം തിരിക്കുന്നത് നന്നായിരിക്കും

2. റോഡു പട്ടികകൾ.

പഞ്ചായത്തിൽ നിലവിലുള്ള എല്ലാ തരത്തിലുള്ള റോഡുകളുടെയും ഒരു ആധികാരിക പട്ടിക (പട്ടിക A) സൂക്ഷിക്കേണ്ടതാണ്. ഈ പട്ടിക വാർഡ് അടിസ്ഥാനത്തിൽ റോഡുകൾക്ക് നൽകേണ്ട മുൻഗണനാ പ്രകാരം തയ്യാറാക്കാം.

നിലവിലുള്ള റോഡുകളുടെ സമഗ്രമായ പട്ടികകൾ തയ്യാറാക്കുമ്പോൾ താഴെ ചേർക്കുന്നവിവരങ്ങൾ ഉൾപ്പെടുത്തണം.

പട്ടിക 4

1. വാർഡ്
2. റോഡിന്റെപേര് (തുടക്കം, ഒടുക്കം, ജംഗ്ഷനുകൾ എന്നിവ വ്യക്തമായി കാണിക്കേണ്ടതാണ്.)
3. ദൂരം
4. വീതി
5. ടാർ ചെയ്ത ദൂരം
6. മെറ്റൽ ചെയ്ത ദൂരം
7. മെറ്റൽ ചെയ്യേണ്ട ദൂരം
8. ഓവുചാൽ നിലവിലുള്ള ദൂരം
9. ഓവുചാൽ ആവശ്യമായ ദൂരം
10. പാർശ്വ സംരക്ഷണ ഭിത്തി നിലവിലുള്ള ദൂരം
11. പാർശ്വ സംരക്ഷണ ഭിത്തി ആവശ്യമുള്ള ദൂരം
12. നിലവിലുള്ള കലുങ്കിന്റെ / ചപ്പാത്തുകളുടെ എണ്ണം
13. ആവശ്യമായ കലുങ്കിന്റെ / ചപ്പാത്തുകളുടെ എണ്ണം
14. തന്നാണ്ടിൽ ചിലവഴിച്ച പൊതു ഫണ്ട്
15. സഞ്ചിത തുക (മുൻ വർഷത്തെ ചിലവ്)

ഈ പട്ടിക എല്ലാവർഷവും പുതുക്കേണ്ടതാകുന്നു. ഇതുപോലെ പുതുതായി നിർമ്മിക്കേണ്ട റോഡുകളുടെ പട്ടികയും തയ്യാറാക്കേണ്ടതാണ്. (പട്ടിക B) ഈ പട്ടികയിലും മുൻ പറഞ്ഞ വിവരങ്ങൾ തന്നെയാണ് രേഖപ്പെടുത്തേണ്ടത്. ആവശ്യമായ എല്ലാ സമ്മതപത്രങ്ങളോടും കൂടെ മൺ റോഡുകൾ നിർമ്മിച്ചുകഴിഞ്ഞശേഷം ഇവ പട്ടിക A യിലേക്കു മാറ്റേണ്ടതാണ്.

പരിസ്ഥിതി പ്രശ്നങ്ങളും സാദ്ധ്യതകളും.

റോഡുകൾ ഉണ്ടാകുന്നതോടുകൂടി വൃക്ഷസമ്പത്തിൽ വരുന്നകുറവുകൾ പരിഹരിക്കുന്നതിൽ പുതുതായി നിർമ്മിക്കുന്ന റോഡുകളുടെ പാർശ്വങ്ങളിൽ മരങ്ങൾ നട്ടുപിടിപ്പിച്ച് പരസ്ഥിതി സന്തുലിതാവസ്ഥ നില നിർത്തണ്ടത് ആവശ്യമാണ്.

മണ്ണൊലിപ്പിനും നീർകെട്ടിനും പരിഹാരമായി ആവശ്യമുള്ള സ്ഥലങ്ങളിൽ ഓടകളും, കലുങ്കുകളും, പാർശ്വഭിത്തികളും നിർമ്മിക്കണ്ടതാണ്. ഓടകളോ, പാർശ്വഭിത്തികളോ ആവശ്യമായ സ്ഥലങ്ങളിൽ റോഡിന് ചുരുങ്ങിയത് 4 മീറ്റർ എങ്കിലും വേണമെന്ന് നിഷ്ക്കർഷിക്കാം.

മൺ റോഡുകളുടെ വികസനവും നിർമ്മാണവും.

അറ്റകുറ്റപ്പണിവേണ്ട റോഡുകൾ എത്രയും വേഗം നന്നാക്കണം. പണം ലഭിക്കുന്ന മുറയ്ക്ക് പട്ടിക 3, പട്ടിക 4 എന്നിവയിൽ കാണിച്ചിട്ടുള്ള റോഡുകൾ നിർമ്മിക്കേണ്ടതാണ്. അനുബന്ധം A യിൽ ഉള്ളവയും കൂടുതൽ മുൻ ഗണന നൽകി തിരഞ്ഞെടുക്കാം. പഞ്ചായത്തിന്റെ തീരുമാനം അനുസരിച്ച് പൊതുഫണ്ടിൽ നിന്നും വാർഡുകളിൽ ചിലവഴിക്കപ്പെടുന്ന തുക ജനസംഖ്യക്ക് ആനുപാതികമായിരിക്കണം.

പാലം

പഞ്ചായത്തിലെ ഏറ്റവും വലിയ പാടശേഖരമായ കുടുന്ത പാലത്തിലൂടെ കടന്നുപോകുന്ന കുടുന്ത തോടിനു കുറുകെ ഒരു പാലം നിർമ്മിക്കേണ്ടത് അത്യാ

വശ്യമാണ്. പാടശേഖരത്തിലേക്കാവശ്യമായ വിത്ത്, വളം മുതലായവ എത്തിക്കുന്നതിനും, ട്രാക്ടർ, ട്രില്ലർ തുടങ്ങിയവ പാടത്തിൽ എത്തിക്കുന്നതിനും വിളകൾ കൊണ്ടു പോകുന്നതിനും ഈ പാലം അത്യന്താപേക്ഷിതമാണ്. കൂടാതെ കുറിയന്നൂരിന്റെ തെക്കുകിഴക്കുഭാഗത്തുനിന്നും പഞ്ചായത്ത് ആസ്ഥാനത്തേക്കും കോഴഞ്ചേരിയിലേക്കും ഈ പാലം തീർന്നാൽ 2 K.M. ദൂരം കുറവു കിട്ടും.

ജനകീയ പദ്ധതിയും ജനശക്തിയും

റോഡുകളുടെ വികസനത്തിൽ നമുക്കു കൈ മുതലായുള്ളത് ജനശക്തിയാണ്. ശ്രമദാനം മൂലം പുതിയ റോഡുകളുടെ നിർമ്മാണം നടത്തുവാൻ കഴിയണം. പഞ്ചായത്തിന്റെ പരിമിതമായ ധനശേഷിയും ഭീമമായ ഫണ്ടിന്റെ ആവശ്യകതയും, സുലഭമായ ആൾബലവും ഒരുമിച്ചു പരിഗണിക്കുമ്പോൾ നമ്മളുടെ മാർഗ്ഗം വ്യക്തമാണ്. റോഡുകളുടെ നിർമ്മാണത്തിന് ആകെ വരുന്ന ചിലവിന്റെ മൂന്നിൽ ഒരു ഭാഗമെങ്കിലും ശ്രമദാനങ്ങളുടെ വിലയും പൊതു സംഭാവനയും ചേർന്നതാകണം.

അനുബന്ധം A

നിലവിലുള്ള റോഡുകൾ

ഗ്രാമസഭാ റിപ്പോർട്ടുകൾ, വാർഡിലെ മെമ്പറൻമാർ, പ്രധാന പ്രവർത്തകർ എന്നിവരിൽനിന്നും ശേഖരിച്ച് തയ്യാറാക്കിയ വിവരങ്ങൾ.

വാർഡ്	റോഡിന്റെ പേര്	ദൂരം. കി.മി.	വീതി. മീറ്റർ	മെറ്റൽ		ഓട		കലുങ്ക്		ശ്രദ്ധിക്കേണ്ടവ
				ചെയ്തത്	ചെയ്യാത്തത്	ഉള്ളത്	വേണ്ടത്	ഉള്ളത്	വേണ്ടത്	
	പി. ഡബ്ല്യു. ഡി.	2	8	ടാർ						√
	പൂഴികുന്ന് കുറ്റിയിൽ പടി									
	റോഡിന്റെ പൂച്ചേരിമുക്ക്	4.5			√		√		√	
	പൂഴികുന്ന് അമ്പലം വരെ.									
1	പാണ്ടിയം പറമ്പിൽ പടി									
	ഇല്ലത്തു പടി	4.5			√		√		√	√
	കവുങ്കോട്ടപ്പടി അമേരിപടി	4.5			√		√		√	
	കുന്നേത്തുപടി മുതൽ									
	പുഞ്ചയിലേക്കുള്ള വഴി	4.5			√		√		√	
	പി. ഡബ്ല്യു. ഡി.	1	6	ടാർ						√
	മേച്ചേരിപ്പടി പാലക്കാട് റോഡ്		4.5		√		√		√	
	റാഹൂർ പടി മുക്കേൽപടി		4.5		√		√		√	
2	റാഹൂർ പടി മുതൽ ചാക്കമാർ പടി		4.5		√		√		√	
	ആലുനിൽക്കുന്നതിൽ പടി ചാക്കമാർ പടി		4.5		√		√		√	
	പി. ഡബ്ല്യു. ഡി.	2	6	ടാർ						
3	കോട്ടൂമണ്ണിൽ ലക്ഷം വീട് റോഡ്		4.5		√		√		√	
	കുന്നന്താനം ചർച്ച് റോഡ്		4.5		√		√		√	
	കൊടുവേലിൽ റോഡ്		3.5		√		√		√	
	കൈതമംഗലത്തു പടി, മേച്ചിറ റോഡി		2.5		√		√		√	

	പി. ഡബ്ല്യു. ഡി.	4	8	ടാർ						
	നെടുംപ്രയാർ മൂഴിയിൽ പടി		4.5		√		√		√	
4	മരാമൺ പള്ളിപടി റോഡ്		4.5		√		√		√	
	കുളത്തൂർപടി കോയിത്തോടത്തു പടി		4.5		√		√		√	
	ചാലായിക്കര പരുത്തിക്കാട്		4.5		√		√		√	
	പി. ഡബ്ല്യു. ഡി.	7	6	ടാർ						
	അമ്പാട്ടു പടി ഭഗവതിക്കാവ്		4.5		√		√		√	
	കൊളഞ്ഞാട്ടുമുക്ക് - മ്യാലിൽ പടി		4.5		√		√		√	
5	നെല്ലിമല ലക്ഷം വീട് ചിറയിറമ്പ്		4.5		√		√		√	
	ചിറയിറമ്പ് വലിയ കാലാപടി		4.5		√		√		√	
	കൊളഞ്ഞാട്ടുമുക്ക് - അമ്പാട്ടു കടവ്		4.5		√		√		√	
	അമ്പഴക്കുന്നേൽ പടി ഹൈസ്ക്കൂൾ	1	4.5		√		√		√	
	അമ്പഴക്കുന്നേൽ മാതിരം പടി റോഡ്	1.5	45	ടാർ 1 KM	√		√		√	
6	കുമ്പൻകുഴി അരുവിക്കുഴി റോഡ്	2	4.5		√		√		√	
	പെരുമ്പാറ കട്ടേപ്പുറം റോഡ്	2.5	6.0	ടാർ 1 KM	√		√		√	
	പി. ഡബ്ലൂ. ഡി.	8	6		√		√		√	
	പനയ്ക്കതടം മുക്കട റോഡ്	2	4.5		√		√		√	
7	പൊൻമല ആശാൻ റോഡ്	2	4.5		√		√		√	
	മരം കൊള്ളി പൂവൻവാഴ	2	4.5		√		√		√	
	തടിയൂർ - അരുവിക്കുഴി റോഡ്	2	4.5		√		√		√	
	പി. ഡബ്ലൂ. ഡി.	4	6		√		√		√	
	വൈ. എം. സി. എ. പരുത്തിമുക്ക് റോഡ്	2	4.5		√		√		√	
8	പുൽപ്പറ വട്ടമല റോഡ്	1.5	4.5		√		√		√	
	വൈക്കുഴിപടി ചാമക്കാലായിൽ പടി	0.7	4.5		√		√		√	
	പെരുമ്പാറ - ആഴയ്ക്കാട്ട് പടി	1.5	4.5		√		√		√	
	ചള്ളക്കുഴി - അരുവിക്കുഴി	2	6		√		√		√	
9	പി. ഡബ്ലൂ. ഡി.	4	6	ടാർ	√		√		√	
	മാലൂർ കള്ളിപ്പാറ	2	4.5		√		√		√	
	ചുവട്ടുപ്പാറ കൊടിയിട്ടകാല	1.5	4.5		√		√		√	
	പരുത്തിമുക്ക് - കുറവൻകുഴി - കള്ളിപ്പാറ	1.5	4.5		√		√		√	
	വലിയകാലാപ്പടി പരുത്തിമുക്ക്	1.5	6	ടാർ	√		√		√	
	വട്ടൻ കാല - പുല്ലാത്തിമൂട് പടി		6		√		√		√	

അനുബന്ധം B

അനുബന്ധം A. യിൽ ഉൾപ്പെടുത്താത്തതും പുതുതായി നിർമ്മിക്കേണ്ടതുമായ പഞ്ചായത്തു റോഡുകളുടെ ലിസ്റ്റ്

വാർഡ്	റോഡിന്റെ പേര്	നീളം	വീതി
1	കിഴവറക്കടവ് കടത്തുകടവ് തെക്കേലിൽ പടി – കുളിക്കടവ് വേലകത്തുപടി മഠത്തിൽ പടി ആറങ്ങാട്ടുപടി–കുളിക്കടവ് കിഴക്കേൽപടി – കാര്യാലിൽ കടവ് റോഡ്		
2	റിക്രിയേഷൻ ക്ലബ് മുതൽ കളീക്കൽ പടി വരെ മേച്ചേരിപ്പടി മുതൽ മഠത്തിൽ പളളിയേത്തു പടി വരെ റഹൂത്തർ പടി മുതൽ മുള്ളോട്ടിപ്പടി വരെ		
3	ചാലായിക്കര പുഞ്ച വരെ		
4	പ്രമാടത്തു പാറ റോഡ്		
5	വേലൂർപടി വളളപ്പുരക്കടവ് മുല്ലയ്ക്കൽപടി മാലേത്തുപടി മ്യാലിൽ പടി – തേക്കേൽ പടി		
6	എസ്. എൻ.ഡി.പി. മന്ദിരം പടി – നിരവിൽ കോളനി റോഡ് തൈവച്ചു പടി ഓറേത്തു പടി		
7	ഐവേലിപ്പടി – പലയ്ക്കത്തറ തുണ്ടിപ്പടി – ആശാൻ റോഡ്		
8	പെരുമ്പാറ മൈലാടുംപാറ ചെറുകാട്ടുപടി – തടീത്രയിൽ പടി അത്തിനിൽക്കുന്നതിൽ പടി കുഴിവോമണ്ണിൽ പടി മാവുങ്കൽ പടി – ശാലേംപടി റോഡ് ചേന്നമല – ശവക്കോട്ടപ്പടി		
9	കളളിപ്പാറ ലക്ഷംവീടു കോളനി		

പഞ്ചായത്തിലെ ടാർ റോഡുകൾ

നമ്പർ	റോഡ്	ഉടമസ്ഥൻ	ദൂരം കി.മി	വീതി മീറ്റർ	ബസ്സ് സൗകര്യം	മാറ്റം യാത്ര
1.	തിരുവല്ല - കോഴഞ്ചേരി	P.W.D	2	8	ഉണ്ട്	
2.	കുമ്പനാട് - ചെറുകോൽപ്പുഴ	"	4	6	"	
3.	മാരാമൺ - തടിയൂർ	‘	6	6	‘	
4.	തോട്ടപ്പുഴശ്ശേരി - ഇളപ്പുങ്കൽ	‘	1	6	‘	
5.	ചെട്ടിമുക്ക് - ചിറയിറമ്പ്	‘	1.5	6	‘	
6.	ചിറയിറമ്പ് - ഇളപ്പുങ്കൽ	‘	1	6	‘	
7.	പുളിമുക്ക് - തടിയൂർ	‘	3	6	‘	
8.	പനച്ചേരിപ്പാറ - പോസ്റ്റ് ഓഫീസ് ജംഗ്ഷൻ	പഞ്ചായത്ത്	1	4.5	‘	
9.	കട്ടെപ്പുറം - പെരുമ്പാറ	‘	2	6	‘	
10.	കട്ടെപ്പുറം - മാതിരപ്പള്ളിൽ മുക്ക്	‘	1.5	4.5	‘	
11.	വല്ല്യകാലാപ്പടി - കളളിപ്പാറ	‘	3.00	4.5	‘	
12.	കോളഭാഗം - അരുവിക്കുഴി	‘	1.5	6	‘	
13.	ചെട്ടിമുക്ക് - ആറാട്ടുപുഴ	P.W.D	1.5	6	‘	

5.7

ഭവന നിർമ്മാണവും സാമൂഹ്യക്ഷേമവും

പുറം രാജ്യങ്ങളിൽ നിന്ന് വരുന്ന പണത്തിന്റെ സ്വാധീനം പഞ്ചായത്തിലെ പാർപ്പിട നിർമ്മാണത്തെയും വേതന നിരക്കിനെയും കാര്യമായി ബാധിച്ചിട്ടുണ്ട്. ക്രിയാത്മകമായ രീതിയിൽ പുറം രാജ്യങ്ങളിൽ നിന്നും വരുന്ന പണം ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

പഞ്ചായത്തിലെ 9 വാർഡുകളിലായി 5200 വീടുകളുണ്ട്. ഇതിൽ കൂടിലുകൾ ധാരാളമുണ്ട്. ഈ പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും അവിടവിടെയായി കെട്ടിടങ്ങൾ പണിയുന്നുണ്ട്. കൂടുതൽ കെട്ടിടങ്ങളും വാർത്തതും ഓടുമേഞ്ഞതുമാണ്. എന്നാൽ ഓലമേഞ്ഞ വീടുകളും ഉണ്ട്.

പഞ്ചായത്തിൽ 92-93 കാലഘട്ടത്തിൽ ഭവന നിർമ്മാണ പദ്ധതി പ്രകാരം അനുവദിച്ച രണ്ടു വീടുകളും 93-94-ൽ അനുവദിച്ചതിൽ 4 വീടുകളും 94-95-ൽ അനുവദിച്ച 3 വീടുകളും 95-96- ൽ അനുവദിച്ച 11 വീടുകളും പൂർത്തീകരിച്ചു. 96-97-ൽ 20 വീടുകൾക്ക് അനുവാദമുള്ളതിൽ 14 വീടുകൾക്ക് അപേക്ഷലഭിച്ചുട്ടുണ്ട്. വാർഡു തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർത്തിരിക്കുന്നു.

വർഷം	വാർഡ് നമ്പർ	വിവിധ പരിപാടികളിൽ അനുവദിച്ച വീടുകൾ	പൂർത്തീകരിച്ചത്	പൂർത്തീകരിക്കാനുള്ളത്	
92-93	1	1	1	–	
	5	1	1	–	
93-94	1	1	1	–	
	5	1	–	1(R.R)	
	6	3	3	-	
	9				
94-95	1	1	1	–	
	5	1	1	–	
	6				
	9	1	1	–	
95-96	1	2	1	1	
	5	6	4	2	
	6	3	3	-	
	9	3	3	–	

96-97-ൽ 20 വീടുകൾക്ക് അനുവാദമുള്ളതിൽ 14 വീടുകൾക്ക് അപേക്ഷ ലഭിച്ചിട്ടുണ്ട്.

പഞ്ചായത്തിൽ കക്കൂസുകൾ ഇല്ലാത്ത വീടുകൾക്ക് 1, 3 വാർഡുകളിൽ 11 കക്കൂസും, 4,9 വാർഡുകളിൽ 22 കക്കൂസും നിർമ്മിക്കുന്നതിന് അനുവാദം നല്കിയത് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

പഞ്ചായത്തിൽ ഭവന നിർമ്മാണ സംഘങ്ങൾ പ്രവർത്തിക്കുന്നില്ല. പഞ്ചായത്തിലെ 3, 4, 5, 9 വാർഡു

കളിൽ ലക്ഷം വീടുകോളനികളും 5, 6, വാർഡുകളിൽ ഭൂരഹിത തൊഴിലാളികൾക്ക് വീടിന് സ്ഥലവും കൊടുത്തിട്ടുണ്ട്. പുതുതായി കോളനി നിർമ്മിക്കുന്നതിനുള്ള സ്ഥലം ഇല്ല. 7, 8, 9 വാർഡുകളിൽ ഓരോ മെറ്റൽ ക്രഷർ ഉണ്ട്.

പഞ്ചായത്തിൽ 2, 4 വാർഡുകളിൽ ബാലവാടിയും 4-ാം വാർഡിൽ ഒരു അംഗൻവാടിയും 1, 2, 3, 4, 5, 7, 8 എന്നീ വാർഡുകളിൽ മഹിളാസമാജങ്ങളും പ്രവർത്തിക്കുന്നു.

സാമൂഹ്യക്ഷേമ പദ്ധതി പ്രകാരം അഗതി പെൻഷൻ, വാർദ്ധക്യ പെൻഷൻ, വിധവാപെൻഷൻ, വികലാംഗ പെൻഷൻ, കർഷകതൊഴിലാളി പെൻഷൻ, തൊഴിലില്ലായ്മ വേതനം, നിലത്തെഴുത്ത് ആശാന്മാർക്കുള്ള ഗ്രാന്റ് എന്നിവ ലഭിക്കുവർ ഈ പഞ്ചായത്തിൽ ഉണ്ട്. എന്നാൽ കൃത്യമായി പെൻഷൻ ലഭിക്കുന്നില്ല എന്നത് വസ്തുതയാണ്.

പഞ്ചായത്തിൽ പാടങ്ങൾ കുറവാണെങ്കിലും 2, 3, 4, 5 എന്നീ വാർഡുകളിൽ പാടം നികത്തി വീടുകൾ പണിയുന്നുണ്ട്. സ്വന്തമായി വീടില്ലാത്ത 500 കുടുംബങ്ങളുണ്ട്. വീടില്ലാത്തവരും കുടിലുകളിൽ പാർക്കുന്നവരും എല്ലാ വിഭാഗത്തിലും ഉൾപ്പെട്ടവരാണ്. പഞ്ചായത്തിൽ നിർമ്മാണ തൊഴിലാളികൾ ആവശ്യത്തിനില്ല. തൊഴിൽ വേതനം 75 രൂപ മുതൽ 150 രൂപ വരെയാണ്.

ഏതാണ്ട് മൂന്നു വർഷം കൊണ്ടാണ് കൂലി വർദ്ധന ഉണ്ടായത്. പെൻഷൻ അർഹത ഉണ്ടായിട്ടും അപേക്ഷകൾ നൽകാത്തവരും, അപേക്ഷിച്ചിട്ടും പെൻഷൻ കിട്ടാത്തവരും ഇവിടെയുണ്ട്. ബന്ധപ്പെട്ട നിയമങ്ങൾ ലഘൂകരിക്കേണ്ടതില്ല?. പെൻഷൻ വിതരണത്തിനുള്ള ചുമതല ജില്ലാ പഞ്ചായത്തിനെ ഏല്പിച്ചിട്ടും യാതൊരു മാറ്റവും ഉണ്ടായിട്ടില്ല. പഞ്ചായത്തിൽ വൃദ്ധമന്ദിരം സ്ഥാപിക്കേണ്ടതുണ്ട്.

നിർദ്ദേശങ്ങൾ

1. ലക്ഷംവീടു കോളനി വീടുകൾ പലതും താമസയോഗ്യമില്ലാത്തതിനാൽ നന്നാക്കണം.

2. വീടുവയ്ക്കുന്നതിന് സ്ഥലം വാങ്ങിക്കൊടുക്കുന്നതിന് പദ്ധതി രൂപീകരിക്കുക.

3. പിന്നോക്കാവസ്ഥയിലുള്ളവർക്ക് ജാതിഭേദമില്ലാതെ വീടു നിർമ്മിക്കുന്നതിന് ധനസഹായം ലഭ്യമാക്കുക.

4. ദാരിദ്രരേഖയ്ക്കു താഴെയുള്ളവർക്ക് പ്രാഥമികാവശ്യത്തിന് കക്കൂസുകൾ നിർമ്മിക്കുന്നതിന് ധനസഹായം നല്കുക.

5. പഞ്ചായത്തിൽ എല്ലാ വാർഡുകളിലും പൈപ്പ് ഉണ്ടെങ്കിലും യഥാസമയം വെള്ളം കിട്ടത്തില്ല. ഇതിന്റെ കുറവ് പരിഹരിക്കണം.

Water Authority നിശ്ചയിക്കുന്ന ആൾക്കാർ തന്നെ valve തുറക്കുകയും അടയ്ക്കുകയും ചെയ്യുന്നതിന് നടപടി സ്വീകരിക്കുക.

6. നിലവിലുള്ള പദ്ധതിയെക്കുറിച്ചുള്ള അറിവില്ലായ്മ, ഉദ്യോഗതലത്തിലുള്ള ബോധവത്ക്കരണക്കുറവ്, ആവശ്യത്തിനും സമയത്തിനും കിട്ടായ്ക, ഇതിന് പരിഹാരം ഉണ്ടാക്കുക.

7. സാമൂഹ്യക്ഷേമ പദ്ധതിപ്രകാരമുള്ള അപേക്ഷ കൊടുക്കുന്നതിനുള്ള സമയ പരിധിയെപ്പറ്റി പൊതുജനങ്ങളെ അതാതുസമയം അറിയിക്കുന്നതിന് ആവശ്യമായ സംവിധാനം ഏർപ്പെടുത്തുക.

8. പെൻഷൻ കൊടുക്കുന്നതിന് ബന്ധപ്പെട്ട നിയമത്തിൽ അയവുകൾ ആവശ്യമാണ്.

ഉദാ: അഗതിപെൻഷൻ കൊടുക്കുന്നതിനുള്ള വരുമാനപരിധി കുറഞ്ഞത് 6000 രൂപയെങ്കിലും ആക്കികൂട്ടണം.

9. പെൻഷൻ തുക കുറഞ്ഞത് 250 രൂപയെങ്കിലും പ്രതിമാസം കിട്ടത്തക്കവണ്ണം ഉയർത്തുക.

10. തൊഴിൽ ചെയ്യാൻ നിർവ്വാഹമില്ലാത്ത എല്ലാവർക്കും പെൻഷൻ അനുവദിക്കുക.

11. കെട്ടിട നിർമ്മാണത്തിന് ആവശ്യമായ സാമഗ്രികൾ (കല്ല്, മണൽ) മുതലായവ ന്യായമായ വിലയ്ക്ക് ലഭിക്കത്തക്കവണ്ണം പദ്ധതികൾ ആസൂത്രണം ചെയ്യുക.

12. തൊഴിലില്ലായ്മ വേതനത്തിനു പകരം സ്ഥിരം ജോലി ലഭിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് ജോലി സാദ്ധ്യതകൾ വർദ്ധിപ്പിക്കുക.

13. അംഗൻവാടി, ബാലവാടി, വൃദ്ധമന്ദിരം, മഹിളാസമാജം മുതലായവ സ്ഥാപിക്കുക.

5.8 സംസ്കാരം

ഉദാത്ത പാരമ്പര്യത്തിന്റെ വേരോട്ടമുള്ള ഭൂവിഭാഗമാണ് തോട്ടപ്പുഴശ്ശേരി. മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ കീഴിലായിരുന്നു ഈ പ്രദേശമെന്ന് പഴമക്കാർ പറയുന്നു. ഒരു നാടുവാഴിരാജാവിന്റെ കോട്ടയുടെ അവശിഷ്ടങ്ങൾ ഈ പഞ്ചായത്തിലെ രണ്ടാം വാർഡിൽ കാണാം. ലോകപ്രശസ്തിയാർച്ച ആറന്മുള വള്ളംകളി, മാരാമൺ കൺവെൻഷൻ എന്നിവ ഈ പഞ്ചായത്തിന് ആധ്യാത്മിക പരിവേഷം ചാർത്തുന്നു. തലയുയർത്തി നില്ക്കുന്ന പ്രമാടത്ത് പാറയും, ചരൽക്കുന്നും പഞ്ചായത്തിന് ഗാഭീര്യം നല്കുന്നു. അരുവിക്കുഴി വെള്ളച്ചാട്ടം നയനമനോഹരമാണ്. സാക്ഷരയിൽ ഉയർന്ന നിലവാരം പുലർത്തുന്ന ഗ്രാമമാണ് ഇത്. വിവിധ തുറകളിൽ ഉന്നതസ്ഥാനങ്ങൾ വഹിച്ചിരുന്നവരും വഹിക്കുന്നവരുമായ ധാരാളം പേർക്ക് ജന്മം നല്കിയ ഗ്രാമത്തിൽ മതമൈത്രിക്ക് കോട്ടംവരാതെ ഒരുമയോടെ ജീവിക്കുന്ന ജനതയുണ്ട്. 1934-ൽ രാഷ്ട്രപിതാവായ ഗാന്ധിജി പമ്പാനദിയുടെ തീരത്ത് നമ്മുടെ ഗ്രാമത്തോടുചേർന്നു കിടക്കുന്ന മണൽത്തിട്ടിയിൽ കാലുകുത്തിയ ചരിത്രമുണ്ട്. ധന്യഭൂമിയായ നമ്മുടെ പഞ്ചായത്തിൽ മുൻ പ്രധാനമന്ത്രിയായ പണ്ഡിറ്റ് ജവഹർലാൽ നെഹ്രുവും ഇന്ദിരാഗാന്ധിയും വന്നിട്ടുണ്ട്.

ക്രിസ്ത്യൻ സമുദായത്തിലെ പ്രബലവിഭാഗമായ മാർത്തോമ്മാസഭയ്ക്ക് രൂപം കൊടുത്ത പാലക്കുന്നത്ത് മല്പാനച്ചൻ ഈ പഞ്ചായത്തിന്റെ സന്താനമാണ്. ഇപ്പോഴത്തെ സഭാമേലദ്ധ്യക്ഷനായ ഡോ: അലക്സാണ്ടർ മാർത്തോമ്മാ മെത്രപ്പോലീത്താ ഈ പഞ്ചായത്തിലുൾപ്പെട്ട കുറിയന്നൂർ മാളിയേക്കൽ കുടുംബാംഗമാണ്. പ്രസ്തുത സഭയിലെ എപ്പിസ്കോപ്പയായ ഡോ: ജോസഫ് മാർ ഐറേനിയോസ് നമ്മുടെ പഞ്ചായത്തിലെ പാലക്കുന്നത്ത് കുടുംബാംഗമാണ്. കൂടാതെ സി. എം. എസ്. സഭയിലെ ആർച്ചു ഡീക്കൻ കോശി, തേവർ തുണ്ടിയിൽ ആർച്ച് ഡീക്കൻ ബഞ്ചമിൻ എന്നിവർ നമ്മുടെ പഞ്ചായത്തിലെ അംഗങ്ങളായിരുന്നു. നാഷണൽ കൗൺസിൽ ഓഫ് ചർച്ചസ് ഇൻ ഇൻഡ്യയുടെ ഇപ്പോഴത്തെ ജനറൽ സെക്രട്ടറി റവ: ഡോ: ഐപ്പ് ജോസഫ് കുറിയന്നൂർ സ്വദേശിയാണ്.

സാഹിത്യരംഗത്ത് മുതൽക്കൂട്ടായിരുന്ന പരേതനായ തേവർതുണ്ടിയിൽ ശ്രീ. ടി.പി. കോശി, ശ്രീ. പോൾ ചിറക്കരോട്, ശ്രീ. വി. പി. വേലു എന്നിവർ നമ്മുടെ ഗ്രാമത്തിൽ ജനിച്ചുവളർന്നവരാണ്. ക്രിസ്ത്യൻ ഗാനരചയിതാവ് എം. ഇ. ചെറിയാൻ കുറിയന്നൂർ നിവാസിയായിരുന്നു. പാരമ്പര്യചികിത്സാരംഗത്തും പ്രഗത്ഭന്മാരുടെ നാടാണ് ഇത്. ഗണകവിഭാഗത്തിൽപ്പെട്ട പ്രഗത്ഭരായ ചിക്ത്സകർ നമുക്കുണ്ടായിരുന്നു. വിഷചികിത്സാരംഗത്തും നമ്മുടെ ഗ്രാമത്തിന്റെ സ്ഥാനം മികച്ചതു തന്നെ.

കലാരംഗം പരിശോധിച്ചാൽ ധാരാളം പ്രാചീന നാടൻ കലകളുടെ കലവറയാണ് ഈ ഗ്രാമം എന്നു കാണാം. തിരുവാതിര, തീയാട്ട്, ഭരത നാട്യം , പടയണി, ഒപ്പന, ബാന്റ്മേളം, ചെണ്ടമേളം, നടീൽപ്പാട്ട്, കുതിരകളി, പരിചമുട്ടുകളി, തെരുവുനാടകം, കോൽകളി, തുമ്പിതുള്ളൽ, കോലൻതുള്ളൽ, ഉടുക്കുപ്പാട്ട്, വേലക്കളി തുടങ്ങിയവയിൽ പ്രാഗത്ഭ്യം ഉള്ളവർ ധാരാളം ഉണ്ട്. ആറന്മുള വള്ളംകളിയിൽ പങ്കെടുക്കുന്ന നാലു പള്ളിയോടങ്ങൾ ഈ പഞ്ചായത്തിന്റെ അഭിമാനമാണ്.

പക്ഷെ നാം എത്തി നില്ക്കുന്ന സാംസ്ക്കാരിക അവസ്ഥ ഇന്ന് ശോചനീയമാണ്. ഗ്രാമീണ സംസ്കാരത്തെ ഉന്നത നിലവാരത്തിൽ എത്തിക്കുന്നതിൽ പ്രഥമ സ്ഥാനം നമ്മുടെ സ്കൂളുകൾക്കാണ്. ഈ ഗ്രാമത്തിൽ അഞ്ചു വായനശാലകളുണ്ടെങ്കിലും കാര്യക്ഷമമായി പ്രവർത്തിക്കുന്നത് രണ്ട് എണ്ണം മാത്രം. 22 ക്ലബുകളും 4 മഹിളാസമാജങ്ങളും 1 ബാലവേദിയും പ്രവർത്തിക്കുന്നു. ഇവയുടെ പ്രവർത്തനങ്ങൾ നാമമാത്രമാണ്. ഉത്സവകാലങ്ങളിൽ ഉദിക്കുകയും ഉടൻ തന്നെ അസ്തമിക്കുകയും ചെയ്യുന്ന സംഘടനകൾ ഇവയ്ക്കു പുറമെയുണ്ട്.

ഗ്രാമത്തിൽ മിക്കവാറും എല്ലാ രാഷ്ട്രീയ പാർട്ടിക്കളും പ്രവർത്തിക്കുന്നു. എന്നാൽ മതപരമോരാഷ്ട്രീയമോ ആയ സംഘട്ടനങ്ങളിൽ നിന്നും ഈ ഗ്രാമം മോചിതമാണെന്നതിൽ നമുക്കഭിമാനിക്കാം.

കായികരംഗം

വോളിബോൾ, ബാസ്ക്കറ്റ്ബോൾ എന്നിവയിൽ ഇൻഡ്യയൊട്ടാകെ അറിയപ്പെട്ടിരുന്ന കായികതാരങ്ങൾക്ക് ജന്മം കൊടുത്ത ഗ്രാമമാണിത്. ബാസ്ക്കറ്റബോളിന്റെ ഈറ്റില്ലമായി കുറിയന്നൂർ സുപ്രസിദ്ധമാണ്. അഖിലേന്ത്യാ ബാസ്ക്കറ്റ്ബോൾ അസോസിയേഷൻ വൈസ്

പ്രസിഡന്റ് ഡോ. എം. എം. ചാക്കോ കുറിയന്നൂർ നിവാസിയാണ്. ചിറയിറമ്പും മാരാമണ്ണും വോളിബോൾ രംഗത്ത് മുൻപന്തിയിൽ നിൽക്കുന്നു.

നിർദ്ദേശങ്ങൾ

1. പ്രവർത്തനരഹിതമായ ഗ്രന്ഥശാലകൾ ഏറ്റെടുക്കണം. ഗ്രന്ഥശാലകളിൽ വനിതകളെ അംഗങ്ങളായി ചേർത്ത് അവരിൽ വായനാശീലം വളർത്താൻ പരിശ്രമം നടത്തണം.

2. ഗ്രാമതലത്തിൽ മത്സരങ്ങൾ സംഘടിപിപച്ച് അതിൽ വിജയിക്കുന്നവർക്ക് ജില്ലാ സംസ്ഥാനതലത്തിൽ പങ്കെടുക്കാനുള്ള സാമ്പത്തിക സഹായം നൽകണം. നാടൻ കലകളെ പ്രോത്സാഹിപ്പിക്കണം.

3. അവശകലാകാരന്മാർക്ക് പെൻഷൻ നൽകണം.

4. എല്ലാ കോളനികളിലും ടി. വി. സ്ഥാപിക്കണം.

5. പഞ്ചായത്തു സ്റ്റേഡിയം സ്ഥാപിക്കുക.

6. ഓരോ വാർഡിലും പൊതുജനങ്ങളുടെ ബോധവത്ക്കരണ ഭാഗമായി മാരക രോഗങ്ങളെപ്പറ്റിയുള്ള സിനിമാ പ്രദർശനം മാസത്തിൽ ഒരിക്കലെങ്കിലും നടത്തുക.

7. പഞ്ചായത്തിനെ ടൂറിസം മേഖലയായി പ്രഖ്യാപിക്കണം. സാംസ്കാരിക രംഗത്തെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുവേണ്ടി ജനകീയ കമ്മറ്റി രൂപീകരിക്കുക.



നിരവധി പ്രഗൽഭ താരങ്ങളെ സംഭാവന ചെയ്തിട്ടുള്ള കുറിയന്നൂരിലെ പ്രശസ്തമായ സെന്റ് തോമസ് ബാസ്ക്കറ്റ് ബോൾ കോർട്ട്

നൂറ്റാണ്ടുകൾ പഴക്കമുള്ള ഗുഹാക്ഷേത്രം പ്രമാടം ശിവക്ഷേത്രം

മൈലാടുംപാറ ശിവക്ഷേത്രത്തിന്റെ ചരൽക്കുന്നിൽ നിന്നുള്ള ദൃശ്യം.

നൂറ്റാണ്ടുകൾ പഴക്കമുള്ള മാരാമൺ മാർത്തോമപ്പള്ളി

5.9 വനിതാക്ഷേമം

ഒരു കാലഘട്ടത്തിൽ സാമൂഹ്യ നീതിയുടെ കളിത്തൊട്ടിലായിരുന്ന കേരളത്തിൽ സ്ത്രീ സമൂഹത്തിന് വേദനിക്കുന്ന അടിച്ചമർത്തലുകളുടെ ഓർമ്മകൾമാത്രമെ കാണാൻ കഴിഞ്ഞിരുന്നുള്ളൂ. പുരുഷന്റെ നിഴലായിരുന്ന സ്ത്രീ സാമൂഹ്യ വിപ്ലവമാറ്റങ്ങളിലൂടെ സമൂഹത്തിന്റെ ഹൃദയത്തുടിപ്പുകളെതൊട്ടറിയുവാനും പ്രവർത്തന മണ്ഡലങ്ങളിൽ തങ്ങളുടേതായ സംഭാവനകൾ നൽകുവാനും കഴിവുള്ളവരായിത്തീർന്നു. അടുക്കളയിൽ നിന്നും അരങ്ങത്തേക്കു എത്തിയ സ്ത്രീകൾ സാമൂഹ്യ നീതിയുടെയും സത്യസന്ധതയുടെയും പ്രതീകമായി സമൂഹത്തിൽ മാറ്റങ്ങൾ വരുത്തുവാൻവേണ്ടി വർഷങ്ങളായി കർമ്മനിരതരായി നിലകൊള്ളുന്നു. സ്ത്രീത്വത്തിന്റെ മഹനീയമാന്യതയെ ആദരിക്കുന്നതിലൂടെ കേരളത്തിന്റെ സാംസ്കാരിക സാമൂഹ്യ മണ്ഡലം ആദരിക്കപ്പെടും. സ്ത്രീകളുടെ പ്രശ്നങ്ങൾ മനസ്സിലാക്കുവാനും സമൂഹത്തിന്റെ മുൻപിൽ അവതരിപ്പിക്കുവാനും അവർക്ക് അവസരം ഒരുക്കികൊടുക്കണം. സംസ്കാരത്തിൽ ഊന്നി നിന്നും ആധുനികതയുടെ സ്പന്ദനം ഉൾക്കൊള്ളാൻ വനിതക്ക് കഴിയും. സാമൂഹ്യ സേവനം സ്ത്രീകളുടെ ജീവിതമൂല്യം വർദ്ധിപ്പിക്കുന്നതിനുള്ള സംഭാവനകളെ മുൻ നിർത്തി വേണം. സ്ത്രീകളുടെ മാനസിക ഉന്നമനത്തിനായി പ്രവർത്തന ശൈലിതകൾ ഉണ്ടാകണം.

കഴിഞ്ഞകാലങ്ങളിൽ നമ്മുടെ പഞ്ചായത്തിൽ സ്ത്രീ സമൂഹം സാമൂഹ്യമായ ഓരോ ചലനങ്ങളെയും സൂക്ഷമായി വിശകലനം ചെയ്ത് നല്ലവശങ്ങളെ ഉൾക്കൊള്ളുവാൻ ഉത്സുകരായിരുന്നു. മതസൗഹാർദ്ദ പരമായ പ്രവർത്തനങ്ങളിലൂടെ ഈ പഞ്ചായത്തിലെ സ്ത്രീകൾ സമൂഹങ്ങൾക്കും മതങ്ങൾക്കും മാന്യമായി പ്രവർത്തിച്ചു വരുന്നു. അടിച്ചമർത്തലുകളുടെ വേദനകൾ കണ്ടറിഞ്ഞ സ്ത്രീകൾ തങ്ങളുടെ പ്രശ്നൾക്ക് പരിഹാരം കണ്ടെത്താൻ സമൂഹത്തിലേക്ക് മുന്നിട്ടറങ്ങിയത് ഈ പഞ്ചായത്തിലെ സാമൂഹ്യസ്ഥിതിക്ക് മാറ്റങ്ങൾ വരുത്തി . കർമ്മമണ്ഡലങ്ങളിൽ അമ്മ, ഭാര്യ, സഹോദരി, മകൾ എന്ന ചതുർമാന വ്യക്തിത്വങ്ങൾ ഉണ്ടെങ്കിലും ഇന്നത്തെ സമൂഹത്തിൽ സ്ത്രീക്ക് വേണ്ടത്ര അംഗീകാരം ലഭിക്കുന്നില്ലായെന്നത് ഖേദകരമാണ്. അഖിലേന്ത്യാതലത്തിൽ സ്ത്രീ – പുരുഷ അനുപാതം 1000 –ന് 1065 ആണെങ്കിൽ കേരളത്തിൽ അത് 1036 ആണ് (1991–ലെ സെൻസ്സസ്). പത്തനംതിട്ട ജില്ലയിൽ ഈ അനുപാതം 1000–ന് 1062 ആണ്. തോട്ടപ്പുഴശ്ശേരിയിൽ ഈ അനുപാതം 1000 –ന് 1099 ആണ്.

തോട്ടപ്പുഴശ്ശേരി പഞ്ചായത്തിൽ മുൻകാലങ്ങളിൽ സ്ത്രീ പങ്കാളിത്തം വളരെ കുറവായിരുന്നു. അക്കാലത്ത് പെൺകുട്ടികൾക്ക് വിദ്യാഭ്യാസം അപ്രാപ്യമായിരുന്നു. അവർക്ക് എഴുതുവാനും വായിക്കുവാനുമുള്ള അറിവ് ലഭിച്ചത് കുടിപ്പള്ളിക്കൂടങ്ങളിൽ നിന്നായിരുന്നു. അധഃസ്ഥിത വർഗ്ഗത്തിൽ പ്പട്ടവർക്ക് അവിടെയും പ്രവേശനം ഇല്ലായിരുന്നു. പെൺകുട്ടികളെ സ്കൂളിൽ അയച്ച് പഠിപ്പിക്കുവാൻ മാതാപിതാക്കളും വിമുഖരായിരുന്നു. ഉന്നത വിദ്യാഭ്യാസത്തിനുള്ള സൗകര്യം കുറവായതിനാൽ സ്ത്രീകൾ അടുക്കളയിൽ മാത്രമായി ഒതുങ്ങേണ്ടിവന്നു. എന്നാൽ ആ കാലയളവിലും ഉന്നതവിദ്യാഭ്യാസം ലഭിച്ച ചുരുക്കം ചില സ്ത്രീകൾ ഈ പഞ്ചായത്തിലുണ്ട്. കുടുംബം, സമൂഹം, രാജ്യം എല്ലാം ശക്തിപ്പെടണമെങ്കിൽ സ്ത്രീ വിദ്യാഭ്യാസം നേടിയേപറ്റൂ.

ഇന്ന് ഈ പഞ്ചായത്തിൽ വിദ്യാഭ്യാസ രംഗത്ത് പുരുഷന്മാരെക്കാൾ കൂടുതൽ സ്ത്രീകളാണ്. സമീപ കാലങ്ങളിലായി പൊതു രംഗത്ത് സ്ത്രീകൾ ശ്രദ്ധേയമായ പങ്കു വഹിക്കുന്നുണ്ട്. തൊഴിൽ രംഗത്ത് പ്രവർത്തിക്കുന്ന സ്ത്രീകൾ അധിക പങ്കും കെട്ടിട നിർമ്മാണത്തിലും കൃഷിയിലും ഏർപ്പെട്ടിരിക്കുന്നു. കെട്ടിട നിർമ്മാണത്തിൽ സ്ത്രീകളുടെ എണ്ണം വർദ്ധിച്ചു വരുകയും ചെയ്യുന്നു.

വനിതകളുടെ നേതൃത്വത്തിലുള്ള ചില സംഘടനകളുണ്ടെങ്കിലും പ്രവർത്തനമേഖലകളില്ല. സ്ത്രീകളുടെ ഇടയിലുള്ള തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് സ്ത്രീകളുടെതായ തൊഴിൽ യൂണിറ്റുകളും സഹകരണസംഘങ്ങളും ആരംഭിക്കേണ്ടിയിരിക്കുന്നു. പ്രവർത്തനത്തിനുപറ്റിയവേദികളുണ്ടായാൽ സ്ത്രീകൾ ആത്മാർത്ഥയോടും ചുമതലാബോധത്തോടും കൂടി പ്രവർത്തിക്കും. പഞ്ചായത്തിലുള്ള നാലു മഹിളാസമാജങ്ങളുടെ പ്രവർത്തനം പുനരുദ്ധരിക്കേണ്ടിയിരിക്കുന്നു. മദ്യ നിരോധനപ്രവർത്തനങ്ങളിൽ മഹിളാസമാജങ്ങളിൽ ചിലത് സ്തുത്യർഹമായ സേവനം കാഴ്ചവച്ചിട്ടുണ്ട്. ആരോഗ്യ

കാര്യത്തിലും സ്ത്രീകൾ പിന്നിലാണ്. ആശുപത്രികളിൽ കൂടുതലും സ്ത്രീകളാണ് പോകുന്നത്. ഈ പഞ്ചായത്തിൽ നാമമാത്രമായി പ്രവർത്തിക്കുന്ന ഒരു ഹെൽത്ത് സെന്റർ മാത്രമാണുള്ളത്. രണ്ടു വാർഡിന് ഒരു പ്രാഥമിക ആരോഗ്യ കേന്ദ്രം വീതം എങ്കിലും ലഭിച്ചാൽ ഈ പ്രദേശത്തിന് വളരെ പ്രയോജനമായിരിക്കും.

ഏകദേശം 380 നും 400നും ഇടയ്ക്കുള്ള വീടുകൾ ഈ പഞ്ചായത്തിൽ സ്ത്രീകളുടെ നിയന്ത്രണത്തിൽ വരും. വനിതകളുടെമാത്രമായ തൊഴിൽ മേഖലകൾ രൂപീകരിക്കുകയും അവർക്ക് പ്രവർത്തനങ്ങൾ സ്വയം ഏറ്റെടുത്ത് ചെയ്യുവാനുള്ള സഹായം ചെയ്യുകയും വേണം.

ചാരായ നിരോധനംമൂലം ഭാഗികമായ സാമ്പത്തിക ഭദ്രതയും സമാധാനവും വന്നിട്ടുണ്ടെങ്കിലും സമ്പൂർണ്ണ മദ്യനിരോധനം വന്നെങ്കിൽ മാത്രമെ യഥാർത്ഥ പ്രയോജനം ഉണ്ടാകുകയുള്ളൂ. സ്ത്രീധന നിരോധനം ആവശ്യമാണ്. സ്ത്രീധത്തിന്റെ പേരിൽ പീഢനമനുഭവിക്കുന്ന സ്ത്രീകൾ ധാരാളം ഉണ്ട്. സ്ത്രീകളോട് അക്രമ സംഭവങ്ങൾ നടക്കുന്നുണ്ട്. അശ്ലീലമായി ചിത്രീകരിക്കുന്ന പോസ്റ്ററുകൾ നാമമാത്രമായി കണ്ടുവരുന്നു. ഇതിനുള്ള ബോധവത്ക്കരണം ആവശ്യമാണ്. പൊതുരംഗത്ത് ജനശ്രദ്ധപ്പിടിച്ചുപ്പറ്റിയ ചുരുക്കം ചില വനിതകൾ ഈ പഞ്ചായത്തിന്റെ പ്രത്യേകതയാണ്. സുപ്രസിദ്ധ സിനിമാനടി ആറന്മുള പൊന്നമ്മ, തങ്കം വാസുദേവൻനായർ, ന്യൂട്രീഷൻ കമ്മറ്റി ചെയർ പേർസൺ തങ്കം ഫിലിപ്പ് എന്നിവർ ഈ പഞ്ചായത്തിൽപ്പെട്ടവരാണ്.

പ്രശ്നങ്ങൾ

1. തൊഴിൽപരമായി വിവേചനം നിലനിൽക്കുന്നു.
2. സ്ത്രീകൾക്കെതിരായി ഉയർന്നുവരുന്ന മാധ്യമ സംസ്കാരം.
3. സ്ത്രീ പീഢനം നടക്കുന്നു.
4. സാമൂഹ്യ രാഷ്ട്രീയ ഭരണ രംഗങ്ങളിൽ ജനസംഖ്യാനുപാതികമായ പ്രാധിനിധ്യം ഇല്ല.
5. സ്ത്രീകളുടെ തൊഴിലില്ലായ്മ രൂക്ഷമാണ്.
6. അനുപൂരക പോഷകഹാരം ലഭിക്കുന്നില്ല.
7. മതിയായ ചികിത്സാ സൗകര്യമില്ല.
8. അംഗൻവാടികൾ കുറവാണ്.

പരിഹാര നിർദ്ദേശങ്ങൾ

1. അവസരങ്ങൾ സൃഷ്ടിക്കണം.
2. പഞ്ചായത്തിൽ ഒരു വനിതാ വ്യവസായ യൂണിറ്റ് സ്ഥാപിക്കുക.
3. പെൺകുട്ടികൾക്ക് ശരിയായ വിദ്യാഭ്യാസം നല്കുക.
4. വനിതാ ശിശുക്ഷേമ പദ്ധതികൾ നടപ്പാക്കുക.
5. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും മഹിളാ സമാജങ്ങൾ രൂപീകരിക്കുക. കൂടുതൽ അംഗൻവാടികൾ തുടങ്ങാൻ നടപടി സ്വീകരിക്കുക
6. മദ്യം, മയക്കുമരുന്ന് ഇവയ്ക്കെതിരായി പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുക.
7. ഹെൽത്ത് സെന്ററിന്റെ സബ് സെന്ററുകൾ സ്ഥാപിക്കുക.
8. കുടുംബ കോടതികൾ സ്ഥാപിക്കുക.
9. പട്ടിക ജാതി പട്ടികവർഗ്ഗ സ്ത്രീകളുടെ ഉന്നമനത്തിനായി പ്രത്യേക ക്ഷേമപദ്ധതികൾ ആവിഷ്കരിക്കുക.
10. വനിതാ വായനാശാല സ്ഥാപിക്കുക.
11. ആരോഗ്യവകുപ്പിന്റെ ഒഴിവുകൾ വരുമ്പോൾ മഹിളാസ്വസ്ത് പ്രവർത്തകരെ നിയമിക്കുക.

5.10 സഹകരണമേഖല

പതിനേഴാം നൂറ്റാണ്ടിൽ ഇംഗ്ലണ്ടിൽ റോബേർട്ട് ഓവനും റോക്ഡെയിൽ പൈയിനിയേഴ്സും രൂപം നൽകിയ സഹകരണ പ്രസ്ഥാനം ഇൻഡ്യയിൽ സർക്കാർ നേതൃത്വം നല്കി. 1904- ൽ ആദ്യ സഹകരണ നിയമം പാസാക്കി ജനങ്ങളിലേക്ക് പകരുകയാണ് ചെയ്തത്. ആദ്യകാലങ്ങളിൽ സർക്കാർ കരുതിയ പ്രകാരം ജനങ്ങൾക്ക് ഈ പ്രസ്ഥാനത്തെ ഉൾക്കൊള്ളുവാൻ കഴിഞ്ഞില്ല. 1914-ൽ മാഗ്ലഗോൺ കമ്മറ്റി മുതൽ നാളിതുവരെ സർക്കാർ രൂപീകരിച്ച പല കമ്മറ്റികളും ഉപദേശക സമിതികളും നൽകിയ നിർദ്ദേശ്ശാനുസരണം സഹകരണ പ്രസ്ഥാനത്തിന് കാലോചിതമായ മാറ്റങ്ങൾ വരുത്തിയാണ് ഇന്നത്തെ നിലയിൽ എത്തിയിരിക്കുന്നത്.

പിന്നീട് തിരുവിതാംകൂർ കൊച്ചി സംസ്ഥാന സഹകരണ നിയമങ്ങൾ നിലവിൽ വന്നതോടെ 20 -താം നൂറ്റാണ്ടിന്റെ ആദ്യ പാദത്തിൽ തിരുവല്ലാ താലൂക്കിലും വിവിധയിനം സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുകയുണ്ടായി. അവയിൽ പലതും താലൂക്കു മുഴുവൻ പ്രവർത്തന പരിധിയായിട്ട് രൂപീകരിക്കപ്പെട്ടവയായിരുന്നു. 401-ാം നമ്പർ തിരുവല്ലാ താലൂക്ക് സഹകരണ ബാങ്ക് (ഇപ്പോഴത്തെ തിരുവല്ലാ അർബൻ ബാങ്ക്) അയിരൂർ കേന്ദ്രമാക്കി പ്രവർത്തിച്ചിരുന്ന കപ്പ ഉത്പാദന സഹകരണ സംഘം, തേനീച്ച വളർത്തൽ സഹകരണ സംഘം, ഗൂർഖണ്ഡ സാരി സഹകരണ സംഘം, കുറിയന്നൂർ ക്രയവിക്രയ സഹകരണ സംഘം, 591-ാം കുറിയന്നൂർ കിഴക്ക് പരസ്പര സഹായ സഹകരണ സംഘം, കുറിയന്നൂർ പടിഞ്ഞാറ് 594-ാം നമ്പർ പരസ്പര സഹായ സഹകരണ സംഘം, നെടുമ്പ്രയാർ പരസ്പര സഹായ സഹകരണ സംഘം നമ്പർ 595, ഇവയെല്ലാം തോട്ടപ്പുഴശ്ശേരി വില്ലേജിന്റെ സഹകരണ ചരിത്രത്തെ അനുസ്മരിപ്പിക്കുന്നതാണ്. തോട്ടപ്പുഴശ്ശേരി 1ഉം 2ഉം വാർഡുമാത്രം പ്രവർത്തനപരിധിയായി ഉണ്ടായിരുന്ന 3058-ാം നമ്പർ നായർ ഗ്രാമോദ്ധാരണ സഹകരണ സംഘവും 1224-ാം നമ്പർ ക്രിസ്ത്യൻ ദേശാഭിവൃത്തിനി സഹകരണ സംഘവും സമീപത്തുള്ള കോയിപ്പുറം വില്ലേജിൽ പ്രവർത്തിച്ചിരുന്ന 195-ാം നമ്പർ നായർ സഹകരണ സംഘവും 1375-ാം നമ്പർ ക്രിസ്ത്യൻ പരസ്പര സഹായ സഹകരണ സംഘവും ആദിമ സംഘങ്ങളുടെ സങ്കുചിതമായ വർഗ്ഗീയ സ്വഭാവത്തെ പ്രതിഫലിപ്പിച്ചിരുന്നു. അക്കാലത്ത് സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾക്ക് സർക്കാരിനെ കൂടാതെ മാർഗ്ഗ ദർശ്ശനം നല്കിയിരുന്നത് സംഘങ്ങളുടേതായ പ്രാദേശീയ യൂണിയനായിരുന്നു. തോട്ടപ്പുഴശ്ശേരിയിലെ സഹകരണ സംഘങ്ങൾ കോഴഞ്ചേരി സഹകരണ യൂണിയനിൽ അഫിലിയേറ്റ് ചെയ്യപ്പെട്ടവയായിരുന്നു. അടുത്ത സഹകരണയൂണിയൻ ഇരവിപേരൂരിൽ പ്രവർത്തിച്ചിരുന്നു. കുറിയന്നൂർ തേക്കും മൂട്ടിൽ പരേതനായ ശ്രീ. എം. എം. മത്തായി കോഴഞ്ചേരി സഹകരണ യൂണിയനിലും കുമ്പനാട്ടു മറ്റത്ത് പരേതനായ ശ്രീ. എം.എം. വർക്കി ഇരവിപേരൂർ യൂണിയനിലും സൂപ്പ വൈസർമാരായി സ്തുത്യർഹമായി സേവനം അനുഷ്ടിച്ചിരുന്നു. തിരുവല്ലാ താലൂക്കിന്റെ കിഴക്കൻ പകുതിയിൽപ്പെട്ട മേൽപറഞ്ഞ സംഘങ്ങളുടെ ഉയർച്ച്ക്കും വളർച്ചയ്ക്കും ഇവരുടെ സേവനങ്ങൾ വിലപ്പെട്ടവയായിരുന്നു. പ്രഗത്ഭരായ പല ഉദ്യോഗസ്ഥാനുദ്യോസ്ഥ സഹകാരികൾക്കും അന്നും ഇന്നും തോട്ടപ്പുഴശ്ശേരിപഞ്ചായത്തും തിരുവല്ലാ താലൂക്കും പിള്ള തൊട്ടിലാണ്. ഏഷ്യയിലെ തന്നെ അർബൻ ബാങ്കുകളുടെ മുൻപന്തിയിൽ നില്ക്കുന്ന തിരുവല്ലാ ഈസ്റ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ പ്രവർത്തന പരിധിയിൽ തോട്ടപ്പുഴശ്ശേരി പഞ്ചായത്തും പെടുന്നതാണ്.

ജനാധിപത്യ ഭരണസംവിധാനത്തിലെ മാനുഷിക മായ പോരായ്മകൾ മൂല്യാധിഷ്ടിതമായ സഹകരണ പ്രസ്ഥാനത്തെ ശോഷിപ്പിക്കാവുന്നതാണ്.അപ്രകാരമോ അല്ലാതെയോ നമ്മുടെ മേല്പറഞ്ഞ സംഘങ്ങളും ഇന്നില്ലാതായിരിക്കുകയാണ്.

ഇപ്പോൾ നിലവിലുള്ള സഹകരണ സംഘങ്ങൾ

തോട്ടപ്പുഴശ്ശേരി പഞ്ചായത്തിൽ ഒന്നാം വാർഡിൽ മാത്രം പ്രവർത്തിക്കുന്ന A2830ാം നമ്പർ സർവ്വീസ് സഹകരണ സംഘം

2,3,4,5 വാർഡുകളിൽ പ്രവർത്തിക്കുന്ന 595-ാം നമ്പർ തോട്ടപ്പുഴശ്ശേരി റീജണൽ സർവ്വീസ് സഹകരണ ബാങ്ക്.

6,7,8,9 വാർഡുകളിൽ പ്രവർത്തിക്കുന്ന 115 -ാം നമ്പർ കുറിയന്നൂർ സർവ്വീസ് സഹകരണ സംഘം

1-ാം വാർഡിലും 5-ാം വാർഡിലും 8-ാം വാർഡിലും ഓരോ പാൽ വിതരണ സംഘങ്ങൾ

9-ാം വാർഡിൽ പ്രവർത്തിക്കുന്ന പട്ടികജാതി പട്ടിക വർഗ്ഗ സഹകരണ സംഘം നമ്പർ 441

ഇവ കൂടാതെ 6-ാം വാർഡിൽ തിരുവല്ലാ ഈസ്റ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ ഒരു ശാഖയും 4-ാം വാർഡിൽ പത്തനംതിട്ട ജില്ലാ സഹകരണ ബാങ്കിന്റെ ഒരു ശാഖയും പ്രവർത്തിക്കുന്നുണ്ട്. ജനങ്ങൾക്കാവശ്യമുള്ള കാർഷികേതര വായ്പകൾ തിരുവല്ല ഈസ്റ്റ് സഹകരണ ബാങ്കിൽ നിന്നും ലഭ്യമാണ്. ജില്ലാ സഹകരണ ബാങ്കിൽ നിന്നും അംഗ സംഘങ്ങൾ വഴി കാർഷിക വായ്പയും ലഭിക്കുന്നു. പ്രാദേശികമായ സർവ്വീസ് സഹകരണ ബാങ്കുകൾക്ക് നൽകാവുന്നത്ര റൂറൽ ക്രെഡിറ്റ് മറ്റൊരു ഏജൻസിക്കും അനായാസം നൽകാൻ കഴിയുന്നതല്ല.

ജനസാന്ദ്രത കൂടുകയും വ്യക്തിഗതമായ ഭൂമിയുടെ വിസ്തൃതി കുറയുകയും ചെയ്യുന്നതിനാലും കൃഷി സൗകര്യമുള്ള പാടങ്ങളും താഴ്ന്ന പ്രദേശങ്ങളും നികത്തി പാർപ്പിടയോഗ്യമാക്കുന്നതിനാലും കൃഷിപ്പണിക്കാർക്ക് ലഭിക്കുന്ന കൂലി താരതമ്യേന മറ്റു മേഖലകളിൽ ലഭിക്കുന്നതിൽ കുറവായതിനാൽ ഈ രംഗത്ത് ആവശ്യാനുസരണം ജോലിക്കാരെ ലഭിക്കാത്തതിനാലും രാസവളങ്ങൾക്കും ജൈവവളങ്ങൾക്കും അമിതമായി വർദ്ധിക്കുന്ന വിലകാരണവും സമീപ സംസ്ഥാനങ്ങളിൽ നിന്നും താരതമ്യേന കുറഞ്ഞവിലയ്ക്ക് ഭക്ഷ്യസാധനങ്ങൾ ലഭിക്കുന്നതിനാലും കൃഷി ആദായകരമല്ലാത്ത ഒരു സ്ഥിതിയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. തീരെചെറിയ തുണ്ടു പുരയിടങ്ങളിൽപോലും റബ്ബർ കൃഷിയാണ് കണ്ടുവരുന്നത്. പ്രസ്തുതകാരണങ്ങളാൽ കൃഷി പ്രത്യേകിച്ച് ഭക്ഷ്യ വസ്തുക്കളുടെ കൃഷി നമ്മുടെ നാട്ടിൽ ശീഘ്രമായി കുറഞ്ഞു കൊണ്ടിരിക്കുകയാണ്. ശാസ്ത്രീയമായ കൃഷി രീതികൾക്കൊണ്ടുണ്ടായിട്ടുള്ള നേട്ടങ്ങൾ ഈവീഴ്ചയുടെ അളവ് ഒരു പരിധിവരെ തടഞ്ഞിട്ടുണ്ട് എന്ന സത്യം പ്രസ്താവ്യമാണ്.

കാർഷികവളർച്ചയ്ക്കുള്ള ആവശ്യകതയും കുറയുകയാണ്. കാർഷിക വായ്പാ വിതരണ സംഘങ്ങൾ അവ സമാഹരിക്കുന്ന നിക്ഷേപങ്ങൾ ആദായകരമായി വിപണനം ചെയ്യുന്നതിന് മറ്റു മേഖലകൾകൂടി കണ്ടെത്തേണ്ടിയിരിക്കുന്നു. ഗ്രാമീണരുടെ സർവ്വോന്മുഖങ്ങളായ ആവശ്യങ്ങൾ നിറവേറ്റത്തക്കവിധം ഈ സംഘങ്ങൾ അവയുടെ പ്രവർത്തനം വിപുലീകരിക്കുകയും നിയമങ്ങൾക്ക് അയവുവരുത്തുകയും ചെയ്യുന്നതോടൊപ്പം മുൻഗണനകൾ നിശ്ചയിക്കുകയും ചെയ്യേണ്ടതാണ്.

തോട്ടപ്പുഴശ്ശേരി പഞ്ചായത്തിൽ ഇപ്പോൾ പ്രവർത്തിക്കുന്ന വായ്പാ വിതരണ സംഘങ്ങളുടെ പ്രവർത്തനങ്ങളെ വിലയിരുത്തുന്ന ഒരു പട്ടിക ഇതോടൊപ്പം ചേർക്കുന്നു.

ആവശ്യങ്ങൾ നിർദ്ദേശങ്ങൾ

1. കൃഷിഭവൻ പഞ്ചായത്തിന്റെ മധ്യഭാഗത്തേക്കു മാറ്റുക. അവിടെ നിന്നുള്ള അറിയിപ്പുകളും പദ്ധതികളും പഞ്ചായത്താപ്പീസിലും സഹകരണ സംഘങ്ങളിലും ലഭ്യമാക്കണം.

2. വനിതാ സഹകരണ സംഘം രൂപീകരിച്ച് വനിതകൾക്ക് തൊഴിൽ പരിശീലന കേന്ദ്രങ്ങളും ചെറുകിട വ്യവസായ യൂണിറ്റുകളും ആരംഭിക്കുക. കറിപൗഡർ, അച്ചാർ, വസ്ത്രങ്ങൾ ഇവയുടെ നിർമ്മാണ യൂണിറ്റുകൾ പ്രയോജനകരമായിരിക്കും.

3. നാലാം വാർഡിൽ പ്രവർത്തിച്ചിരുന്ന റേഷൻ കട നിർത്തലാക്കിയത് പൊതു ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതിനാൽ റേഷൻ കട ടി വാർഡിൽ പ്രവർത്തനം ആരംഭിക്കണം.

4. തൊഴിൽരഹിതരായ ചെറുപ്പക്കാർക്ക് ജീവിതോപാധികൾ (ഓട്ടോ റിക്ഷ മുതലായവ) ലഭ്യമാക്കാൻ വേണ്ട നടപടികൾ എടുക്കണം.

5. തോട്ടപ്പുഴശ്ശേരി റീജണൽ ബാങ്കിന്റെ ഒരു ശാഖ അഞ്ചാം വാർഡിൽ പ്രവർത്തനം ആരംഭിക്കണം.

6. ക്ഷീരോത്പാദനം രംഗത്ത് കൂടുതൽ സംഘങ്ങൾ രൂപീകരിച്ച് പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും കന്നുകാലി വർളത്തൽ സാധാരണക്കാരന് ഉപജീവന മാർഗ്ഗമാകത്തക്കവണ്ണം പ്രോസാത്സാഹിപ്പിക്കണം.

7. മത്സ്യബന്ധന വിപണനവുമായി ബന്ധപ്പെട്ട സഹകരണ സ്ഥാപനം ആ വിഭാഗത്തിലുള്ളവരുടെ പുരോഗതിക്കു സഹായകമാകും.

8. ജില്ലാ ബാങ്കിൽ നിന്നും വിവിധ പദ്ധതികൾക്ക് അംഗ സംഘങ്ങൾക്ക് ലഭിക്കുന്ന പദ്ധതി വായ്പകൾ അംഗസംഘങ്ങളിൽകൂടെ കൂടുതൽ വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കുക.

9. ജലസേചന സൗകര്യം ലഭിക്കാത്ത സ്ഥലങ്ങൾക്ക് വില്ലേജാഫീസിൽ നിന്നും ഈടാക്കുന്ന വെള്ളക്കരം നിർത്തൽ ചെയ്യുവാൻ നടപടി സ്വീകരിക്കുക.

10. തിരുവല്ലാ താലൂക്ക് സഹകരണ ഹൗസിംഗ് സംഘത്തിന്റെ പ്രവർത്തനം ഈ പഞ്ചായത്തിലേക്കു

വ്യാപകമാക്കുക. അല്ലാത്തപക്ഷം പുതിയ ഹൗസിംഗ് സംഘം രൂപീപരിക്കുവാൻ ശ്രമിക്കണം.

11. പഞ്ചായത്തിലുള്ള മൂന്നു ക്രെഡിറ്റുസംഘങ്ങളും ജനോപകാര പ്രദമാക്കണം. അംഗങ്ങൾക്ക് അപ്പോഴപ്പോൾ ഉണ്ടാകുന്ന മിച്ചം സമാഹകരിക്കത്തക്കവണ്ണം എല്ലാ സംഘങ്ങളും ചിട്ടികളും കുറികളും നടത്തണം.

12. പഞ്ചായത്തിൽ മൊത്തമായിപ്രവർത്തിക്കുന്ന സഹകരണ മാർക്കറ്റിംഗ് മേഖലയുണ്ടാകണം.

13. തിരുവല്ലാ ഈസ്റ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ ഒരു ശാഖ മാരാമണ്ണിലും ആരംഭിക്കുവാൻവേണ്ട ഒത്താശകൾ ചെയ്യണം.

14. പട്ടികജാതി പട്ടിവർഗ്ഗ സംഘത്തിന്റെ വ്യാപ്തിയും പ്രവർത്തനക്ഷമതയും പഞ്ചായത്തുമഴുവൻ വ്യാപകമാക്കണം.

15. തോട്ടപ്പുഴശ്ശേരി റീജണൽ സഹകരണ ബാങ്കിനോട് യോജിപ്പിച്ച മുൻ കുറിയന്നൂർ സഹകരണ സംഘങ്ങളുടെ വകയായിരുന്ന വസ്തുക്കളും കെട്ടിടങ്ങളും ഇപ്പോൾ പ്രസ്തുത സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന സഹകരണസ്ഥാപന്ങ്ങൾക്ക് പ്രയോജനപെപടത്തക്കവണ്ണം വേണ്ട നടപടികൾ സ്വീകരിക്കണം.

ക്രമനമ്പർ	സംഘത്തിന്റെ പേര്	പ്രവർത്തനം ആരംഭിച്ചവർഷം	അംഗങ്ങൾ	അംഗീകൃത ഓഹരിമൂലധനം	പിരിവ് ആയികിട്ടിയ ഓഹരിമൂലധനം	നിക്ഷേപം	വായ്പകൾ മൊത്തം	ഹ്രസ്വകാല കാർഷിക വായ്പകൾ	പ്രവർത്തനപരിധി (പഞ്ചായത്തുകൾ)
1.	തോട്ടപ്പുഴശ്ശേരി റീജനൽ സർവ്വീസ് സഹകരണ ബാങ്ക് Ltd.No 595	1924	1680	പത്തു ലക്ഷം(10)	98427.00	20ലക്ഷം	17ലക്ഷം	$2^{1}/_{2}$ലക്ഷം	2, 3, 4, 5
2.	തോട്ടപ്പുഴശ്ശേരി സർവ്വീസ് സഹകരണ സംഘം Ltd.No 283	1972	712	അഞ്ചു ലക്ഷം(5)	57935.00	$4^{1}/_{2}$ലക്ഷം	$3^{1}/_{2}$ലക്ഷം	20707	1 & 2
3.	കുറിയന്നൂർ സർവ്വീസ് സഹകരണ സംഘം Ltd.No P.T. 115	1994	260	50000	28000.00	1000	–	–	6, 7, 7, & 9
4.	പട്ടികജാതിപട്ടികവർഗ സർവ്വീസ് സഹകരണ സംഘം Ltd.No A 441	1976	222	50000	3052	–	–	5000	

5.11

പട്ടികജാതി പട്ടിക വർഗ്ഗക്ഷേമം

പഞ്ചായത്തിൽ ആകെ ജനസംഖ്യയുടെ 25% പട്ടിക ജാതി വിഭാഗമാണ്. പട്ടിക ജാതി കുടുംബങ്ങളും പട്ടിക വർഗ്ഗ കുടുംബവും ഇവിടെ താമസിക്കുന്നു. മൂന്ന് അംഗീകൃത കോളനികളിൽ 125 കുടുംബങ്ങൾ ഇടകലർന്ന് താമസിക്കുന്നുണ്ട്. ആകെ 3900 പട്ടികജാതി അംഗങ്ങൾ ഉണ്ട്. വിദ്യാഭ്യാസ സാമൂഹ്യ സാമ്പത്തിക മേഖലകളിൽ ഇവർ പിന്നോക്കാവസ്ഥയിലാണ്, ഈ വിഭാഗം സർക്കാർ നടപ്പിലാക്കി വരുന്ന പല പദ്ധതികളെ സംബന്ധിച്ചും വേണ്ടത്ര അറിവില്ലാത്തതുകൊണ്ടും പദ്ധതികളുടെ പ്രയാസമേറിയ നിബന്ധനകൾ കൊണ്ടും പദ്ധതികൾ ഫലപ്രദമായി ഉപയോഗിക്കുന്നതിന് ഇവർക്ക് കഴിഞ്ഞിട്ടില്ല. എന്നാൽ സർക്കാർ നല്കുന്ന സൗജന്യങ്ങൾ ഈ വിഭാഗത്തിന് ഭാഗീകമായ നേട്ടങ്ങൾ കൈവരിക്കുന്നതിന് സഹായകമായിട്ടുണ്ട്. എന്നാൽ നിരവധി പ്രശ്നങ്ങൾ പരിഹരിക്കപ്പെടാതെ കിടക്കുന്നു.

ലഭ്യമായ കണക്കു പ്രകാരം കോളനിയടക്കം ജനസംഖ്യ 3900 ആണ്. ഈ വിഭാഗങ്ങൾ അധിവസിക്കുന്ന ഭൂരിപക്ഷപ്രദേശം കോളനിയാക്കി പ്രഖ്യാപിച്ച് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തണം.

വിദ്യാഭ്യാസം

വിദ്യാഭ്യാസരംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. സ്കൂളുകളിൽ ഈ വിഭാഗക്കാരുടെ കൊഴിഞ്ഞുപോക്ക് കൂടുതലാണ്. S.S.L.C. കഴിഞ്ഞ് കൂടുതൽ കുട്ടികളും പഠിക്കുന്നതിന് താല്പര്യം കാണിക്കാറില്ല. പഠനസൗകര്യങ്ങൾ കുറവാണ്. പട്ടികജാതിക്കാർ കൂടുതൽ ഉള്ള മേഖലയിലുള്ള പെരുമ്പാറ L.P.S. ന്റെ നിലശോച്യമാണ്. ഇവിടുത്തെ പഠനനിലവാരം ഉയർത്താൻ വേണ്ടതു ചെയ്യണം. 96-97 അദ്ധ്യയന വർഷത്തിൽ 180 പട്ടികജാതി വിദ്യാർത്ഥികൾ പഠനം നടത്തുന്നുണ്ട്. 23 കുട്ടികൾ പഠനം നിർത്തി. S.S.L.C. ക്കുഉപരിയായി വിദ്യാഭ്യാസ മുള്ളവരുടെ എണ്ണം കുറവാണ്. ഈ അവസ്ഥ ഉടനെ മാറ്റി എടുക്കേണ്ടതാണ്.

തൊഴിൽ

പട്ടിക ജാതി കുടുംബങ്ങളിൽ ഭൂരിപക്ഷവും കാർഷിക മേഖലയിൽ തൊഴിലെടുത്ത് ഉപജീവനം നടത്തുന്നവരാണ്. എന്നാൽ അടുത്ത കാലത്തു വന്ന തകർച്ച ഈ വിഭാഗത്തിന്റെ തൊഴിൽ നഷ്ടപ്പെടുത്തുകയും ജീവിക്കാനുള്ള തൊഴിലിനു വേണ്ടി മറ്റു മേഖലയിലേക്കു പോകുവാൻ നിർബന്ധിതരാവുകയും ചെയ്തു. ഇതിൽ ഭൂരിഭാഗവും പാറമടകളിൽ തൊഴിൽ ചെയ്യുന്ന ഈ മേഖലയിൽ കൂലി കൂടുതൽ ഉള്ളതിനാൽ ഇവർ പൂർണ്ണമായും കാർഷിക മേഖലയിൽ നിന്നും മാറി. സ്ത്രീകൾ മാത്രം ചെയ്തിരുന്ന ''നടീൽ'' മേഖലയിൽ തൊഴിലാളികൾക്കു ക്ഷാമമാണ്. തൊഴിൽ എന്നതിൽ ഉപരി ഭക്ഷ്യധാന്യ ഉൽപാദന വർദ്ധനവിന്റെ ആവശ്യകത കണക്കിലെടുത്ത് ഈ മേഖലിയിലേക്ക് കൂടുതൽ തൊഴിലാളികളെ ആകർഷിക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതുണ്ട്. കൂലിവേല ചെയ്തു മാത്രം ഉപജീവനം കഴിച്ചു വരുന്ന ഈ വിഭാഗത്തിന് തൊഴിൽ ഉറപ്പുവരുത്തുകയും പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുകയും ചെയ്യേണ്ടതാണ്.

പാർപ്പിടം

പാർപ്പിട പ്രശ്നം പൂർണ്ണമായും പരിഹരിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും ഒരു പരിധിവരെ സർക്കാർ ഏജൻസികൾ നടപ്പാക്കിവരുന്ന പദ്ധതികൾ സഹായകമായിട്ടുണ്ട്. ഒറ്റപ്പെട്ട കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം വേണ്ടത്രലഭിച്ചിട്ടില്ല. ഇവരിൽ പലരും വായ്പ എടുത്ത് വലിയ കടക്കെണിയിൽ അകപ്പെട്ടുപോയിട്ടുണ്ട്. ഭൂമിയുടെ രേഖ ഓഫീസുകളിൽ പെട്ടുപോയതിനാൽ മറ്റാനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്ന അവസ്ഥയിലാണ്. വീടുവയ്ക്കുന്നതിനുള്ള തുകയുടെ അപര്യാപ്തത കാരണം പല വീടുകളും പൂർത്തീകരിക്കാതെ കിടപ്പുണ്ട്. വീടുവയ്ക്കാൻ സ്ഥലമില്ലാത്ത കുടുംബങ്ങൾക്ക് സ്ഥലവും വീടിനുള്ള സഹായവും നൽകിയെങ്കിലേ ഇതിന് പരിഹാരമുണ്ടാവൂ.

മൈലാടും പാറക്ഷേത്രം

ഏകദേശം 130 വർഷങ്ങൾക്കുമുമ്പ് ഒരു പിന്നോക്ക വിഭാഗക്കാരൻ സ്ഥാപിച്ചതാണ്, ഈ ശിവ ക്ഷേത്രം. പട്ടിക ജാതിക്കാർക്ക് ആരാധനാ സ്വാതന്ത്ര്യം നിഷേധിച്ചിരുന്നപ്പോൾ തപസ്വി ഓവൽ എന്ന ആളാണ് ഇവിടെ പ്രതിഷ്ഠ നടത്തിയത്. ആരാധനാ സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടിയ മുന്നണിപോരാളിയായ അഴകാനന്ദ സ്വാമികളും ഇദ്ദേഹത്തിന്റെ പിൻമുറക്കാരനാണ്. ഇപ്പോഴും ഒരു പട്ടികജാതിക്കാരൻ തന്നെയാണ് ക്ഷേത്രത്തിൽ പൂജ നടത്തുന്നത്. എന്നാൽ ഈ ക്ഷേത്രത്തിലേക്ക് വരുന്നതിന് വേണ്ട വഴി സൗകര്യം ഇല്ല. പൈപ്പും ഇവിടെ എത്തിയിട്ടില്ല.

സഹകരണസംഘം

280 അംഗങ്ങൾ ഉണ്ട്. സ്വന്തമായി കെട്ടിടം ഇല്ല. കെട്ടിടനിർമ്മാണത്തിന് ഫണ്ട് അനുവദിച്ചിട്ടുണ്ട്. എന്നാൽ സ്വന്തമായി സ്ഥലമില്ലാത്തതിനാൽ അത് ഉപയോഗിക്കുവാൻ കഴിഞ്ഞിട്ടില്ല. പഞ്ചായത്തിൽ നിന്ന് അതിന് നടപടി സ്വീകരിച്ചാൽ സംഘത്തിന്റെ പ്രവർത്തനത്തിന് സഹായകരമാണ്.

സുബല

ജില്ലാ കലക്ടറായിരുന്ന K.B വൽസലകുമാരി നടപ്പിലമാക്കിയ ഒരു പരിപാടിയാണ് ''സുബല'' പട്ടികജാതി വർഗ്ഗ സ്ത്രീകളാണ് ഇതിലെ അംഗങ്ങൾ സാക്ഷരതാ പരിപാടിയുടെ ഭാഗമായി ജനവിദ്യാ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ചരൽകുന്ന്, മരംകൊള്ളി എന്നീ രണ്ടു, യൂണിറ്റുകൾ രൂപീകരിച്ചു. 2 യൂണിറ്റിലുമായി 180 അംഗങ്ങൾ ഉണ്ട്. സ്ത്രീകളുടെ സമ്പാദ്യം വർദ്ധിപ്പിക്കുന്നതിനും തൊഴിൽ കണ്ടെത്താനുമുള്ള പ്രവർത്തനമാണ് ഇതിലൂടെ ചെയ്യുന്നത്.

പ്രശ്നങ്ങൾ

1. വിദ്യാഭ്യാസ പുരോഗതി കൈവരിച്ചിട്ടില്ല. സാക്ഷരരായവർ തന്നെ തുടർ വിദ്യാഭ്യാസം ലഭിക്കാത്തതിനാൽ വീണ്ടും നിരക്ഷരരായി വിദ്യാർത്ഥികൾ കൊഴിഞ്ഞു പോകുന്നു.

2. കാർഷിക മേഖലയിൽ തൊഴിൽകുറഞ്ഞുർ വരുന്നു. ജീവിതം കൂടുതൽ പ്രതിസന്ധിയിലേക്ക് നീങ്ങുന്നു.

3. എല്ലാവർക്കും സ്വന്തമായി വീടില്ല. വീടു വയ്ക്കാൻ സ്ഥലം ഇല്ല. വീട് വെയ്ക്കാൻ ലഭിക്കുന്ന സഹായം കൊണ്ട് നിർമ്മാണം പൂർത്തിയാക്കാൻ കഴിയാതെ കിട്ടുന്ന സഹായം ദുർവിനി യോഗം ചെയ്യുന്നു. പ്രാഥമിക സൗകര്യങ്ങൾ ഇല്ല.

4. കോളനികളിൽ കുടിവെള്ളം ആവശ്യത്തിന് ഇല്ല. വൈദ്യുതി ഇല്ല.

5. കൈവശ ഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ല.

6. ആരോഗ്യ സംരക്ഷണ സംവിധാനം മെച്ചപ്പെട്ടതല്ല.

7. നിർദ്ധന കുടുംബങ്ങളിലെ അംഗങ്ങളുടെ ചികിത്സക്കും പെൺ മക്കളുടെ വിവാഹത്തിനും സഹായം ലഭിക്കുന്നില്ല.

8. പട്ടികജാതി വികസന കോർപ്പറേഷനും ഹരിജന ക്ഷേമ വകുപ്പിന്റേയും സഹായം ലഭ്യമല്ല

9. ക്ഷേമ പ്രവർത്തനത്തേപറ്റി വേണ്ടത്ര അറിവില്ല.

10. നിരക്ഷരതയുണ്ട്, കുട്ടികൾക്ക് പഠനസൗകര്യങ്ങൾ കുറവാണ്.

സാദ്ധ്യതകൾ

വൈദ്യുതി

പഞ്ചായത്തിലെ കൊച്ചുമോളുംപുറം, പ്രമാടം, നെല്ലിമല, പെരുമ്പാറ,മൈലാടുംപാറ, കള്ളിപ്പാറ എന്നീ കോളനികളിലെ പട്ടികജാതിക്കാർ അധിവസിക്കുന്ന പ്രദേശത്ത് വൈദ്യുതി എത്തിക്കുകയും വീടുകൾ വൈദ്യുതീകരിക്കുകയും ചെയ്യണം. പെരുമ്പാറയിലും മരംകൊള്ളിയിലും ഓരോ സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കണം. നിരവിൽ കോളനിയിലും വേങ്ങപ്പാറകോളനിയിലും, നെല്ലിമല കോളനിയിലും പൊന്തല പ്രമാടം എന്നീ സ്ഥലങ്ങളിലും സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കണം.

കുടിവെള്ളം

മൈലാടുംപാറ, നെല്ലിമല, പ്രമാടം, മരംകൊള്ളിൽ, കള്ളിപ്പാറ എന്നിവിടങ്ങളിൽ കുടിവെള്ള പ്രശ്നം രൂക്ഷമാണ്. ഇതിനാൽ ജലവിതരണ പദ്ധതി വികസിപ്പിക്കണം. മൈലാടുംപാറ സ്ഥാപിച്ചിട്ടുള്ള കുഴൽകിണർ ഉപയോഗ യോഗ്യമാക്കണം.

പനയ്ക്കൽതടം, പെരുമ്പാറഎന്നിവിടങ്ങളിലെ കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുടെ പ്രവർത്തനം കോളനി വാസികൾക്ക് പ്രയോജനകരമായ രീതിയിൽ നടപ്പിലാക്കണം.

ക്ഷേമ പദ്ധതിയെക്കുറിച്ച് അറിവുണ്ടാക്കുന്നതിന് ആവശ്യമായ ബോധവൽക്കരണ പരിപാടികൾ അത്യാവശ്യമാണ്. ഇതിനായി ജനവിദ്യാകേന്ദ്രത്തിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തണം. ക്ഷേമ പദ്ധതികൾ അർഹരായവർക്ക് ലഭിക്കുന്നതിനായി മാനദണ്ഡങ്ങളിൽ മാറ്റം വരുത്തണം. ലളിതമായ

വ്യവസ്ഥയിലൂടെ മാത്രമേ വായ്പകളും മറ്റും ഈ വിഭാഗത്തിന് പ്രയോജന പ്പെടുത്തുവാൻ കഴിയു.

പട്ടികജാതി- പട്ടികവർഗ്ഗക്ഷേമം മുൻനിർത്തി സത്വര ശ്രദ്ധ പതിക്കേണ്ട നിർദ്ദേശങ്ങൾ :-

1. കാർഷിക മേഖല അഭിവൃദ്ധിപ്പെടുത്തി തൊഴിൽ സാധ്യത വർദ്ധിപ്പിക്കുക.

2. സുബല യൂണിറ്റ് സജീവമാക്കി പെൺകുട്ടികൾക്ക് തൊഴിൽ അവസരം ഉണ്ടാക്കുക.

3. കുടിവെള്ളം പ്രശ്നം പരിഹരിക്കുക.

4. സഹകരണ മേഖലയിൽ പെരുമ്പാറ സമീപം ഹോളോ ബ്രിക്സ് നിർമ്മാണം ആരംഭിക്കുക.

5. അഭ്യസ്തവിദ്യർക്ക്ഇന്ന്സർക്കാർ ഏജൻസികൾ നല്കി വരുന്ന (പട്ടികജാതി വികസന വകുപ്പ്, ഹരിജൻ കോർപ്പറേഷൻ) വായ്പകളും ഏകോപിപ്പിച്ച് പഞ്ചായത്തുമുഖേന വിതരണം ചെയ്യുക.

6. വ്യവസായ പരിശീലനം നല്കുകയും വ്യവസായം തുടങ്ങാൻ വായ്പ അനുവദിക്കുകയും ചെയ്യുക.

7. പട്ടികജാതി- വർഗ്ഗ സംഘത്തിന്റെ പ്രവർത്തനം വിപുലമാക്കുക.

8. വീട് നിർമ്മാണ സഹായം വർദ്ധിപ്പിക്കുക

9. എല്ലാ പദ്ധതികൾക്കും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് പഞ്ചായത്ത് സമിതികളെ ചുമതലപ്പെടുത്തുകയും മേൽനോട്ടത്തിന് സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുക.

10. വീട് പുതുക്കി പണിയാനും അറ്റകുറ്റ പണിക്കും പലിശ രഹിത വായ്പ അനുവദിക്കുക.

11. പട്ടികജാതി വികസന വകുപ്പു മുഖേന നടപ്പാക്കി വരുന്ന ഭൂരഹിത, ഭവനരഹിത പുനരധിവാസ പദ്ധതി പഞ്ചായത്തിൽ നടപ്പിലാക്കുക.

12. ചരൽകുന്ന് , കള്ളിപ്പാറ, ചുവട്ടുപാറ മരംകൊള്ളിൽ എന്നിവിടങ്ങളിൽ ഓരോ ബാലവാടികൾ നടപ്പിലാക്കുക.

13. ബോർഡിംഗ് സ്കൂൾ സ്ഥാപിക്കുക.

14. ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക.

15. വിദ്യാലയങ്ങളിലെ കൊഴിഞ്ഞ് പോക്ക് തടയുക.

16. അഭ്യസ്തവിദ്യരുടെ സഹായം പ്രയോജന പ്പെടുത്തി വിദ്യാഭ്യാസ നിലവാരം ഉയർത്താൻ സഹായിക്കുക.

17. മാലൂർ- കള്ളിപ്പാറ, മരം കൊള്ളിൻ- അരുവിക്കുഴി, ഗുഡ്ഷെപ്പേർഡ്-മൈലാടും പാറ, മൈലാടുംപാറ- തുണ്ടിയിൽ പടി എന്നീ റോഡുകൾ ഗതാഗതയോഗ്യമാക്കുക, ടാർ ചെയ്യുക.

18. കള്ളിപ്പാറ വായനശാലയിലും കള്ളിപ്പാറ ലക്ഷം വീട്ടിലും , ചുവട്ടുപാറയിലും ഓരോ മഹിളാ സമാജം രൂപീകരിക്കുക.

5.12

വിഭവസമാഹരണം

ജില്ലയിലെ പിന്നോക്ക പഞ്ചായത്താണ്. തോട്ടപ്പുഴശ്ശേരി . വ്യവസായ സ്ഥാപനങ്ങളോ , ചന്തകളോ കച്ചവട കേന്ദ്രങ്ങളോ ഇല്ല. 90 ശതമാനം ജനങ്ങളും ഇടത്തരക്കാർ ആണ്. വിദേശ മലയാളികളാണ് ഏക ആശ്വാസം. റബ്ബർ കൃഷി ധാരാളമുള്ള പ്രദേശമായതിനാൽ റബ്ബറടിസ്ഥാന ത്തിൽ ഏതെങ്കിലും വ്യവസായം തുടങ്ങാനുള്ള സാദ്ധ്യതയുണ്ട്. സഹകരണ അടിസ്ഥാനത്തിൽ ബീഡിവ്യവസായം, ഈറകൊണ്ടുള്ള ഉൽപന്നങ്ങൾ നിർമ്മിക്കുന്ന കുടിൽ വ്യവസായങ്ങൾ എന്നിവ പരീക്ഷിക്കുവാൻ കഴിയും.

ഭൂരിപക്ഷം ജനങ്ങളും കൃഷിയെ ആശ്രയിച്ചു ജീവിക്കുന്നവരാണ്. കാർഷികമേഖലയിൽ പുതിയ വിത്തുകളും വളങ്ങളും പരീക്ഷിക്കാം.

പഞ്ചായത്തിന്റെ വിഭവസമാഹരണത്തിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ സമർപ്പിക്കുന്നു.

1. സർക്കാർ സഹായം ലഭ്യമാക്കുക. തുക ശരിയായ വിധത്തിൽ വിനിയോഗിക്കുക.

2. ഈ പഞ്ചായത്തിലുള്ള ബാങ്കുകളിൽ നിന്നും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും സർക്കാർ ഈടിൻമേൽ കടം എടുക്കുക. ഈ പഞ്ചായത്തിൽ കാത്തലിക് സിറിയൻ ബാങ്ക്, ഫെഡറൽ ബാങ്ക്, തിരുവല്ല ഈസ്റ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, ഡിസ്ട്രിക്ട് കോ-ഓപ്പ റേറ്റീവ് ബാങ്ക്, ഇന്ത്യൻ ഓവർസീസ് ബാങ്ക് എന്നീ ആറു ബാങ്കുകളും മറ്റു സ്വകാര്യ ചിട്ടിഫണ്ടുകളും ധനകാര്യസ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്. ഈ സ്ഥാപനങ്ങളിലെ നിക്ഷേപത്തിന് ആനുപാതിക മായുള്ള വായ്പകൾ ഈ നാട്ടിലെ ജനങ്ങൾ എടുക്കുന്നില്ല. ആയതിനാൽ ഈ ബാങ്കുകളിൽ നിന്ന് നല്ലൊരു ശതമാനം തുക സർക്കാർ ഈടിന്മേൽ പഞ്ചായത്തു വികസന പ്രവർത്തനങ്ങൾക്ക് ഉപയോ ഗിക്കാവുന്നതാണ്.

3. വിദേശങ്ങളിൽ ജോലി ചെയ്യുന്നവരിൽ നിന്ന് സർക്കാർ ഈടിന്മേൽ കടം എടുക്കുക. ഈ പഞ്ചായത്തിൽപെട്ട വളരെയധികം ആളുകൾ വിദേശങ്ങളിൽ ജോലി ചെയ്യുന്നുണ്ട് . അവരുടെ ബാങ്ക് ഡിപ്പോസിറ്റുകൾ നമ്മുടെ പഞ്ചായത്തിന്റെ വികസനത്തിനായി സർക്കാർ ഈടിന്മേൽ ഉപയോഗി ക്കാവുന്നതാണ്.

4. പമ്പാനദിയിൽ നിന്ന് വാരുന്ന മണലിന്റെ റവന്യൂ വരുമാനം ഉപയോഗിക്കുക.

5. ഈ പഞ്ചായത്തിലുള്ള സർക്കാർ വക സ്ഥലങ്ങളിലെ പാറകൾ ലേലം ചെയ്ത് കൊടുത്തോ, പൊട്ടിച്ച് വില്ക്കുകയോ ചെയ്ത് ലഭ്യമാകുന്ന പണം ഉപയോഗിക്കുക. ഈ പഞ്ചായത്തിലുള്ള സർക്കാർ വക പാറകൾ പാട്ടത്തിന് കൊടുക്കുകയോ, പഞ്ചായ ത്തുതന്നെ സ്വയം പാറകൾ ഏറ്റെടുത്ത് പൊട്ടിച്ച് റബിളായോ, മെറ്റലായോ രൂപാന്തരപ്പെടുത്തി വില്ക്കുക. അതിൽനിന്നും കിട്ടുന്ന തുക പഞ്ചായ ത്തു വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുക.

6. വെട്ടുകല്ലുള്ള സ്ഥലങ്ങളിലെ കല്ലുകൾ വെട്ടിയെടുത്ത് വില്പന നടത്തി ലഭിക്കുന്ന തുക ഉപയോഗിക്കുക. ഈ പഞ്ചായത്തിലുള്ള ഗവൺ മെൻറു വക സ്ഥലങ്ങളിൽ വെട്ടുകല്ലുള്ളത് വെട്ടിയെ ടുത്ത് ഗൃഹ നിർമ്മാണത്തിനും മതിലുകൾ കെട്ടുന്ന തിനും വില്പന നടത്തി ലഭിക്കുന്ന തുക വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുക.

7. പഞ്ചായത്തിലുള്ള പുറമ്പോക്ക് ഭൂമി ഏറ്റെ ടുത്തു കൃഷി ചെയ്യുകയോ മറ്റ് ബിസിനസുകൾക്ക് ഉപയോഗപ്പെടുത്തുകയോ ചെയ്ത റവന്യൂ വരുമാ നം വികസനപ്രവർത്തനങ്ങൾക്ക് ഉപയോളിക്കുക.

ഈ പഞ്ചായത്തിലുള്ള ഗവൺമെൻറു വക സ്ഥലങ്ങൾ പിടിച്ചെടുത്ത് കൃഷിചെയ്യാവുന്നവ കൃഷിചെയ്യുകയോ, ഷോപ്പിംഗ് കോംപ്ലക്സ് പണിയാൻ പറ്റിയ സ്ഥലങ്ങൾ അതിനുവേണ്ടി ഉപയോഗിക്കുകയോ, ഗവൺമെൻറുസ്ഥാപനങ്ങൾ ക്കുവേണ്ടി ഉപയോഗിക്കുകയോ, മറ്റ് ബിസിനസാ വശ്യങ്ങൾക്കായി ഉപയോഗിക്കുകയോ ചെയ്യുമ്പോൾ കിട്ടുന്ന റവന്യൂ വികസനാവശ്യങ്ങൾക്ക് ഉപയോ ഗിക്കുക.

8. വിരമിച്ച ഡോക്ടർമാർ, എഞ്ചിനീയർമാർ , അ ദ്ധ്യാപകർ, കൃഷി വിദഗ്ദ്ധൻമാർ ,മറ്റു സാങ്കേതിക

വിഭാഗക്കാർ എന്നിവരുടെ സേവനത്തിൽ നിന്നും കിട്ടുന്ന വരുമാനം ഉപയോഗിക്കുക.

ഈ പഞ്ചായത്തിൽ റിട്ടയർ ചെയ്ത അനേകം ഡോക്ടർമാർ, എഞ്ചിനീയർമാർ, കൃഷിവിദഗ്ദർ, സാങ്കേതിക വിദഗ്ദർ , അദ്ധ്യാപകർ എന്നിവർ ഉണ്ട് . ശമ്പളം കൊടുക്കാതെതന്നെ ഈ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് വേണ്ടി അവരുടെ സേവനം വിനിയോഗിക്കാവുന്നതാണ്. അങ്ങനെ ഈ പഞ്ചായത്തിന് നല്ല ഒരു തുക ലാഭിക്കാവുന്നതും ആ തുക വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാവുന്നതുമാണ്.

9. മനുഷ്യ അദ്ധ്വാനം ശ്രമദാനമായി മാറ്റിയാൽ ലഭിക്കുന്ന വരുമാനം

പ്രാദേശികമായുള്ള ജനങ്ങളെ സംഘടിപ്പിച്ച് അവരുടെ അദ്ധ്വാനം ശ്രമദാനമായി മാറ്റി അതിൽ നിന്നും ഉണ്ടാകുന്ന ആദായം പഞ്ചായത്തിലെ വികസനത്തിന് ഉപയോഗിക്കുക.

ഇങ്ങനെ മനുഷ്യരുടെ അദ്ധ്വാനം ശ്രമദാനമായി മാറ്റുന്നതിന് വേണ്ടിയുള്ള ശമ്പളം കോടുക്കേണ്ടതില്ലെങ്കിലും അവർക്ക് ആഹാരം കൊടുക്കേണ്ടിവരും. ഇങ്ങനെ മനുഷ്യഅദ്ധ്വാനം ഉപയോഗിച്ച് ജോലികൾ ചെയ്തുതീർക്കാൻ കഴിയും.

10. ഒന്നാം വാർഡിൽ പെട്ടതും ദേവസ്വത്തിന് കുത്തക പാട്ടത്തിന് നല്കിയതും കൈവശക്കാർ കൈയ്യേറിയതുമായ പഞ്ചായത്തു ചാൽ (വാളകത്തു ചാൽ) ഉപയുക്തം ആക്കി മത്സ്യം വളർത്തികിട്ടുന്ന വരുമാനം.

മേൽപറഞ്ഞിരിക്കുന്ന വാളകത്തു ചാൽ പഞ്ചായത്ത് ഏറ്റെടുത്ത് പഞ്ചായത്ത് ഉടമസ്ഥതയിൽ തന്നെ മത്സ്യം വളർത്തൽ നടത്തുക. ഓരോ വർഷവും പഞ്ചായത്തിന് ഭീമമായ തുക മത്സ്യം വളർത്തൽ വഴി ലഭിക്കാവുന്നതാണ്.

11. നെടുമ്പ്രയാർ , വെള്ളങ്ങൂർ എന്നീ പഞ്ചായത്തു ചാലുകൾ മത്സ്യകൃഷിക്ക് ഉപയോഗപ്പെടുത്തിക്കിട്ടുന്ന വരുമാനം.

ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഇന്നത്തെ സാഹചര്യത്തിൽ മുകളിൽ കൊടുത്തിരിക്കുന്നതിൽ കൂടുതലായി വിഭവസമാഹരണത്തിന് സാദ്ധ്യതകൾ കാണുന്നില്ല. ഈ പഞ്ചായത്തിനുള്ള വരുമാനത്തിൽ പ്രധാനമായത് പമ്പാനദിയിൽ നിന്നു വാരുന്ന മണലിന്റെ റവന്യൂ വരുമാനമാണ്. ഇത് ഒരു സ്ഥിരം വരുമാനമാർഗ്ഗമല്ലാത്തതിനാൽ കണക്കിലെടുക്കാൻ സാദ്ധ്യമല്ല. ഇതൊഴികെ ഈ പഞ്ചായത്തിന്റെ ഇന്നത്തെ വരുമാനമാർഗ്ഗം കെട്ടിടനികുതി, തൊഴിൽകരം , വിനോദനികുതി, സർക്കാർ ഗ്രാന്റുകൾ എന്നിവ ആണ്. ആ തുകകൾ പഞ്ചായത്തിന്റെ ദൈനംദിന കാര്യങ്ങൾ നടപ്പാക്കാൻ മാത്രമെ തികയുകയുള്ളൂ.

6

ഭരണ ലക്ഷ്യം നാടിന്റെ നന്മ മാത്രം

കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം തെരഞ്ഞെടുക്കപ്പെട്ട് 1995 സെപ്തംബർ 30 ന് സത്യ പ്രതിജ്ഞ ചെയ്തു നിലവിൽ വന്ന പുതിയ പഞ്ചായത്തു കമ്മറ്റിയുടെ ഭരണ സമിതി 1995 ഒക്ടോബർ 4 ന് അധികാരമേറ്റു. ജാതി, മത, രാഷ്ട്രീയ ചിന്തകൾക്കതീതമായി പഞ്ചായത്തിന്റെ പൊതുവായ വികസന പ്രവർത്തനങ്ങളിൽ ഊന്നൽ നൽകിയാണ് പഞ്ചായത്തു കമ്മറ്റിയുടെ ഒറ്റക്കെട്ടായ പ്രവർത്തനം.

കെട്ടിട നികുതിയിൽ നിന്നും തൊഴിൽ കരത്തിൽ നിന്നും മറ്റും ലഭിക്കുന്ന വരുമാനം ദൈനംദിന ചെലവുകൾക്കും ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തിനും അലവൻസുകൾക്കും മതിയാകാത്ത സാഹചര്യത്തിൽ സർക്കാരിൽ നിന്നും ലഭിക്കുന്ന സഹായം മുഴുവനായി വികസന പ്രവർത്തനങ്ങൾക്കു പ്രയോജനപ്പെടുത്തുവാൻ സാധിച്ചിരുന്നില്ല.. ഈ സാഹചര്യത്തിൽ പദ്ധതികൾക്കു ആവശ്യമായ പണം പഞ്ചായത്തു തന്നെ കണ്ടെത്തേണ്ടി വന്നു.

മണൽ രംഗത്ത് ഇടനിലക്കാരെ ഒഴിവാക്കിയപ്പോൾ 4 മാസം കൊണ്ട് വരുമാനം 26 ലക്ഷമായി- ഭവന നിർമ്മാണത്തിനും ആരോഗ്യരക്ഷയ്ക്കും റോഡു വികസനത്തിനുമായി ഈ ഫണ്ട് വിനിയോഗിച്ചു കൊണ്ടിരിക്കുന്നു- വികേന്ദ്രീകൃതമായ അധികാരത്തിന്റെ പുതുവഴിയിലൂടെ കടന്നു വന്ന 15 മാസത്തെ പ്രവർത്തനങ്ങളെപ്പറ്റി.....

പഞ്ചായത്ത് അതിർത്തിയിൽ കൂടെ ഒഴുകുന്ന പമ്പാ നദിയിലെ മണലിൽ നിന്നുള്ള ആദായത്തിന്റെ ഭൂരിഭാഗവും പഞ്ചായത്തിനു ലഭിക്കാതെ ഇടനിലക്കാർ വഴി ചൂഷണം ചെയ്യപ്പെടുകയായിരുന്നു കഴിഞ്ഞ നാളുകൾവരെ. ഇതു മനസ്സിലാക്കിയ പഞ്ചായത്തു സമിതി മണൽ വാരൽ പഞ്ചായത്തിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ നടത്തുവാൻ ജില്ലാ കളക്ടറിൽ സമ്മർദ്ദം ചെലുത്തി. 95-96 വർഷം ഇടനിലക്കാരെ ഒഴിവാക്കി നേരിട്ടുള്ള മണൽ വാരൽ നടത്തിയ ഏക പഞ്ചായത്താണ് തോട്ടപ്പുഴശ്ശേരി.

94-95 വർഷം എട്ടു കടവുകളുടെ ഒരു വർഷത്തെ ലേലതുക നാലുലക്ഷത്തിൽ താഴെ മാത്രമായിരുന്നത് ഇടനിലക്കാരെ ഒഴിവാക്കി നേരിട്ടു നടത്തിയപ്പോൾ നാലുമാസംകൊണ്ട് രണ്ടു കടവുകളിൽ നിന്നു ലഭിച്ചത് 26 ലക്ഷം രൂപയാണ്. കൂടാതെ നാലുലക്ഷം രൂപ റോയൽറ്റി ഇനത്തിൽ സർക്കാരിലും അടച്ചു. എന്നാൽ മുൻ വർഷങ്ങളെ അപേക്ഷിച്ച് വാരിയ മണലിൽ ഗണ്യമായ കുറവുണ്ടായി.

തോട്ടപ്പുഴശ്ശേരി പഞ്ചായത്തിനെ മാതൃകയാക്കി ഈ സാമ്പത്തിക വർഷം പല പഞ്ചായത്തുകളും ലേലം ഒഴിവാക്കി നേരിട്ടു മണൽ വാരൽ നടത്തുന്നു. തോട്ടപ്പുഴശ്ശേരി പഞ്ചായത്തിലെ എട്ടു കടവുകളിൽ നിന്നും ലേലം ചെയ്തു മണൽ വാരികൊണ്ടിരുന്ന സ്ഥാനത്ത് ഇന്ന് ഒരു കടവിൽ നിന്നു മാത്രമാണ് മണൽ വാരുന്നത്. പഞ്ചായത്തിലെ മറ്റു കടവുകൾ എല്ലാം പൂട്ടിയിരിക്കുന്നതിനാൽ ഒരളവു വരെ മണൽ വാരൽ മൂലമുണ്ടാ കുന്ന പരിസ്ഥിതി പ്രശ്നങ്ങൾ

കുറയ്ക്കുന്നതിനും അശാസ്ത്രീയവും അനധികൃതവുമായ മണൽ വാരൽ നിർത്തലാക്കുന്നതിനും സാധിച്ചിട്ടുണ്ട്.

മണലിൽ നിന്നുള്ള വരുമാനം ദുർബല വിഭാഗത്തിൽപെട്ടവർക്കും വികസനം വഴി പഞ്ചായത്തിലെ ജനങ്ങൾക്കു മൊത്തമായും ലഭ്യമാക്കാൻ കഴിയുന്നതിൽ ഈ കമ്മറ്റിക്കു ചാരിതാർത്ഥ്യം ഉണ്ട്. എന്നാൽ അനുവദിച്ചിട്ടുള്ളകടവിൽനിന്ന് മണൽവാരുന്നതിന് പ്രായോഗികമല്ലാത്ത നിബന്ധനകൾ മൂലം ഇന്നു നേരിടുന്ന തടസ്സങ്ങൾഒഴിവാക്കുന്നതിനുബന്ധപ്പെട്ട അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

പഞ്ചായത്തിലെ ദുർബല വിഭാഗങ്ങളുടെ ആരോഗ്യ പരിപാലനത്തിന്റെ ഭാഗമായി ഏഴര ലക്ഷം രൂപ ചെലവിൽ 300 കുടുംബങ്ങൾക്കു കക്കൂസുകൾ നിർമ്മിച്ചു നൽകുന്നു. 12 കുടുംബങ്ങൾക്കു വീടുനിർമ്മിച്ചു നൽകി. വൈദ്യുതി എത്താത്തസ്ഥലങ്ങളിൽവൈദ്യുതി നീട്ടുന്നതിനും തെരുവു വിളക്കുകൾസ്ഥാപിക്കുന്നതിനുമായി അഞ്ചര ലക്ഷം രൂപ വൈദ്യുതി വകുപ്പിൽ അടച്ചിട്ട്അഞ്ചുമാസങ്ങൾ ആയെങ്കിലും ഇനിയും പണികൾ ആരംഭിക്കാത്തതിൽ ഉത്ഘണ്ഠയുണ്ട്. കൂടാതെ നിലവിലുള്ള തെരുവു വിളക്കുകൾ പ്രകാശിപ്പിക്കുന്നതിനു പഞ്ചായത്തു മാസം തോറും 9000 രൂപയോളം ബില്ല് അടയ്ക്കുന്നെങ്കിലും പല സ്ഥലങ്ങളിലും വിളക്കുകൾ പ്രകാശിക്കുന്നില്ല.

നമ്മുടെ പഞ്ചായത്തിലെ റോഡുകളുടെ ശോച്യാവസ്ഥ കണക്കിലെടുത്ത് ഗ്രാമീണ റോഡുകളുടെ ഉദ്ധാരണത്തിനു ഈ കമ്മറ്റി മുൻഗണന നൽകി. പഞ്ചായത്തു ഫണ്ടുപയോഗിച്ച് ഇപ്പോൾ വിവിധ വാർഡുകളിലായി 25 ലക്ഷം രൂപയുടെ ടാറിംഗ് പണികൾ നടക്കുന്നു. കൂടാതെ സർക്കാരിൽ നിന്നു ലഭിച്ച വിവിധ ഗ്രാൻറുകൾ ഉപയോഗിച്ച് 8 ലക്ഷം രൂപയ്ക്ക് റോഡ് , കലുങ്ക് , പടവുകൾ തുടങ്ങിയ പണികൾ കഴിഞ്ഞ 15 മാസങ്ങൾക്കുള്ളിൽ ചെയ്തു തീർത്തു. കോളനികളിലേക്കും മറ്റും പടികൾ, വാർക്കൽ, സ്ലാബുകൾ തുടങ്ങിയവയ്ക്ക് അനുവാദംവാങ്ങി അഞ്ചു ലക്ഷം രൂപയുടെ പണികൾ ആരംഭിച്ചു.

മാരകമായ രോഗങ്ങൾ പിടിപെട്ട നിർധനരായ ആളുകൾക്കു ചികിത്സാ സഹായമായും മറ്റും 12000 രൂപ നൽകിയിട്ടുണ്ട്. ഒക്ടോബറിൽ പഞ്ചായത്തിൽ ഉണ്ടായ ബസ് അപകടത്തിൽ പരുക്കേറ്റ് ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നവരുടെ അടിയന്തിര ചികിത്സയ്ക്കായി 8000 രൂപ പഞ്ചായത്തിൽ നിന്നു ആശുപത്രി അധികൃതരെ ഏല്പിച്ച് ചികിത്സയ്ക്കു വേണ്ട ക്രമീകരണങ്ങൾ ചെയ്തു.

നൂറുകുടുംബങ്ങൾക്കുപുരകെട്ടിമേയുന്നതിനും ധനസഹായം നൽകി. S.S.L.C. പരീക്ഷയിൽ കൂടുതൽ മാർക്കു വാങ്ങിയ കുട്ടികൾക്കു കാഷ് അവാർഡുകൾ നലകി. പഞ്ചായത്തിലെ പതിനൊന്നു L.P. സ്കൂളുകളിൽ പഠിക്കുന്ന നിർദ്ദനരായ 208 കുട്ടികൾക്കു കുട വിതരണം ചെയ്തു. സ്കൂളുകളിൽ ഉച്ചക്കഞ്ഞി വിതരണത്തിനും നിലത്തെഴുത്ത് അദ്ധ്യാപകർക്കും ജനവിദ്യാ കേന്ദ്രത്തിലെ കൺവീനേഴ്സിനും ഗ്രാൻറിനും തുക വകകൊള്ളിച്ചിട്ടുണ്ട്.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഹോമിയോ ആശുപത്രിക്കു മരുന്നുകൾ സൂക്ഷിക്കുവാൻ ആവശ്യമായ അലമാരയും തട്ടുകളും വാങ്ങി കൊടുത്തു. ഉച്ചക്കഞ്ഞി വിതരണം നടത്തുന്ന മഹിളാ സമാജങ്ങൾക്ക് പാചകത്തിനുള്ള പാത്രങ്ങൾ നൽകി. ഉപയോഗശൂന്യമായി കിടന്നിരുന്ന പഞ്ചായത്തു വക രണ്ടുകുളങ്ങളും മൂന്നു കിണറുകളും ഇരുപത്തയ്യായിരത്തിൽ പരം രൂപമുടക്കി ഉപയോഗപ്രദമാക്കി.

ആറന്മുള ജലമേളയോടനുബന്ധിച്ച് പഞ്ചായത്തിരത്തിയിലെ റോഡുകളുടെ അറ്റകുറ്റ പണികളും മാരാമൺ കൺവൻഷനോടനുബന്ധിച്ച് പഞ്ചായത്തു റോഡുകളുടെ അറ്റകുറ്റപണികളും ശുചീകരണവും പഞ്ചായത്തിന്റെ ചുമതലയിൽ വർഷം തോറും നിർവ്വഹിച്ചുവരുന്നു. ഈ വക പ്രവർത്തനങ്ങൾക്കു തനതു വർഷം കൂടുതൽ തുക ബജറ്റിൽ ചേർത്തിരിക്കുന്നു. പമ്പാനദിയിൽനിന്നുംനാട്ടുകാർ കണ്ടെടുത്ത് വള്ളം പണിക്കായി കരയിൽ എത്തിച്ചതും പഞ്ചായത്തിനു വിട്ടുകിട്ടിയതുമായ കാട്ടു തടി കമ്മറ്റിയുടെ തീരുമാന പ്രകാരം ആറന്മുള ജലമേളയിൽ പങ്കെടുക്കാൻ കഴിയാതെയിരിക്കുന്ന കുറിയന്നൂർ പള്ളിയോടത്തിനു സൌജന്യമായി നൽകി.

കേരളോത്സവത്തോടനുബന്ധിച്ച് കായിക കലാമത്സരങ്ങൾ നടത്തുകയും വിജയികൾക്കു സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുകയും ചെയ്തു. പതിനായിരം തേക്ക്, ഈട്ടി, മാഞ്ചിയം, നെല്ലി, തുടങ്ങിയ വൃക്ഷതൈകൾ വനം വകുപ്പിൽ നിന്ന് പഞ്ചായത്തു വഴി സൌജന്യമായി വിതരണം ചെയ്തിട്ടുണ്ട്. വിവിധ വാർഡുകളിൽ 30 വാർത്താ ബോർഡുകൾ സ്ഥാപിച്ചു. ജപ്പാൻ ജ്വരത്തിനെതിരായ പ്രതിരോധ മരുന്ന് സൌജന്യമായി വിതരണം

ചെയ്തു. പോളിയോ ഇമ്മ്യൂണിസേഷൻ ഹെൽത്ത് സെന്ററിന്റെ സഹായത്തോടെ നടത്തി. പേപ്പട്ടി വിഷബാധയ്ക്കെതിരെ നായ്ക്കൾക്കു കുത്തിവെപ്പു ക്യാമ്പുകൾ സംഘടി പ്പിക്കുകയും ലൈസൻസ് ഇല്ലാത്ത അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കുകയും ചെയ്തു.

പഞ്ചായത്തിലെ രണ്ടു മഹിളാ സമാജം കെട്ടിടങ്ങളുടെ അറ്റകുറ്റപണികൾ 25000 രൂപ ചെലവഴിച്ച് ചെയ്തു. ആരംഭിച്ച പണികൾ എല്ലാം തന്നെ മുടക്കം കൂടാതെ പൂർത്തിയാക്കുന്നതിൽ ഈ പഞ്ചായത്തു കമ്മറ്റിക്കു കഴിഞ്ഞിട്ടുണ്ട്. തക്കതായ സ്ഥലം കണ്ടെത്തി പഞ്ചായത്തിൽ ഒരു പൊതു ചന്ത ആരംഭിക്കുകയും ഒരു സ്റ്റേഡിയം നിർമ്മിക്കുകയും ആണ് കമ്മറ്റിയുടെ അടുത്ത പ്രധാന ലക്ഷ്യം.

അത്യാഹിതങ്ങൾ ഉണ്ടാകുമ്പോഴോ മറ്റു ജീവകാരുണ്യ പ്രവർത്തനങ്ങൾക്കോ പഞ്ചായത്തു ഫണ്ടു ഉപയോഗിക്കുന്നതിനു നിലവിലുള്ള നിയമങ്ങളുടെ അവ്യക്തത കാരണം ബുദ്ധിമുട്ടുണ്ട്. ആയതിനാൽ ഒരു പ്രത്യേക സഹായ നിധി ആരംഭിക്കുന്നതിനു പഞ്ചായത്തു കമ്മറ്റി തീരുമാനിച്ചിട്ടുണ്ട്. പഞ്ചായത്തിലെ സാധുക്കളായ ആളുകളെ ചെറുതായെങ്കിലും സഹായിക്കാൻ ഉദ്ദേശിച്ച് പുതുവത്സരത്തിൽ ഉൽഘാടനം നടത്തുവാൻ ഉദ്ദേശിക്കുന്ന ഈ സംരംഭത്തിന് എല്ലാവരുടെയും സഹായ സഹകരണം ലഭിക്കുമെന്നു പ്രതീക്ഷിക്കുന്നു.

നികുതി പിരിച്ചും ഗ്രാൻറായും ലഭിക്കുന്ന വരുമാനം ദുർവിനിയോഗം ചെയ്യാതെ നമ്മുടെ ഗ്രാമത്തിലെ ജനങ്ങൾക്കു പ്രയോജനപ്പെടുംവിധം സൂക്ഷ്മമായും വിശ്വസ്ഥമായും വിനിയോഗിക്കുവാനുള്ള മേൽനോട്ടത്തിനു പഞ്ചായത്തു കമ്മറ്റിയെ ഏല്പിച്ചിരിക്കുന്ന ഉത്തരവാദിത്തം പൂർണ്ണമായി നിറവേറ്റുന്നതിന് ഞങ്ങളാൽ ആവുന്നതു ശ്രമിക്കുന്നു. ഈ ആസൂത്രണ പ്രക്രിയയിൽ നമുക്കോരോരുത്തർക്കും പങ്കാളികളാകാം. പഞ്ചായത്തിന്റെ സമഗ്ര വികസനത്തിന് നമുക്കൊരുമിച്ചു പ്രവർത്തിക്കാം.

സസ്നേഹം

ജോസഫ് തോമസ്
പ്രസിഡൻറ്

ചരൽകുന്നു ക്യാമ്പ് സെന്റർ



അരുവിക്കുഴി വെള്ളച്ചാട്ടം

ഗ്രാമ പഞ്ചായത്ത് കാര്യാലയം



വില്ലോജ് ആഫീസ്

1. M.T.L.P.S.,തോട്ടപ്പുഴശ്ശേരി
2. M.M.A.T.T.I ,മാരാമൺ
3. മൈനർ ഇറിഗേഷൻ ആഫീസ്
4. M.M.A.H.S ,മാരാമൺ
5. Little flower L.P.S. ,മാരാമൺ
6. ഗവ. ഹോമിയോഡിസ്പെൻസറി
7. പോസ്റ്റ് ആഫീസ്, മാരാമൺ
8. വില്ലേജ് ആഫീസ് , തോട്ടപ്പുഴശ്ശേരി
9. പഞ്ചായത്ത് ആഫീസ് ,തോട്ടപ്പുഴശ്ശേരി
10. പോസ്റ്റ് ആഫീസ് ചിറയിറമ്പ്
11. ഗവ. ആയുർവ്വേദ ഡിസ്പെൻസറി ചിറയിറമ്പ്
12. M.T.L.P.S.,ചിറയിറമ്പ്
13. M.T.L.P.S. ,കുറിയന്നൂർ വെസ്റ്റ്
14. പോസ്റ്റ് ആഫീസ് ,കുറിയന്നൂർ
15. M.T.L.P.S.,മുളയ്ക്കലോലിൽ
16. പ്രൈമറി ഹെൽത്ത് സെൻറർ
17. M.T.L.P.S.,പെരുമ്പാറ
18. M.T.H.S ,കുറിയന്നൂർ
19. Gvt. L.P.S.,കുറിയന്നൂർ
20. M.T.L.P.S. ,കുറിയന്നൂർ ഈസ്റ്റ്
21. കൃഷി ഭവൻ തോട്ടപ്പുഴശ്ശേരി
22. ചരൽകുന്ന്
23. A.M.M. മിഷ്യൻ ഹോസ്പിറ്റൽ, ചാലായിക്കര

N
W
E
S
ചെമ്പുക്കാവ്
പുത്തിരുത്തി
വല്ലക്കാലംപിള്ളിച്ചിറ
നോണിച്ചുവട്
ചിറയിരുത്തി
ചിറയിരുത്തി
ചിറയിരുത്തി


N
W
E
S